ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(5) 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* കൂടുതലായി ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കുന്നുണ്ട്. അതേസമയം ഇതിനകത്ത് എതിർക്കേണ്ട കാര്യങ്ങളൊന്നുമില്ല. അതു കൊണ്ട് സഹകരണത്തിന് ആത്മാർത്ഥമായ നന്ദി പറയുന്നു. ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്. അതും പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതുപോലെ ഞങ്ങൾ പരമാവധി സഹകരിക്കുന്നുണ്ട്. വാറ്റ് അമെന്റുമെന്റ് ബിൽ സംബന്ധിച്ച് ഞങ്ങൾക്കുള്ള വളരെ ഗൗരവമായിട്ടുള്ള ചില അഭിപ്രായ വ്യത്യാസങ്ങൾ ഒരു 20 മിനിട്ടെങ്കിലും സമയമെടുത്ത് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അനാവശ്യ സമയം എടുക്കില്ല. ഈ വാറ്റ് ബിൽ സംബന്ധിച്ച് ഞങ്ങളുടെ ചില നിലപാടുകൾ ഈ സഭയിൽ വ്യക്തമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. ഒന്നാമതായിട്ട്, ഈ ബില്ലിന്റെ ചരിത്രം പരിശോധിച്ചാൽ ഇതൊരു വർക്കത്തില്ലാത്ത ഒരു ഏർപ്പാടാണ്. ഇത് ചർച്ചയില്ലാതെ ബഹളം വച്ച് പാസ്സായി പോയ ഒന്നാണ്. ഓരോ ഫിനാൻസ് ബിൽ വരുമ്പോഴും അതിന് ഭേദഗതി വരുന്നുണ്ട്. ഈ ഭേദഗതികളുടെ ചരിത്രം പരിശോധിച്ച് കഴിഞ്ഞാൽ നിയമസഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു മാറ്റം പ്രഖ്യാപിക്കുകയും അതിന് മുൻകൂർ പ്രാബല്യം പിന്നീട് നിയമത്തിലൂടെ നൽകുകയും ചെയ്യുന്നത് മനസ്സിലാക്കാം. എന്നാൽ ഇന്നിപ്പോൾ നടക്കുന്നത്, ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നിയമസഭയ്ക്ക് പുറത്ത് നടക്കുകയും ഓരോരുത്തരുമായി ഓരോ ധാരണയിലെത്തുകയും ആ ധാരണയുടെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തോടുകൂടി ഈ നിയമം പാസ്സാകുകയും ചെയ്യുന്നത് ശരിയായ നടപടിക്രമമായിട്ട് ഞാൻ കരുതുന്നില്ല. പക്ഷേ ഈ നിയമത്തിന്റെ സ്വഭാവം വച്ച് പുതിയ നിയമമാണ്, ചില അവ്യക്തതകളുണ്ട്, ചർച്ച ചെയ്യുമ്പോൾ മാത്രമേ മനസ്സിലാവുകയുള്ളൂ എന്നൊക്കെ പറയാൻ കഴിയുമെങ്കിലും ഇത്തരത്തിലുള്ള ഒരു രീതി ശരിയല്ല. അങ്ങനെ അത്യാവശ്യമുണ്ടെങ്കിൽ നിങ്ങൾ ഓർഡിനൻസ് ഇറക്കണം. അതിന്റെ പുറകിൽ നിന്നുകൊണ്ട് നമ്മൾ സ്റ്റേറ്റ് ഹോൾഡേഴ്സുമായി ചർച്ച ചെയ്ത് ധാരണയിലെത്തി. അതിന് മുൻകാല പ്രാബല്യം നൽകുന്ന രീതി ശരിയല്ലെന്ന് ആമുഖമായിട്ട് പറയട്ടെ. രണ്ടാമതായിട്ട് ഈ നിയമം സംബന്ധിച്ചുള്ള ഞങ്ങളുടെ ചില റിസർവേഷൻസ് ഈ ബില്ലിന്റെ അവതരണവേളയിൽ ഞങ്ങൾ പറഞ്ഞിരുന്നു. അതുവരെയുള്ള അനുഭവം വച്ചുനോക്കുമ്പോൾ ആശങ്കകൾ കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അപ്പോൾ ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ഈ വാറ്റ് നിയമം കൊണ്ട് ഉണ്ടാകുമെന്ന് പറയപ്പെടുന്ന മെച്ചങ്ങൾ ഇന്ന് തത്വത്തിലുള്ളത് യഥാർത്ഥത്തിലുണ്ടാകുന്നില്ല എന്നുള്ളതാണ് തെളിയിച്ചു കൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന്, വാറ്റ് നടപ്പിലാക്കി കഴിഞ്ഞാൽ നികുതി വെട്ടിപ്പ് തടയാൻ പറ്റും, പുറകേപോയി പിടിക്കാൻ പറ്റും. എവിടെയെങ്കിലും പിടി വീണാൽ പുറകോട്ടോ മുൻപോട്ടോ പോയി ബാക്കിയുള്ളത് trail ചെയ്ത് നോക്കാൻ പറ്റും എന്നൊക്കെയാണ് പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രവണത കൂടുതൽ കോമ്പൗണ്ടിംഗ് രീതി അനുവർത്തിക്കലാണ്. Trail ചെയ്ത് നികുതി വെട്ടിപ്പ് കണ്ടുപിടിക്കാം തുടങ്ങിയ കാര്യങ്ങളൊന്നും അത്ര ഫലവത്തല്ല എന്നുള്ളതാണ് കണ്ടുവരുന്നത്. രണ്ടാമത് നമ്മൾ പറഞ്ഞുകൊണ്ടിരുന്നത് cascading effect ഉണ്ടാകില്ല. നികുതിയുടെമേൽ നികുതി വരുന്ന പ്രശ്നമില്ല. അതുകൊണ്ട് വിലക്കയറ്റമുണ്ടാകില്ല തുടങ്ങിയ കാര്യങ്ങളാണ്. ഇതുവരെയുള്ള അനുഭവം നേരെ വിപരീതമാണെന്ന് വളരെ വ്യക്തമാണ്. ഏറ്റവും കൂടുതൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ഹിന്ദുസ്ഥാൻ ലിവറാണല്ലോ, സെയിൽസ് ടാക്സ് പ്രകാരം 23 ശതമാനമായിരുന്നു അവരുടെ മേലുള്ള നികുതി. അത് ഇപ്പോൾ 12.5 ശതമാനമാക്കി. അവർ കൃത്യമായിട്ട് റീട്ടെയിൽ പ്രൈസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കുന്നവരാണല്ലോ? എവിടെയെങ്കിലും വില കുറഞ്ഞോ? ഒറ്റ കാര്യം നോക്കിയാൽ മതി. കഴിഞ്ഞ ദിവസം ഈ ബില്ലിന്റെ അവതരണവേളയിൽ ജേക്കബും മറ്റും മരുന്നുകളെക്കുറിച്ച് പറഞ്ഞു. മരുന്നുകളുടെ മേലുള്ള നികുതി 9 ശതമാനമായിരുന്നത് 4 ശതമാനമായി കുറച്ചു. എവിടെയെങ്കിലും മരുന്നിന് വില കുറഞ്ഞിട്ടുണ്ടോ? ഇതുപോലെ എത്ര വേണമെങ്കിലും പറയാൻ കഴിയും. സിമന്റിന്റെ കാര്യം, സിമന്റിന്റെയും നികുതി കുറച്ചു, വില കുറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ നടക്കുന്നത്, ഇൻപുട്ട് ക്രെഡിറ്റ് കിട്ടുന്നത് കൺസ്യൂമർക്ക് ട്രാൻസ്ഫർ ചെയ്ത് കൊടുക്കുന്നതിന് തയ്യാറല്ല എന്നുള്ളതാണ്. എന്നുമാത്രമല്ല, ഓരോ ഘട്ടത്തിലും മുൻപ് ചുമത്തിയ നികുതി അടക്കമുള്ള വിലയുടെ മേലെ നികുതി ചുമത്തി വില വർദ്ധിക്കുന്ന ഒരു അനുഭവമാണ്, മൊത്തത്തിൽ ഇതുവരെയുള്ളത് വച്ചുനോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ, സഹകരണമേഖലകൾ ഇവയ്ക്കൊക്കെ വിനയായിട്ട് കാണുന്നു എന്നാണ് അനുഭവം. നമ്മുടെ അനുഭവങ്ങൾ പരിശോധിച്ചിട്ട് അഖിലേന്ത്യാ അടിസ്ഥാനത്തിൽ തന്നെ നിയമത്തിൽ ഉചിതമായ മാറ്റത്തിനുവേണ്ടിയുള്ള ഒരു സമീപനം നമ്മൾ കൈക്കൊള്ളേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ട് ഞാൻ കരുതുന്നത്, വാറ്റ് ഒരു ഫ്ളോർ റേറ്റാണെന്ന് മനസ്സിലാക്കാം. എന്നാൽ യൂണിഫോം റേറ്റ് എന്നുപറയുന്നത് ഇൻഡ്യാരാജ്യത്ത് മാത്രമുള്ളതാണ്. Empowered Committee-യുടെ സൃഷ്ടിയാണ്. ഇന്ന് Empowered Committee-യുടെ Technical Committee-ൽ അംഗമായിട്ടുള്ള അമ്രീഷ് ഭജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് സപ്പോർട്ടിലെ ഗോവിന്ദ റാവു തുടങ്ങിയവരെല്ലാം ഈ യൂണിഫോം റേറ്റ് unnecessary ആണ്, undesirable ആണ് എന്നുള്ള നിലപാടുകാരാണ്. യൂറോപ്യൻ യൂണിയൻ എടുത്തുകഴിഞ്ഞാൽ ഫ്ളോർ റേറ്റ് 15 ആണ്. പക്ഷേ ഡെൻമാർക്കിൽ 25 ആണ്. സ്വീഡനിൽ 21, ആസ്ട്രിയ 20, ഫ്രാൻസ് 19, ഗ്രീസ് 18 എന്നിങ്ങനെയാണ്. യൂറോപ്യൻ യൂണിയനിൽപോലും ഫ്ളോർ റേറ്റേയുള്ളൂ. യൂണിഫോം റേറ്റില്ല. നമ്മുടെ ഇൻഡ്യാ രാജ്യത്തിലെ പല സംസ്ഥാനങ്ങളും ഇതിലും ചെറുതാണ്. എന്തുകൊണ്ടാണ് ഇത് unnecessary ആണെന്ന് പറയുന്നത്, tax competition ഇല്ലാതാക്കണമെന്നതല്ലേ ലക്ഷ്യം. ഫ്ളോർ റേറ്റിൽ ഇൻകംടാക്സ് കോംപറ്റീഷൻ ഇല്ല. Undesirable ആണെന്ന് പറയുന്നത് എന്തുകൊണ്ടാണ്? എന്തിന് എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ ടാക്സ് ജി.ഡി.പി റേഷ്യോ? കേരളം പോലുള്ള ഒരു സംസ്ഥാനം ലക്ഷ്വറി ഗുഡ്സിനുമേൽ കൂടുതൽ സെയിൽസ് ടാക്സ് ചുമത്തി കൂടുതൽ ഉയർന്ന ടാക്സ് ജി.ഡി.പി. റേഷ്യോ ഉണ്ടെങ്കിൽ കേരളത്തിന് ആ സ്വാതന്ത്ര്യം വേണം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, എംപവേർഡ് കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്ന അസീംദാസ് ഗുപ്തയ്ക്ക് ഈ കാര്യങ്ങൾ ഒന്നും അറിയില്ല എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

6.00 PM]

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, അതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഞാൻ ഈ അഭിപ്രായം ഈ സഭയിൽ പറയുന്നത്. എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ബംഗാൾ ഫിനാൻസ് മിനിസ്റ്ററാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ കാഴ്ചപ്പാടുണ്ട്. അദ്ദേഹം അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ വച്ചു. എല്ലാ മന്ത്രിമാരുംകൂടി അംഗീകരിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചിട്ടുള്ളത് അനുഭവങ്ങൾ പരിശോധിച്ച് ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയിൽ ഉചിതമായ നിലപാട് എടുക്കണമെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ്.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 1999 -ൽ തന്നെ ആദ്യം അന്നത്തെ മുഖ്യമന്ത്രി ശ്രീ. ജ്യോതി ബാസു ചെയർമാനായ കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി റെക്കമെന്റ് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലെ മുഴുവൻ ധനകാര്യമന്ത്രിമാരെയും വിളിച്ച് ഡൽഹിയിൽ കോൺഫറൻസ് നടത്തി. ആ കോൺഫറൻസ് അംഗീകരിച്ചു. അന്ന് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശിവദാസമേനോനാണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ. അതോ ഓരോരുത്തരുടെ ഇഷ്ടത്തിനാണോ, പാർട്ടിക്ക് ലൈനില്ലേ, ഗവൺമെന്റിന് ലൈനില്ലേ, എൽ.ഡി.എഫ്.-ന് ലൈനില്ലേ, അത് അസീംദാസ് ഗുപ്തയുടേത് ഇത് ശിവദാസമേനോന്റേത് മറ്റേത് ജ്യോതിബാസുവിന്റേത് അങ്ങനെയാണോ ലൈൻ.

ഡോ. തോമസ് ഐസക് : സർ, വാറ്റ് ഒരു ഏകീകൃതമായിട്ടുള്ള നിയമ സംഹിതയല്ല. അതിന് പല രൂപങ്ങളുണ്ടാകാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ യൂറോപ്യൻ യൂണിയനിൽ വാറ്റാണ്. പക്ഷേ ഫ്ളോർ റേറ്റേയുള്ളൂ. അപ്പോൾ ഇന്ത്യയിലെ അനുഭവങ്ങൾ വച്ച് നമ്മുടെ ഫെഡറൽ താൽപ്പര്യങ്ങൾ പരിശോധിച്ചുകൊണ്ട് ചില മാറ്റങ്ങൾ ഇപ്പോൾ തന്നെ എംപവേർഡ് കമ്മിറ്റി കഴിഞ്ഞ 4 മീറ്റിംഗ് നടത്തിയപ്പോൾ ഓരോ മീറ്റിംഗിലും മാറ്റിയിട്ടില്ലേ. എന്തെല്ലാം മാറിയിരിക്കുന്നു. ഓരോ സംസ്ഥാനവും ഈ എംപവേർഡ് കമ്മിറ്റിയോട് ചോദിക്കാതെ അവരുടെ താൽപ്പര്യപ്രകാരം ലിസ്റ്റിൽ മാറ്റം വരുത്തിയിട്ട് നിങ്ങൾ റെഗുലറൈസ് ചെയ്യുകയല്ലേ ചെയ്തിട്ടുള്ളത്. അപ്പോൾ ഇങ്ങനെയൊക്കെ പലതും നടന്നിട്ടുണ്ട്. അപ്പോൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് ഇതിൽ എന്ത് മാറ്റങ്ങൾ വേണം. നിയമം നടപ്പിലാക്കുന്നതോടൊപ്പം തന്നെ ഗൗരവമായിട്ടുള്ള ചർച്ചകൾ വേണമെന്നു ഞാൻ പറയുകയാണ്. അപ്പോൾ ഇതിൽ ഞാൻ ഈ നിയമത്തെ പരിശോധിക്കാം. ഇത് അനിവാര്യമായിട്ട് ഇന്ത്യയിൽ ആകെ നടപ്പിലാക്കുന്ന വേളയിൽതന്നെ നമ്മുടെ ഓട്ടോണമി എങ്ങനെ പരമാവധി നിലനിർത്താം. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങളുടെയും മറ്റും താല്പര്യം സംരക്ഷിക്കുന്നതിനു നിയമത്തിൽ സാധ്യമായിട്ടുള്ള എന്ത് നടപടികൾ സ്വീകരിക്കാൻ പറ്റും എന്നുള്ളതാണ്. അപ്പോൾ അതിൽ പരിമിതിയുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഒരു പ്രധാനപ്പെട്ട സാധ്യതയുള്ളത് ഷെഡ്യൂൾ ഒന്നിൽ പെടുത്തി കഴിഞ്ഞാൽ നികുതി കൊടുക്കേണ്ട. 46 ഇനങ്ങൾ അവർ നിശ്ചയിച്ചിട്ടുണ്ടെന്നും 10 എണ്ണം നമുക്ക് തെരഞ്ഞെടുക്കാമെന്നുമാണ്. ഇതാണ് ഇപ്പോഴുള്ളതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിൽ എനിക്ക് ഈ ഭേദഗതിയോടുള്ള ഏറ്റവും വലിയ ആക്ഷേപം എന്താണെന്നു വച്ചാൽ നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ വികസന കാഴ്ചപ്പാട് 10 + ആണെന്നു പറഞ്ഞല്ലോ. വളരെ നല്ലത്. 10 + 3 ആണ്. 2 അല്ല. സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇപ്പോഴല്ല നേരത്തെ തന്നെ തുടങ്ങിയിട്ടുള്ളത്, നമ്മുടെ സംസ്ഥാനത്ത് പാവപ്പെട്ടവരുടെ സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അവരുടെ ചെറുകിട തൊഴിൽസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കണം. ക്രെഡിറ്റിൽ നിന്നു തുടങ്ങി ക്രെഡിറ്റിൽ നിന്നു മൈക്രോ എന്റർപ്രൈസസിലേക്ക് എന്തൊരു കാഴ്ചപ്പാട്. സംസ്ഥാന സർക്കാരിന്റെ നയമാണ്. ഈ സംസ്ഥാനത്തെ എല്ലാ പാർട്ടികളുടെയും ഒരു അഭിപ്രായസമന്വയമുള്ള കാര്യത്തിനുവേണ്ടിയിട്ടാണ് കുടുംബശ്രീ സംവിധാനം നമ്മൾ ഉണ്ടാക്കിയിരിക്കുന്നത്. ഇങ്ങനെ വരുന്ന മൈക്രോ എന്റർപ്രൈസസ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്? അവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണിയുടേതാണ്. എന്താണ് അത്. വികേന്ദ്രീകൃതമായ ചെറുകിട ഉൽപ്പാദനത്തിനു അതിന്റേതായ മെച്ചങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മെച്ചം കൂലി ചെലവുകൾക്ക് ചെലവ് കുറവായിരിക്കും എന്നുള്ളതാണ്. എന്നാൽ കമ്പോളത്തിൽ മൽസരിക്കേണ്ടിവരുന്നത് പ്രത്യേകിച്ചും ഉപഭോക്തൃ ഉല്പന്നങ്ങൾ ആകുമ്പോൾ വളരെ കേന്ദ്രീകൃതമായിട്ടുള്ള വിപണനമേഖലയുള്ള കമ്പനികളുമായിട്ടാണ്, ഹിന്ദുസ്ഥാൻ ലിവറുമായിട്ടാണ് നമ്മുടെ കുടുംബശ്രീ ഉണ്ടാക്കുന്ന സോപ്പുപോലും മൽസരിക്കേണ്ടിവരുന്നത്. ഇതുപോലെ അച്ചാറായി കഴിഞ്ഞാൽ, ഈ രീതിയിൽ കുത്തക കമ്പനികളുമായിട്ട്, നമ്മുടെ സംസ്ഥാനത്തെ നമ്മുടെ ഗ്രാമങ്ങളിലെ മാർക്കറ്റിൽ പോലും മൽസരിക്കേണ്ടി വരുന്ന സ്ഥിതിവിശേഷമുണ്ട്. ഇതിൽ കുടുംബശ്രീ യൂണിറ്റിൽ ഉണ്ടാക്കുന്ന ഉല്പന്നം അവരുടെ തൊട്ടടുത്തുള്ള വീടുകളിൽ വിൽക്കുന്നതിനു പ്രയാസമില്ല. ചെന്നുകഴിഞ്ഞാൽ അടുത്ത വീട്ടുകാർ ഉണ്ടാക്കുന്നതാണല്ലോ എങ്ങനെയാണ് ഉണ്ടാക്കുന്നത് എന്നറിയാം. വിശ്വാസമുണ്ട്. മേടിക്കും. എന്നാൽ പുറത്ത് ഒരു മാർക്കറ്റിൽ കടയിൽ കൊണ്ടുവന്നുവയ്ക്കണമെങ്കിലോ കുറച്ച് ദൂരെയുള്ള പട്ടണത്തിൽ കൊണ്ടുവന്നു വയ്ക്കണമെങ്കിലോ അതിന് ബ്രാൻഡ് വേണ്ടിവരും. ബ്രാൻഡ് ഉണ്ടാക്കി ആ ബ്രാൻഡിന്റെ അടിസ്ഥാനത്തിലുള്ള ഉല്പന്നം എടുത്താൽ ഇന്ന ക്വാളിറ്റി കിട്ടും എന്നു ഉപഭോക്താവിനു അറിയാം എന്നുള്ളതുകൊണ്ടാണ്, ബ്രാൻഡ് loyalty വരുന്നത്. അത് തന്നെ വാങ്ങാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ മൈക്രോ എന്റർപ്രൈസസുകൾ വിജയിക്കണമെന്നുണ്ടെങ്കിൽ അതിന്റെ ബേസിക് കണ്ടീഷൻസ് ഡീസെൻട്രലൈസ്ഡ് പ്രൊഡക്ഷൻ സെൻട്രലൈസ്ഡ് മാർക്കറ്റിംഗ് സൗകര്യം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലേ കോംപീറ്റ് ചെയ്യാൻ പറ്റുകയുള്ളൂ. ഇതാണ് ഈ എന്റർപ്രൈസസ് സസ്റ്റെയിൻ ചെയ്യാനുള്ള മാർഗ്ഗം. നമ്മൾ ഇത് ചെയ്യുന്നില്ലല്ലോ, എന്റർപ്രൈസസുകൾ മുഴുവൻ പാവപ്പെട്ടവരെ കടക്കെണിയിലേക്ക് നയിക്കുകയേയുള്ളൂ. അച്ചാറിന് യൂണിറ്റ് ഉണ്ടാക്കി അതിന് 50,000 രൂപ കടം വാങ്ങി 25,000 രൂപ സർക്കാരിൽനിന്നു സബ്സിഡി കിട്ടി 75,000 രൂപ കൊണ്ട് അച്ചാർ കുറച്ച് ഉണ്ടാക്കി അത് നാനാവിധമായി അത് വിൽക്കാനും പറ്റാതെ ഉള്ള പണവുമായി തിരിച്ചടയ്ക്കണം. സ്ത്രീകളാണെങ്കിൽ, അത് എങ്ങനെയെങ്കിലും പത്തും പതിനഞ്ചും വർഷം കൊണ്ട് തിരിച്ച് അടയ്ക്കും. ഇത്തരത്തിൽ കടബാധ്യതയിലേക്ക് സ്ത്രീകളെ തള്ളി വിടുന്നുവെന്നുള്ളതാണ് മൈക്രോ ക്രെഡിറ്റിൽ നിന്ന് മൈക്രോ എന്റർപ്രൈസസിലേക്ക് ബംഗ്ലാദേശ് മാറിയപ്പോഴുള്ള അനുഭവം. ഗ്രാമീണ ബാങ്കിൽ നിന്നൊക്കെയാണല്ലോ ഇത് പലതും ഉരുത്തിരിഞ്ഞുവന്നത്. അവിടെ നിന്നു സസ്റ്റെയിനബിളായിട്ടുള്ള പ്രൊഡക്ഷൻ സിസ്റ്റത്തിലേക്ക് മാറാൻ ശ്രമിച്ചപ്പോൾ അവർ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ പ്രശ്നം ഇതാണ്. ഇതിന് പ്രതിവിധിയായിട്ട് കേരളത്തിൽ സർക്കാരടക്കം വിവിധ ഏജൻസികൾ പല പഞ്ചായത്തുകളും എന്നാൽ നമുക്ക് ബ്രാൻഡഡായിട്ട് (സ്റ്റാന്റെഡൈസ്ഡ് ക്വാളിറ്റി) ഉണ്ടാക്കി അത് പ്രചാരം നൽകി കമ്പോളത്തിൽ വിൽക്കുന്നതിനു ശ്രമിക്കാം. അങ്ങനെ ശ്രമിക്കുമ്പോൾ ഇപ്പോൾ തന്നെ പാസാക്കുന്ന ബിൽ കടന്നു വന്നിട്ട് പറയുകയാണ് നിങ്ങൾ അങ്ങനെ ബ്രാൻഡ് ചെയ്താൽ നിങ്ങൾ വേറെ ശൃംഖലയിൽക്കൂടി വിൽക്കാൻ ശ്രമിച്ചാൽ നിങ്ങളുടെ അടുത്തുള്ള വീടുകളിൽ വിൽക്കുന്നതിനുപകരം എറണാകുളത്തെ വർക്കീസിലോ അവിടുത്തെ ചെയ്സ്ഡ് ഹോട്ടലിലോ കൊണ്ടുപോയി വിൽക്കാൻ പോയാൽ പന്ത്രണ്ടര ശതമാനം നികുതി കൊടുക്കണമെന്നാണ്. അതാണ് ചെയ്തിരിക്കുന്നത്. എന്താണ് ഇവിടെ കുടുംബശ്രീയുടെ ലിസ്റ്റിൽ Item No. 55 - Products of Kudumbasree Units at the point of sale by such units. ആ യൂണിറ്റുകൾ ആദ്യ വില്പനയുടെ സ്ഥലത്ത്, അതുതന്നെ 25 ലക്ഷത്തിൽ താഴെയാണ് ഉല്പാദനം നടക്കുന്ന യൂണിറ്റ്. അതുപോകട്ടെ, അടുത്ത വീട്ടിൽ നേരിട്ട് വിൽക്കുകയാണെങ്കിൽ പന്ത്രണ്ടര ശതമാനം കൊടുക്കേണ്ട. എന്നാൽ ബ്രാൻഡ് ചെയ്ത ഒരു കടയിൽവെച്ച് വിൽക്കുകയാണെങ്കിലോ പന്ത്രണ്ടര ശതമാനം കൊടുക്കണം. എന്ത് സഹായം ഇതിലുണ്ട്. ഇതാണ് എന്റെ ചോദ്യം. ഇത് മനുഷ്യരെ പറ്റിക്കാനുള്ള ഏർപ്പാടല്ലേ നിങ്ങൾ ചെയ്യുന്നത്. ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകളോട് പറയുന്നത് നിങ്ങൾ ഇട്ടാവട്ടത്തിൽ കിടന്ന് കളിച്ചാൽ മതി നിങ്ങൾ ഹിന്ദുസ്ഥാൻ ലിവറുമായിട്ടോ ഇവിടത്തെ സംഘടിത വിപണിയുമായിട്ടോ മത്സരിക്കാൻ പോകേണ്ട എന്നാണ്. മത്സരിക്കാൻ പോയാൽ പന്ത്രണ്ടര ശതമാനം നികുതി, ഇട്ടാവട്ടത്തിൽ കിടക്കുകയാണെങ്കിൽ നിങ്ങളെ ഞാൻ ശല്യപ്പെടുത്തുന്നില്ല. കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ഈ പുതിയ വികസന നയത്തിന്റെ കടയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കത്തിവയ്ക്കുന്ന നിലപാടാണ് നിങ്ങളുടേത്. ഇതാണ് പ്രധാനപ്പെട്ട പ്രശ്നം. ഖാദിക്കും ഇത് ബാധകമാണ്. ഖാദിക്കും ഇതുതന്നെയാണ് വരുന്നത്. പക്ഷേ ഖാദി കമ്മീഷൻ നോട്ടിഫൈ ചെയ്യുന്ന പ്രോഡക്ടുകൾ, അതുപോലെ കുടുംബശ്രീ ഉൽപ്പന്നങ്ങൾ, കുടുംബശ്രീയുടെ ബ്രാൻഡുകൾ as notified by Kudumbasree mission. നിങ്ങൾ ഖാദിക്ക് ചെയ്തതുപോലെ പ്രോഡക്ടുകൾ ലിസ്റ്റ് ചെയ്തോ? അത് എവിടെ വച്ച് വിറ്റാലും എന്താണ് പ്രയാസം? ധനകാര്യവകുപ്പുമന്ത്രിക്ക് ആകെ പറയാനുള്ളത് ഒരു കടയിൽ ഹിന്ദുസ്ഥാൻ ലിവറിന്റെ സോപ്പ് ഇരിക്കുന്നു, കുടുംബശ്രീയുടെ സോപ്പ് ഇരിക്കുന്നു. ഹിന്ദുസ്ഥാൻ ലിവറിന് പന്ത്രണ്ടര ശതമാനം നികുതി. കുടുംബശ്രീക്ക് നികുതിയില്ല എന്നുപറയുന്നത് ഒരു പ്രയാസമല്ലേ? വാറ്റ് ഇന്നലെ വന്നുള്ളൂ. സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ ഇന്നുവരെ ഇൻഡ്യയിൽ നമ്മൾ ചെറുകിട വ്യവസായങ്ങൾക്കും ഖാദി വ്യവസായങ്ങൾക്കും നികുതി ഇളവ് നൽകുന്ന രാജ്യമല്ലേ ഇത്. പെട്ടെന്ന് ഇങ്ങനെ കമ്പോളത്തിൽ തൊടാൻ പാടില്ല, നികുതിയിൽ ന്യൂട്രലായിരിക്കണം എന്നാണ് പറയുന്നത്. ഹിന്ദുസ്ഥാൻ ലിവറിനേയും ഇപ്പോഴത്തെ കുടുംബശ്രീ യൂണിറ്റുകളേയും ഒരുപോലെ കാണുന്ന ഇത്തരത്തിലുള്ള ചിന്തകളൊക്കെ എങ്ങനെയാണ് വരുന്നത്? വാറ്റിന്റെ തത്വം ഇതാണ് എന്ന് ഞാൻ സമ്മതിച്ചു. Tax should be neutral. ക്യാപ്പിറ്റലും ലേബറും തമ്മിലും കൺസ്യൂമർ ചോയിസ് തമ്മിലും ഒന്നും തൊടാൻ പാടില്ല. സർക്കാരിന് ഇതിലൊന്നും ഇടപെടേണ്ട ആവശ്യമില്ല, എന്നുപറയുന്ന നികുതിയാണ് വാറ്റ്. അതുതന്നെയാണ് നമ്മുടെ എതിർപ്പ്. ഒരു വികസിത രാജ്യത്തിൽ അത് പറയാം. അവികസിത രാജ്യത്തിലെ സർക്കാർ ന്യൂട്രൽ അല്ല. ന്യൂട്രലാണെങ്കിൽ ഈ വികസന നയങ്ങൾ വേണമോ? പ്രസിഡന്റ് വരുന്നു, അദ്ദേഹം പറയുന്നു പത്ത് നിർദ്ദേശങ്ങൾ, ഞങ്ങളുടെ മുൻഗണനകൾ സർക്കാർ പറയുന്നു അവിടെ ഇടപെടാൻ പോകുന്നു, സഹായിക്കാൻ പോകുന്നു. വാറ്റ് നികുതിയും മറ്റ് സാമ്പത്തിക നയങ്ങളും ഉപയോഗിച്ച് സമ്പദ്ഘടനയിലാകട്ടെ അത് സ്വാധീനിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി പറയുന്ന നിലപാട് ഹിന്ദുസ്ഥാൻ ലിവറും കുടുംബശ്രീയും തമ്മിലുള്ള ഒരു തർക്കമുണ്ടെങ്കിൽ അദ്ദേഹം ന്യൂട്രലാണ്. കുടുംബശ്രീ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ അടുത്തുള്ള വീടുകളിൽ വിറ്റാൽ മതിയെന്നാണ്. എന്ത് ന്യായമാണ്? അപ്പോൾ ഇതൊന്നും ഒരു അർത്ഥമില്ലാത്ത ഏർപ്പാടാണ്. ഒരു ന്യായവുമില്ല. നമ്മുടെ സെയിൽസ് ടാക്സിൽ വരുന്ന മാറ്റം കോമ്പൗണ്ട് ചെയ്യുന്നതിനുവേണ്ടി ബാർ ഹോട്ടൽ അനുവദിച്ചു. അദ്ദേഹം പറയുന്നത് നൂറ്റിനാൽപ്പതേ ഉള്ളൂ എന്നാണ്. ഞാൻ പറയുന്നു 200 ഉണ്ടെന്ന്. ഏതായാലും നമുക്ക് നോക്കാമല്ലോ നമുക്ക് ഒരു പ്രയാസവും ഇല്ലല്ലോ. 200, 140 ആക്കി കോമ്പൗണ്ട് ചെയ്യുന്നതിന് ഇളവ് കൊടുക്കുന്നതിൽ അവർക്ക് അൽപ്പം പ്രയാസം ഉണ്ടാക്കുന്നു. എക്സൈസുകാരും സെയിൽസ് ടാക്സുകാരും ബാർ ഹോട്ടലിൽ വന്നിടപെട്ട് പ്രശ്നമൊക്കെയുണ്ടാക്കുക. ഈ പൊല്ലാപ്പൊന്നും വേണ്ട. ഇന്ന് ആ ഇളവ് നൽകുന്നതിൽ നമുക്ക് ഒരു ബുദ്ധിമുട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലല്ലോ? ഇവിടെ വരുമ്പോൾ എന്താണ് ആ മനോഭാവം ഇല്ലാത്തത്? ഞാൻ ദീർഘിപ്പിക്കുന്നില്ല. നിങ്ങൾ ഇത് ചെയ്യുകയില്ല. നമുക്ക് ജനങ്ങളുടെയടുത്ത് പോകാം. പഞ്ചായത്ത് ഇലക്ഷനൊക്കെ വരുന്നുണ്ടല്ലോ. ഇടതുപക്ഷ ജനാധിപത്യ മുന്നണി പറയുന്നത് ജനങ്ങൾ പറയാൻ പോവുകയല്ലേ. കുടുംബശ്രീ വ്യവസായ ഉൽപ്പന്നങ്ങൾക്ക് പൂർണ്ണമായും വാറ്റിൽ നിന്ന് എക്സംപ്ഷൻ നൽകുമോ? നിങ്ങൾ ഇട്ടാവട്ടത്തിൽ വിൽക്കുന്നതിന് മാത്രമേ നൽകൂ എന്നല്ലേ പറയുന്നത്? കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന സ്ത്രീകൾ, ലക്ഷക്കണക്കിനു വരുന്ന കുടുംബശ്രീ യൂണിറ്റുകൾ ഇവരുടെ മുമ്പിൽ പറയാം. ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ച ഇൻഡ്യാ രാജ്യത്ത് വാറ്റ് എന്ന നിയമം വന്നു. ആ നിയമത്തിന്റെ ദർശനം എന്നുപറയുന്നത് ടാക്സ് ന്യൂട്രലായിരിക്കണം. ഹിന്ദുസ്ഥാൻ ലിവറും കുടുംബശ്രീയും തമ്മിൽ പക്ഷംപിടിക്കാൻ പാടില്ല. പക്ഷംപിടിക്കാം നിങ്ങൾ കുടുംബശ്രീക്ക് ആ നികുതിയിൽ നിന്ന് കുറച്ച് പണം കൊടുത്താൽ മതി. അതാണ് ശരിയായ മാർഗ്ഗം എന്നെല്ലാം അങ്ങ് പ്രസംഗിച്ചോളൂ. സംസ്ഥാന സർക്കാരിന്റെ താല്പര്യം ചെറുകിട വ്യവസായ യൂണിറ്റുകളെ ഒരു വിപണന ശൃംഖലയിൽ കൊണ്ടുവന്ന് കേന്ദ്രീകൃതമായ വിപണന സമ്പ്രദായമുണ്ടാക്കി സ്ഥായിയായി മാറ്റുകയാണ്. അതിനുവേണ്ടി ഈ വാറ്റ് നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാൻ പറ്റുമോ അതൊക്കെ ചെയ്യും, നികുതി ഇളവ് ഞങ്ങൾ നൽകും എന്നുപറയുന്നു. അങ്ങനെ നിൽക്കട്ടെ. നിങ്ങൾ ഈ നിയമം പാസ്സാക്കി. ഇതാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ നയം സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞുകേട്ടില്ല. എന്തോ ചർച്ചയൊക്കെ നടത്തുമെന്ന് പറഞ്ഞു. എന്ത് ചർച്ച നടത്തി എന്നറിയില്ല. ഏതായാലും ചർച്ച നടത്തിയ ഭാഗമൊന്നും അങ്ങനെ പോകില്ല. വേണ്ട. അങ്ങനെയങ്ങ് ഇരുന്നോട്ടെ. പൊതുവേദിയിൽ ചർച്ച ചെയ്യാം. രണ്ടാമത്തേത്, ബയോ ഫെർട്ടിലൈസറാണ്. Item No. 34-ൽ ആണ് Organic manure വരുന്നത്. ഞാൻ വായിച്ചു. (1) Animal or vegetable fertiliser (a) Guano (b) Animal dung (c) Animal excreta. Animal dung-ഉം Animal excreta-യും തമ്മിലുള്ള വ്യത്യാസം എനിക്ക് മനസ്സിലായിട്ടില്ല. ചെറിയ വ്യത്യാസമുണ്ട്. 91-ഉം 92-ഉം. രണ്ടും അടുത്തടുത്ത് കിടക്കുന്ന എന്തോ ആണ്. (e) Flours, meals and pellets, of meat or meat offal, of fish or of crustaceans, molluscs or other aquatic invertebrates, unfit for human consumption ഇതെല്ലാം കഴിഞ്ഞാൽ (f) Wood Ash, green manure, compost – compost-ന് കൊടുക്കുന്നുണ്ടല്ലോ? പിന്നെ എന്താണ് വെർമി-കമ്പോസ്റ്റിന് കൊടുത്താൽ. സബ്ജക്ട് കമ്മിറ്റിയിൽ തർക്കം ഉണ്ടായത് എന്താണ്? വേണ്ട. നിങ്ങൾ പോബ്സൺ ഫാക്ടറിയിൽ ഉണ്ടാക്കുന്ന എയറോബിക് കെമിക്കൽ ടെക്നോളജി ഉപയോഗിച്ച് ഉണ്ടാക്കുന്നതിന് കൊടുക്കേണ്ട. വെർമി-കമ്പോസ്റ്റ് എന്നുപറഞ്ഞാൽ വലിയ ഫാക്ടറിയിൽ ചെയ്യാൻ പറ്റില്ല. അത് ചെറിയ വെട്ടിത്തടത്തിനുള്ളിൽ ഓരോ വീട്ടിലും ചെയ്യാൻ പറ്റുന്ന ഒരു ഏർപ്പാടാണ്. കമ്പോസ്റ്റിന്റെ വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

രൂപമാണ്. വെർമി ആവുന്നത് ഇതു മാത്രമാണ്. വെർമി-കമ്പോസ്റ്റിനെ ഉൾപ്പെടുത്താൻ വിസമ്മതിക്കുകയല്ലേ? കേരളത്തിൽ ഓർഗാനിക് കൾട്ടിവേഷനെ പ്രോൽസാഹിപ്പിക്കണമെന്ന് സർക്കാർ പ്രഖ്യാപിക്കുക, അതിനുവേണ്ടി പ്രത്യേകം സ്കീം കൊണ്ടുവരിക, രാഷ്ട്രപതി ഇവിടെ പ്രസംഗിക്കുക, അതിനുവേണ്ടി 10+3 പരിപാടി നടപ്പാക്കാൻ ശ്രമിക്കുക. പക്ഷേ ഇവിടെ ഓർഗാനിക് മന്യുവറിൽ കമ്പോസ്റ്റിനെ പെടുത്തിയാലും വെർമി-കമ്പോസ്റ്റിനെ പെടുത്തില്ല എന്ന് വാശി പിടിക്കുന്നത് എന്തിനുവേണ്ടിയാണെന്നാണ് മനസ്സിലാകാത്തത്. ബയോ ഫെർട്ടിലൈസർ ഉൾപ്പെടുത്താവുന്നതാണ്. എച്ച്.എസ്.എൻ. കോഡ് ഇവിടെ വരുന്നില്ലെന്ന് പറഞ്ഞു. എച്ച്.എസ്.എൻ. കോഡിന്റെ മേൽ വീഴരുതേ. എവിടെയാണ് പറഞ്ഞത് എച്ച്.എസ്.എൻ. കോഡ് വേണമെന്ന്. കർണ്ണാടക, മദ്ധ്യപ്രദേശ്, യു.പി., ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഡൽഹി, വെസ്റ്റ് ബംഗാൾ ഇവരാരും എച്ച്.എസ്.എൻ. കോഡ് ഉണ്ടാക്കിയിട്ടില്ല. എച്ച്.എസ്.എൻ. കോഡിന്റെ തമാശ എന്താണെന്ന് ആ ലിസ്റ്റെടുത്താൽ കാണാം. ഞാൻ ഒന്ന് വായിക്കാം. 'പഴം' ടാക്സിൽ നിന്ന് എക്സംപ്റ്റഡാണ്. ഉടനെ പഴങ്ങളുടെ പേര് എഴുതി തുടങ്ങി. Bananas, Dates, Figs, Pineapples, Avocados, Guavas, Mangoes, Oranges, Grape fruit, Lemon and limes Grapes, Watermelons ഇങ്ങനെ എല്ലാറ്റിനും കോഡ് നമ്പറുണ്ട്. അവസാനം Other fruits. എന്തിനാണ് ഈ കോഡ്? What do you gain by this? പഴവർഗ്ഗങ്ങൾ ഉൾപ്പെടുത്തുന്നില്ല എന്നുപറഞ്ഞാൽ പ്രശ്നം തീർന്നില്ലേ? നിങ്ങൾ 40 പഴങ്ങളുടെ പേരെഴുതുകയും അവസാനം അദർ ഫ്രൂട്ട്സ് എന്നുംപറഞ്ഞ് കോഡ് ഇല്ലാതെ ഒരു നമ്പരും കൂടി എഴുതി ചേർത്താൽ പിന്നെ എന്ത് അർത്ഥമാണുള്ളത്. മനുഷ്യൻ കണ്ടാൽ പേടിക്കുന്ന വിധത്തിൽ ഈ ഷെഡ്യൂളിനെ മാറ്റാം എന്നല്ലാതെ വേറെ എന്തെങ്കിലും ഉണ്ടോ? അതുപോലെ ഇൻഡസ്ട്രിയൽ ഇൻപുട്സിനെ സംബന്ധിച്ച് കെമിക്കൽ തുടങ്ങിയ കാര്യങ്ങൾ എച്ച്.എസ്.എൻ.. കോഡ് നാലാണോ പന്ത്രണ്ടരയാണോ എന്നുള്ള സംശയം ഉള്ളതുകൊണ്ട് വച്ചില്ല. പക്ഷേ fresh meat, dried fish ഇത് ഓരോ ഫിഷിന്റേയും പേരെഴുതി വയ്ക്കേണ്ട കാര്യമെന്താണ്? അപ്പോൾ എച്ച്.എസ്.എൻ. കോഡ് ഇതിൽ കാണുന്നില്ല. ബയോ ഫെർട്ടിലൈസറിന്റെ എച്ച്.എസ്.എൻ. കോഡ് മറ്റെന്തോ ആണെന്നൊക്കെ പറയുന്നത് മുട്ടാപ്പോക്കാണ്. കണക്കപ്പിള്ളയുടെ മനസ്സ് വച്ച് ധനശാസ്ത്രത്തെ നോക്കുന്നതിന്റെ ഫലമാണ് ഈ നാട്ടിലെ ജനങ്ങളുടെ ജീവിതം. ഈ സർക്കാരിന്റെ ന്യായങ്ങൾ ഇതെല്ലാം വച്ചുകൊണ്ടുള്ള പൊളിറ്റിക്കൽ ഇക്കോണമി രാഷ്ട്രീയ പ്രവർത്തകർക്ക് കണക്കാക്കി എഴുതാനുള്ള സൗകര്യങ്ങൾക്കുവേണ്ടി എച്ച്.എസ്.എൻ. കോഡ് ഇല്ലായെങ്കിൽ പെടുത്താൻ പറ്റില്ല എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഒരു ബ്യൂറോക്രേറ്റാണ് ധനമന്ത്രി എങ്കിൽ മനസ്സിലാക്കാം. കണക്കപ്പിള്ളയ്ക്ക് അത് ചിന്തിക്കാൻ പറ്റില്ല. അങ്ങ് എത്രയോ പരിണതപ്രജ്ഞനായ രാഷ്ട്രീയപ്രവർത്തകനാണ്. എന്നിട്ട് എന്താണ് ഈ ഇട്ടാവട്ടത്തിനപ്പുറം കാണാൻ പറ്റാത്തത്? ഇതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ബയോഫൈർട്ടിലൈസറിന്റെ കാര്യത്തിൽ ഇതും നമ്മുടെ വികസന നയവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ നികുതി സീറോ റേറ്റിലേക്ക് കൊണ്ടുവരണം. ഷെഡ്യൂൾ 1-ൽ പെടുത്തണം. അടുത്തത് മരുന്നിനെക്കുറിച്ചാണ്. ഇങ്ങനെ രണ്ട് തരത്തിൽ ഒരു ഉൽപ്പന്നത്തിന് നികുതി പാടില്ല എന്നൊക്കെ പറയുമ്പോൾ മരുന്നിന്റെ കാര്യത്തിൽ എംപവേർഡ് കമ്മിറ്റി തന്നെ വാറ്റിന്റെ അടിസ്ഥാന തത്വം ലംഘിച്ചിട്ടുണ്ട്. നിങ്ങൾ എം.ആർ.പി.യുടെ പുറത്ത് ഫസ്റ്റ് പോയിന്റിൽ 4 ശതമാനം നികുതി ചുമത്തുകയാണ്. നിങ്ങൾ എം.ആർ.പി. യുടെ പുറത്ത് ഫസ്റ്റ്. പോയിന്റിൽ 4% നികുതി ചുമത്തുകയാണ്. പക്ഷെ എന്തുകൊണ്ടാണ് കേരളത്തിലെ നിയമത്തിൽ താഴേക്ക് നികുതി ഇല്ലല്ലോ; അവർക്കൊക്കെ നികുതി പിരിക്കേണ്ടല്ലോ; അടയ്ക്കാത്ത നികുതിയും ഉപഭോക്താക്കൾ കൊടുക്കണമെന്നുള്ള പ്രൊവിസോ നമ്മൾ കൊടുക്കേണ്ട ആവശ്യമെന്താണ്? ഞാൻ ചോദിക്കുകയാണ് 4% അല്ലേ നികുതി. എന്തിനാ ഈ നികുതി എം.ആർ.പി. യുടെ പുറത്താക്കുന്നത്. inclusive ആക്കിക്കൂടേ. അവർ എം.ആർ.പി. റിവൈസ് ചെയ്തോട്ടെ ഇഷ്ടംപോലെ മരുന്ന് കച്ചവടക്കാർക്ക് ഉടമയിൽനിന്ന് നികുതി ചുമത്തി കൂടുതൽ മരുന്നുകൾ ഈടാക്കാൻ പറ്റും. അതുകൊണ്ട് ഇവിടെ ബേസിക്കായിട്ട് നമ്മുടെ അനുഭവം ഇന്ന് ഈ മരുന്ന് എം.ആർ.പി. യുടെ പുറത്ത് നികുതി വരികയും എം.ആർ.പി. ക്ക് സാധുത തീരെ ഇല്ലാതാകുകയും താഴേക്കുള്ള റീട്ടെയിൽ ഡീലേഴ്സ് നിങ്ങളുടെ പ്രൊവിസോ സെക്ഷൻ 8 ക്ലാസ് (സി) താഴേക്ക് പിരിക്കാതെ നികുതി റിക്കവറി നടത്താൻ താഴേക്കുള്ള ഡീലർമാർക്ക് അവകാശം കൊടുക്കുന്നതിന്റെ ഫലമായിട്ട് എം.ആർ.പി. യുടെ പുറത്ത് കാഷ്വൽ ഇഫക്ടാണ്. ഇതാണ് ഈ രംഗത്ത് നടക്കുന്നത്. ഇവിടെ ശ്രീ. ടി.എം. ജേക്കബ്ബ് അദ്ദേഹം ഉപയോഗിക്കുന്ന മരുന്നിന്റെ വിലവച്ച് ചോദിച്ചു. പ്രതികരിക്കുകയുണ്ടായില്ലല്ലോ? മരുന്നിനുള്ള നികുതി കുറച്ചിട്ടും മരുന്നിന്റെ വില കൂട്ടിയതിന്റെ കാരണം തലതിരിഞ്ഞ രീതിയാണ്. അതുകൊണ്ട് ഒരു സംശയവും വേണ്ട എം.ആർ.പി. ഈ 4% ഉള്ള വാറ്റ് നികുതി അതിന്റെ കൂടെ ഇൻക്ലൂസീവ് ആയിട്ട് മാറ്റണം. ഫസ്റ്റ് പോയിന്റിനുള്ള നികുതിയേയുള്ളൂ. അതുകൊണ്ട് എം.ആർ.പി. നികുതി അവർക്കാണെന്ന് മനസ്സിലാക്കിക്കൊണ്ട് നിശ്ചയിക്കാമല്ലോ; താഴേക്ക് ആരും വില കൂട്ടിവിൽക്കാൻ പാടില്ലെന്നുള്ള നിലപാടെടുക്കാം. ഫോളോഅപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ അങ്ങേക്ക് ആക്ഷനെടുക്കാമല്ലോ? ഈ ഒത്തുതീർപ്പ് എംപവേർഡ് കമ്മിറ്റി എടുക്കുന്നതിന് മുൻപ് നമ്മൾ ഉണ്ടാക്കിയതാണ്. എംപവേർഡ് കമ്മിറ്റി മെഡിസിൻ എക്സംപ്റ്റ് ചെയ്തതിനുശേഷമുള്ള ചർച്ച അവിടെ നടന്നു. തീരുമാനം എടുത്തതിനുശേഷം എംപവേർഡ് കമ്മിറ്റിയിൽ പോയതാണ്. എന്താണ് മെഡിസിൻ ഡീലേഴ്സുമായിട്ടുള്ള ഏർപ്പാട്? കുടുംബശ്രീയെക്കുറിച്ച് പറയുമ്പോൾ നീതിയും ന്യായവും ഒക്കെ വന്നു കയറുന്ന അങ്ങേക്ക് മെഡിസിൻ ഡീലേഴ്സിന്റെ കാര്യം വരുമ്പോൾ എത്ര നികുതി പോകുന്നു എന്നുള്ള ചിന്ത നഷ്ടപ്പെടുന്നത് എന്തെന്ന്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാകുന്നില്ല. വേറെ അല്ലറ ചില്ലറ കാര്യങ്ങളിലേക്ക് പോകുന്നില്ല. വേറെ അടിസ്ഥാനപരമായ കാര്യങ്ങളിലേക്ക് പോകുന്നില്ല. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് as notified by Kudumbasree units ഏത് ബ്രാന്റുകൾ ആയാലും അവയ്ക്ക് സീറോ റേറ്റിലേ ടാക്സ് ഏർപ്പെടുത്താൻ പാടുള്ളൂ. അല്ലെങ്കിൽ നമ്മൾ ഈ സ്ഥാപനങ്ങളെ നശിപ്പിക്കുന്നതിന് തുല്യമാണ്. ഒരു കൈകൊണ്ട് കൊടുക്കുന്നു മറ്റേ കൈകൊണ്ട് എടുത്തുകളയുന്നു. ഒരു പ്രശ്നവും ഇല്ല. ബയോ-ഫെർട്ടിലൈസേഷൻ ഏർപ്പെടുത്താം കമ്പോസ്റ്റിന് കൊടുക്കാമെങ്കിൽ വെർമി കമ്പോസ്റ്റിന് സീറോ റേറ്റിംഗ് ഏർപ്പെടുത്താം. എച്ച്.എസ്.എൻ. ഒന്നും നോക്കേണ്ട കാര്യമില്ല. മെഡിക്കൽ സപ്ലൈയേഴ്സിന്റെ കാര്യത്തിൽ ചില നിലപാടിൽ മാറ്റം വരുത്തേണ്ടതാണ്. ഓപ്പണിംഗ് സ്റ്റോക്ക് എത്രയായിരുന്നു. ഈ ബില്ല്, നിയമം പ്രാവർത്തികമാക്കുന്നതിന് മുമ്പ് അതിന് സെറ്റ് ഓഫ് നൽകും. അത് ഉപഭോക്താവിന് ട്രാൻസ്ഫർ ചെയ്ത് കൊടുക്കുന്നുണ്ടെങ്കിൽ explicit ആയിട്ട് ഒരു ക്ലാസ് ഉണ്ട്. ഇതുപോലെ ഈ ക്ലാസ് ഓപ്പണിംഗ് സ്റ്റോക്കിന് മാത്രമല്ല എല്ലാ ഉൽപ്പന്നങ്ങൾക്കും ബാധകമാക്കുകയാണെങ്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യാത്തവരെ ചോദ്യം ചെയ്യാൻ, എന്തുകൊണ്ട് അവർ വില കുറയ്ക്കുന്നു എന്നു ചോദിക്കാൻ നിയമപരമായിട്ട് ഒരു അവകാശം അങ്ങേക്ക് ലഭിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ആ നിയമം നമ്മൾ ഇവിടെ പ്രാവർത്തികമാക്കുകയാണ്. അടിസ്ഥാനപരമായിട്ടുള്ള വിമർശനങ്ങൾ നമുക്ക് മാറ്റി നിർത്താം. പക്ഷെ അത് ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ ഭേദഗതി ഉൾക്കൊള്ളാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് എന്റെ ഡിസന്റ് ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: ശ്രീ. തോമസ് ഐസക് ഇവിടെ സൂചിപ്പിച്ചതുപോലെ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് പൂർണ്ണമായും സീറോ റേറ്റിലേ ടാക്സ് ഏർപ്പെടുത്താൻ പാടുള്ളൂ. എസ്. സി./എസ്. ടി. സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളെ ഇക്കാലമത്രയും നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയായിരുന്നു. പക്ഷെ ഇത് നടപ്പിലാക്കിയ അന്നുമുതൽ കുടുംബശ്രീ ഉൽപ്പന്നങ്ങളായ മെഴുകുതിരി, സോപ്പ്, പ്രിന്റിംഗ്, ബൈന്റിംഗ്, തുടങ്ങിയ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, കരകൗശല സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ പൂർണ്ണമായും വാറ്റിൽനിന്ന് ഒഴിവാക്കണമെന്നാണ് ആവശ്യപ്പെടുന്നത്. വാറ്റ് നിയമം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് മാസമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി വ്യവസായികൾക്കും ഉദ്യോഗസ്ഥൻമാർക്കും ടാക്സ് കൺസൾട്ടന്റുമാർക്കും നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതിന്റെ പരിണിത ഫലം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദമാക്കണം. ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതുകൊണ്ടാണ് പത്തിരുപത്തൊന്ന് ഭേദഗതികളുമായിട്ട് വീണ്ടും ഈ ബില്ല് നിയമസഭയിൽ വന്നത്. ഇപ്പോഴുള്ള ഭേദഗതി ബില്ലിൽ നിരവധി

LIBRARY ARCHIVES Kerala Legislative Assembly

അപാകതകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോഴും ഇത് സുതാര്യമല്ല. സംശയരഹിതമാണെന്ന് പറയാൻ കഴിയുന്നില്ല. ഉദാഹരണത്തിന് ഈ ബില്ലിന്റെ മൂന്നാം വകുപ്പിൽ 6-ാം ഉപവകുപ്പിന്റെ ഭേദഗതിയിൽ എ, ബി പിരിവുകളിലായി നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ ചില കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. കേരളത്തിനകത്ത് രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് presumptive tax opt ചെയ്യാൻ അനുമതി ഉണ്ടാകുമെന്ന് ചർച്ചാ വേളയിൽ ഉറപ്പ് നൽകിയിരുന്നു. എന്നാൽ 6-ാം വകുപ്പിലെ ഉപവകുപ്പ് ബി-യിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ഭേദഗതിയിൽ ഈ ആനുകൂല്യം നൽകിയിട്ടില്ല. അതുപോലെ വാറ്റ് പ്രകാരം പുതിയതായി രജിസ്ട്രേഷൻ തുടങ്ങുന്നവർക്ക് വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. രജിസ്ട്രേഷൻ നൽകേണ്ടുന്ന ഉദ്യോഗസ്ഥർ അതിഭീമമായ തുകകൾ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ആവശ്യപ്പെടുന്ന കേസുകൾ നിരവധി വന്നിട്ടുണ്ട്. 6-ാം നമ്പർ ഫോറത്തിൽ സെക്യൂരിറ്റി ഫോറത്തിന് രണ്ട് ജാമ്യക്കാരുടെ solvency certificate ഓരോരുത്തർക്കും തുല്യമായ തുകയ്ക്ക് തന്നെ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നു. നമുക്കറിയാം solvency റവന്യൂ വകുപ്പ് അധികൃതരിൽനിന്നും ലഭിക്കുന്നതിന് ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾ. അതുപോലെ പല ഉദ്യോഗസ്ഥരും ടാക്സ് പേയബിൾ എന്ന വാദത്തിന്റെ അർത്ഥംപോലും അറിയാതെ ഏത് സെക്യൂരിറ്റിയായാലും ആവശ്യപ്പെടുന്നത് കേരളത്തിനകത്ത് രജിസ്റ്റേർഡ് വ്യാപാരികളിൽനിന്നും നികുതി കൊടുത്ത് സാധനം വാങ്ങി വിൽക്കുന്ന ആളിന് നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം കുറയ്ക്കാതെ ടാക്സ് പേയബിൾ കണക്കാക്കുന്ന ഉദ്യോഗസ്ഥർ നിരവധിയുണ്ട്. അത് പരിശോധിക്കാൻ പറയണം. ഇതിനെക്കുറിച്ചുള്ള പരിഹാര നിർദ്ദേശങ്ങൾതന്നെ 17-6-2005-ലെ 12/2005 നമ്പർ Circular, Taxes Commissioner പുറപ്പെടുവിച്ചിട്ടുണ്ട്. അതിനൊന്നും ഇതുവരെ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തിട്ടില്ല. അത് വളരെ അത്യാവശ്യമായി പുനഃപരിശോധിക്കണം. ഇപ്പോൾ നിലവിൽവന്ന നിയമപ്രകാരം മാസംതോറുമുള്ള റിട്ടേണുകൾ സമർപ്പിച്ചാൽ അതിൻമേലുള്ള അസ്സസ്മെന്റുകൾ ഉടനടി പൂർത്തീകരിക്കപ്പെടണമെന്നാണ് വ്യവസ്ഥ. എന്നാൽ ഇതുവരെയും ഒരു പുരോഗതിയും ഒരു ഓഫീസിലും ഉണ്ടായിട്ടില്ല. ലക്ഷക്കണക്കിന് രൂപ മുടക്കി നമ്മുടെ ഓഫീസുകളൊക്കെ കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. അതൊന്നും ഫലവത്തായി കൊണ്ടുപോകാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. നികുതി വകുപ്പിലെ താഴെ തട്ടുമുതൽ ഉന്നതതലംവരെയുള്ള ഉദ്യോഗസ്ഥൻമാർക്ക് നിരവധി പരിശീലന ക്ളാസ്സുകൾ നടത്തി. എന്നാൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് വ്യാപാരികളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി പറയാൻ കഴിയുന്നില്ല. അസ്സസ്മെന്റിനെക്കുറിച്ച് അവർക്ക് അറിയില്ല. പല ഓഫീസുകളിലും വളരെ ബുദ്ധിമുട്ടുകളുണ്ട്. അതോടൊപ്പം തന്നെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂൾ പറഞ്ഞു. അതിൽതന്നെ നോക്കുമ്പോൾ ഒരുപാട് അവ്യക്തതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുപോലെ ഒന്നാം ഷെഡ്യൂളിൽ എക്സംപ്റ്റഡ് ഗുഡ്സിന്റെ കാര്യം പറഞ്ഞു. അതിൽ ഒന്നും മൂന്നും പട്ടികകൾ അനുബന്ധമായുള്ളത് പരിശോധിച്ചാൽ നിരവധി വൈരുദ്ധ്യങ്ങളുണ്ട്. ഒന്നാം പട്ടികയിൽ മൂന്നാമത്തെ ഇനം അക്വാട്ടിക് ഫീഡ്, പൗൾട്രി ഫീഡ്, കാറ്റിൽ ഫീഡ് എന്നീ തീറ്റകളെ സംബന്ധിച്ചുള്ളതാണ്. അത് എക്സംപ്റ്റഡ് ഗുഡ്സിലാണ് പെടുത്തിയിരിക്കുന്നത്. എന്നാൽ മൂന്നാം പട്ടികയിൽ നാല് ശതമാനം നികുതിക്ക് വിധേയമാകുന്ന ഷെഡ്യൂളാണ്. മൂന്നാം പട്ടികയിൽ 93-ാമത്തെ ഇനമായ ഗ്രൗണ്ട്നട്ട് കേക്ക്, കോക്കനട്ട് ഓയിൽ കേക്ക് മുതലായവ കാറ്റിൽഫീഡാണ്. ഈ പട്ടികയിലേക്ക് മാറുമ്പോൾ നാല് ശതമാനമാണ്. അതേ സാധനങ്ങൾ തന്നെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ എക്സംപ്റ്റഡ് ഗുഡ്സ് ആയി. പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള വൈരുദ്ധ്യം കടന്നുകൂടിയിട്ടുണ്ട്. ഇതൊക്കെ പരിശോധിക്കണമെന്നാണ് എന്റെ വിയോജനക്കുറിപ്പിൽ ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഒടുവിൽ ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്കകത്ത് ഉന്നയിച്ചിട്ടുള്ള വിമർശനങ്ങളുടെ കാതൽ ഡോ. തോമസ് ഐസക്ക് ഇവിടെ ഉന്നയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ബില്ലിനെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ വളരെ ദൂരവ്യാപകവും നമ്മുടെ നികുതി ഘടനയിൽ മൗലികം എന്നു പറയാൻ കഴിയുന്ന മാറ്റങ്ങൾ വരുത്താൻ കഴിയുന്ന ഒന്നാണ് ഈ ഭേദഗതി ബിൽ. എന്നാൽ ഈ സഭയ്ക്ക് ഈ ഭേദഗതി ബിൽ ബാധകമാകുന്ന മേഖലകളുടെ വ്യാപ്തിയും അത് കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും വച്ചുകൊണ്ട് ഒരു കൂലങ്കഷമായ പരിശോധനയ്ക്ക് വിധേയമാക്കാൻ അവസരം ലഭിച്ചിട്ടില്ല എന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട ധനമന്ത്രിയുടേയും, സഭയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ജൂലൈ മാസം 25-ാം തീയതിയാണ് ഈ ബിൽ സഭയിൽ അവതരിപ്പിക്കപ്പെടുന്നത്. അത് ജൂലൈ 25-ന് ചർച്ച ചെയ്തു. അന്നുതന്നെയാണ് സബ്ജക്ട് കമ്മിറ്റിക്ക് ഈ കാര്യം ചർച്ച ചെയ്യാൻ നിർദ്ദേശം ലഭിക്കുന്നത്. 26-ാം തീയതിയാണ് സബ്ജക്ട് കമ്മിറ്റി, മണിക്കൂറുകൾ മുമ്പുമാത്രം ലഭിച്ചിട്ടുള്ള, നേരത്തെ ഇവിടെ അവതരിപ്പിച്ചിട്ടില്ലാത്ത ഔദ്യോഗിക ഭേദഗതികൾ എന്ന നിലയിൽ ധാരാളം ഭേദഗതികൾ ഉൾപ്പെട്ടിട്ടുള്ള ഈ ബിൽ 26-ാം തീയതി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് 27-ാം തീയതി വീണ്ടും സഭയിൽ വരുന്നു. ഇന്ന് നമ്മൾ അത് സംബന്ധിച്ച പൊതു ചർച്ച നടത്തുകയാണ്. വ്യാഴാഴ്ചയാണ് സഭ പിരിയുന്നത്. സഭ പിരിയുന്ന സമയം വരെ ഔദ്യോഗിക ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടെ നമ്മുടെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല. അന്ന് രാത്രിയും പിറ്റേന്ന് കാലത്തുമായിട്ടാണ് യഥാർത്ഥത്തിൽ 'വാറ്റ്'-ന്റെ ഭേദഗതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള കാര്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നത്. ഭേദഗതിക്ക് നോട്ടീസ് കൊടുക്കാനുള്ള സമയം 30-ന്

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് മണിവരെയാണ്. നമ്മൾ ഇന്ന് ചർച്ച ചെയ്യുകയാണ്. ഞാൻ സൂചിപ്പിക്കുന്നത്, നേരത്തെ അംഗീകരിച്ചിട്ടുള്ള ബില്ലിനകത്ത് മാറ്റങ്ങൾ വരുത്തുന്ന ഈ ബില്ലിന്റെ ചർച്ചയ്ക്ക് കുറേക്കൂടി സമയം സഭാംഗങ്ങൾക്ക് ലഭിക്കേണ്ടിയിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ നിലയ്ക്ക് ശ്രദ്ധിക്കാതിരുന്നത് ശരിയായില്ല എന്നുള്ള വിമർശനമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളുടെ പൊതുവായ നിലപാട് പരിശോധിക്കുമ്പോൾ കേരളത്തിൽ നമ്മുടെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അതുപോലെതന്നെ മൈക്രോ ലെവൽ ഉൽപ്പാദന യൂണിറ്റുകൾ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അതുപോലെ തന്നെ ചെറുകിട വ്യാപാരികളും, വ്യവസായികളും ഉൾപ്പെടെയുള്ള മേഖലയിലും സാമ്പത്തികമായും മറ്റ് തരത്തിലും പ്രയാസമനുഭവിക്കുന്ന ആളുകൾക്ക് നികുതി കൊടുക്കേണ്ടി വരുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട നിലയ്ക്ക് നികുതി കൊടുക്കേണ്ടുന്ന വൻകിടക്കാരെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കാൻ പര്യാപ്തമായ നികുതി നിർദ്ദേശങ്ങളാണ് യാഥാർത്ഥത്തിൽ ഇവിടെ ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ളത്. നേരത്തെ 'വാറ്റു'-മായി ബന്ധപ്പെട്ട ചർച്ചയിൽത്തന്നെ 'വാറ്റ്' ബാധകമല്ലാത്ത സാധനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് വ്യാപാരികൾ വില വർദ്ധിപ്പിക്കുന്നു എന്ന വിഷയം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. അത് സാർവത്രികമാണ്. യഥാർത്ഥത്തിൽ 'വാറ്റ്' നിലവിൽ വന്നതിന്റെ പേരിൽ വ്യാപകമായി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്ന പ്രവണത കേരളത്തിൽ ഉണ്ടാകുന്നുണ്ട്. എന്തെങ്കിലും നിലയ്ക്കുള്ള ഇടപെടൽ അതിന്റെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട് എന്നു പറയാൻ സാധിക്കുന്നില്ല. ഇവിടെ 'വാറ്റു'-മായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിൽ മരുന്നുകളെ സംബന്ധിച്ച് ഡോ. തോമസ് ഐസക്ക് പറഞ്ഞു. കഴിഞ്ഞ ചർച്ചാവേളയിൽ ശ്രീ. ടി.എം. ജേക്കബ് ഉൾപ്പെടെ അതുസംബന്ധിച്ച് ഉന്നയിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി യോഗത്തിനകത്ത് എം.ആർ.പി. വിലയ്ക്ക് മേലെയായി ചില്ലറ വിൽപ്പന നടത്തുന്നുണ്ടെങ്കിൽ ഇന്നുതന്നെ ഇക്കാര്യത്തിൽ പരിശോധന നടത്തുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ അന്ന് അവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. അതു കഴിഞ്ഞ് നാലഞ്ച് ദിവസം കഴിഞ്ഞു. എന്തെങ്കിലും പരിശോധന ഉണ്ടായി എന്ന് പറയാൻ സാധിക്കുന്നില്ല. നേരത്തെ എം. ആർ. പി.-ക്ക് മേലെ വിറ്റുകൊണ്ടിരിക്കുന്ന സാധനങ്ങൾ അതേ നിലയിൽ ഇപ്പോഴും വിൽക്കുന്നു എന്നതാണ് ഉണ്ടായിട്ടുള്ള കാര്യം. യഥാർത്ഥത്തിൽ ചെറുകിട വ്യാപാരികളെ സംബന്ധിച്ച് 'വാറ്റ്' ബാധകമല്ല. ഒരു കാരണവശാലും എം.ആർ.പി.-ക്ക് മേലെ വിൽക്കാൻ അവർക്ക് അധികാരമില്ല. എങ്കിലും വളരെ പ്രകടമായ കാര്യത്തിലുൾപ്പെടെ എന്തെങ്കിലും നിലയ്ക്കുള്ള ഇടപെടൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതാണ് അതു സംബന്ധിച്ച് പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. 'വാറ്റ്'-ന്റെ പ്രിൻസിപ്പൽ ആക്ട് വരുന്ന സമയത്ത് സഭാരേഖകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം 'വാറ്റ്' വരുന്നതിന്റെ ഫലമായി കേരളത്തിന്റെ നികുതി വരുമാനത്തിൽ വലിയ കുറവുണ്ടാകാൻ പോകുന്നു എന്നായിരുന്നു. അതുകൊണ്ട് ചില മേഖലയിൽ നികുതി വർദ്ധിപ്പിക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ നടന്ന ചർച്ചയിൽ ഇടപെട്ടുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വരുമാനത്തിൽ അത്രമാത്രമുണ്ട് എന്ന് പറയാൻ കഴിയില്ലെങ്കിലും, നമ്മുടെ മൊത്തം നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന കാര്യം സാന്ദർഭികമായി സഭയിൽ സമ്മതിക്കുകയുണ്ടായി. എന്നു പറഞ്ഞാൽ ഈ 'വാറ്റ്'-ന്റെ ഭാഗമായി വരുന്ന നികുതി നിർദ്ദേശങ്ങളെ ന്യായീകരിക്കുന്നതിനും നേരത്തെ ഭരണകക്ഷി അംഗങ്ങൾ പറഞ്ഞിരുന്ന കാര്യങ്ങൾ ഒന്നും വസ്തുതയുമായി ബന്ധമുള്ളതായിരുന്നില്ല എന്ന് സമ്മതിക്കലുമാണ്. നേരത്തെ ഉണ്ടായിരുന്ന ചർച്ചകളുടെ സിംഹഭാഗവും കേരളത്തിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്താൻ ചില മേഖലയിൽ നികുതി വർദ്ധിപ്പിക്കണമെന്നു പറയുന്ന കാര്യമാണ് ഗൗരവമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി നേരത്തെ നടന്നിരിക്കുന്ന ചർച്ചയിലും അതുപോലെതന്നെ സബ്ജക്ട് കമ്മിറ്റിയിൽ, നടന്നിരിക്കുന്ന ചർച്ചയിലും എല്ലാം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചിട്ടുള്ള ഒരു കാര്യം പ്രൊവിസോ 5(ബി)-യിൽ നിർമ്മിതി കേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങളെ ഒഴിവാക്കാം എന്നായിരുന്നു പത്തുലക്ഷം രൂപ വരെയുള്ള സ്വകാര്യ കോൺട്രാക്ടർമാരും എം. പി., എം. എൽ. എ. മാരുടെ വികസന ഫണ്ടും ഉപയോഗിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ അതുപോലെതന്നെ നാച്വറൽ കലാമിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ, സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ടു നടത്തുന്ന പ്രവർത്തനങ്ങൾ അതെല്ലാം നികുതിയിൽ നിന്ന് ഒഴിവാക്കണമെന്നുള്ള കാര്യം സബ്ജക്ട് കമ്മിറ്റി യോഗത്തിലും ഇവിടെയും സമ്മതിക്കുകയും അതുപോലെ ഒഫീഷ്യൽ ഭേദഗതിയുമായിത്തന്നെ വരികയും ചെയ്തിട്ടുണ്ട്. അതിന്റെ കൂടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. സർക്കാരിന്റെ കീഴിലുള്ള നിർമ്മിതി കേന്ദ്രങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വർക്കുകൾക്ക് 'വാറ്റ്' ബാധകമായതോടെ അവർ നികുതി കൊടുക്കേണ്ടതായി വരുന്നു. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുള്ള പല ജില്ലകളിലേയും വർക്ക് ഏറ്റെടുക്കാൻ ജില്ലാ നിർമ്മിതികേന്ദ്രങ്ങൾ സന്നദ്ധമാകുന്നില്ല. അന്ന് സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ നിർമ്മിതികേന്ദ്രത്തെക്കൂടി ഇതിന്റെ ഭാഗമായി ഒഴിവാക്കാം എന്ന് സമ്മതിച്ചിട്ടുള്ളതാണ്. പക്ഷേ ഇപ്പോൾ

നിർദ്ദേശം വന്നശേഷം അതിന്റെ ഭാഗമായി നിർമ്മിതികേന്ദ്രത്തെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഒഴിവായിപ്പോയതാവും എന്നാണ് ഞാൻ വിചാരിക്കുന്നത്. 10 ലക്ഷം രൂപ വരെയുള്ള കാര്യം സഹകാര്യകരാറുകാർക്കുകൂടി ബാധകമാകുന്ന സമയത്ത് നിർമ്മിതി കേന്ദ്രം എന്നു പറയുന്ന ഒരു സർക്കാർ സ്ഥാപനത്തെ ഒഴിവാക്കേണ്ട യാതൊരു കാര്യവുമില്ല. അവരെക്കൂടി ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് അനുകൂലമായ നിലപാട് എടുക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെ തന്നെ കോൺട്രാക്ടർമാർ നികുതി കോമ്പൗണ്ട് ചെയ്യുന്നത് സംബന്ധിച്ചുള്ള കാര്യം ചർച്ച ചെയ്യുമ്പോൾ സബ് കോൺട്രാക്ടർമാർ കൊടുത്തിരിക്കുന്ന നികുതിയെ അവരുടെ കോമ്പൗണ്ട് ചെയ്യുന്ന മൊത്തം ടേൺ ഓവറിൽ നിന്ന് ഒഴിവാക്കാം എന്നുപറയുന്ന കാര്യം ഈ നിയമത്തിന്റെ ഭാഗമായിട്ട് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ സബ് കോൺട്രാക്ടുകളെ സംബന്ധിച്ച് നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളെല്ലാം പരിശോധിക്കുമ്പോൾ യഥാർത്ഥത്തിൽ ഈ കോൺട്രാക്ടിന്റെ ടെൻഡർ വ്യവസ്ഥയ്ക്കകത്ത് അന്യായമായിട്ട് ഇടപെടൽ ഉണ്ടാകാനും അതുപോലെ കോൺട്രാക്ടർമാർക്ക് നികുതി വെട്ടിക്കാനുമുള്ള പ്രധാനമാർഗ്ഗമായിട്ട് സബ്കോൺട്രാക്ടുകൾ എടുക്കുന്ന കാര്യം നടന്നുകൊണ്ടിരിക്കുകയാണ്. ഒരുപാട് കാലമായിട്ട് സബ് കോൺട്രാക്ടുകളെ സംബന്ധിച്ച് നടന്നുകൊണ്ടിരിക്കുന്ന ധാരാളം ചർച്ചകൾ ഉണ്ട്. ആ ചർച്ചകൾക്ക് എല്ലാം യഥാർത്ഥത്തിൽ ഒരു പരിഗണനയും കൊടുക്കാതെ സബ് കോൺട്രാക്ട് എന്നുള്ള നിലയ്ക്ക് നടന്നുകൊണ്ടിരിക്കുന്ന കോൺട്രാക്ട് മേഖലയിലുള്ള അന്യായത്തെ പൂർണ്ണമായിട്ടും നിയമവൽക്കരിക്കുകയാണ്. സബ് കോൺട്രാക്ട് എന്നു പറയുന്നത് നിയമപരമായി നിലനിൽക്കുന്ന കാര്യമല്ല. അംഗീകാരമില്ലാത്ത ഒരു കാര്യം ആണ്. ആ അംഗീകാരമില്ലാത്ത കാര്യത്തിന് നിയമപരമായിട്ട് പരിരക്ഷ കൊടുക്കുക എന്നുള്ള നിലപാടാണ് ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി എടുത്തിട്ടുള്ളത്. പ്രധാന കരാറുകാർക്ക് കോമ്പൗണ്ട് ചെയ്യുന്ന നികുതിയിലുള്ള അളവിൽ മൊത്തം കരാർ തുക പരിഗണിക്കുമ്പോൾ ഉപകരാറുകാരന് നൽകിയിരിക്കുന്ന തുക കിഴിവ് അനുവദിക്കാം എന്നു പറയുന്ന നിർദ്ദേശം ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയില്ല. ഈ മേഖലയ്ക്കകത്ത് നികുതി വെട്ടിപ്പിന് തന്നെ വലിയ സഹായം ഉണ്ടാകുന്ന ഒന്നാണ്. ഇത് ഒഴിവാക്കാൻ കഴിയണം എന്നാണ് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു സൂചിപ്പിക്കാനുള്ളത്. അതുപോലെത്തന്നെ ഇവിടെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിനെ സംബന്ധിച്ച് പറഞ്ഞു. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട തോമസ് ഐസക്ക് സംസാരിക്കുമ്പോൾ വലിയ നിലയ്ക്ക് ആവശ്യമില്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ ഷെഡ്യൂളിന്റെ ലിസ്റ്റ് വലുതാക്കുന്നത് സംബന്ധിച്ചുള്ള നീക്കത്തെപ്പറ്റി ഇവിടെ പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഖാദി ഉൽപ്പന്നങ്ങളെക്കുറിച്ച് പറയുമ്പോൾ ഈ പറയുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തണമെന്ന ഒരു പരിഗണന ഉണ്ടായിട്ടില്ല. ഖാദി ഉൽപ്പന്നത്തിൽ 21 എണ്ണം ഈ ലിസ്റ്റിന്റെ ഭാഗമായിട്ട് വന്നിട്ടുണ്ട്. സമയ പരിമിതിമൂലം ഞാൻ 21 ഉൽപ്പന്നങ്ങളെ സംബന്ധിച്ച് വായിക്കുന്നില്ല. പക്ഷേ 21 ഉൽപ്പന്നങ്ങൾ പരിശോധിക്കുന്ന ആർക്കും പകൽവെളിച്ചം പോലെ കാണാൻ സാധിക്കുന്നത് ഈ കേരളത്തിനകത്ത് വ്യാപകമായിട്ട് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെ അതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ്. നേരത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായിട്ട് തന്നെ ഖാദി കമ്മീഷൻ സർട്ടിഫൈ ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങളേയും ഈ നികുതിയിൽ നിന്ന് ഒഴിവാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത് നിയമസഭാരേഖയിലുണ്ട്. എന്നാൽ ഈ പ്രാവശ്യം ഈ ഖാദി ഉൽപ്പന്നങ്ങളെ 0% നികുതിയിൽപ്പെടുത്താൻ വേണ്ടി തീരുമാനിക്കുന്ന ഷെഡ്യൂൾ തയ്യാറാക്കുമ്പോൾ വടക്കേ ഇന്ത്യയിൽ ഉണ്ടാക്കിയിരിക്കുന്ന ഉൽപ്പന്നങ്ങളല്ലാതെ ഈ കേരളത്തിലുള്ള മിക്കവാറും ഉൽപ്പന്നങ്ങളെ ഒഴിവാക്കുക എന്നു പറയുന്ന നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 95% ഉൽപ്പന്നങ്ങളും 4% നികുതി കൊടുക്കേണ്ട ലിസ്റ്റിലാണ് ഉൾപ്പെടുകയെന്നുള്ളതാണ് അതിന്റെ ഫലമായുണ്ടായിരിക്കുന്ന കാര്യം. ഇന്ന് ഇവിടത്തെ ഖാദി വ്യവസായ മേഖലയിലെ ആൾക്കാർ വാങ്ങിക്കൊണ്ടിരിക്കുന്ന കൂലിയും ഖാദി വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിയുമെല്ലാംതന്നെ ഈ സഭയ്ക്കും, ധനകാര്യവകുപ്പുമന്ത്രിക്കും ബോധ്യമുള്ളതാണ്. ഈ നികുതി നിർദ്ദേശം നടപ്പിലാക്കുന്നതുവഴി യഥാർത്ഥത്തിൽ ഖാദി മേഖലതന്നെ പരിപൂർണ്ണമായി തകരാനുള്ള പച്ചക്കൊടി കാട്ടുകയാണ്. അതിൽ നിർബന്ധമായും നേരത്തെ ബഹുമാനപ്പെട്ട മന്ത്രി തന്നെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായിട്ട് പ്രഖ്യാപിച്ചിട്ടുള്ള ഖാദി കമ്മീഷൻ സർട്ടിഫൈ ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങളും ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് നോട്ടിഫൈ ചെയ്തിരിക്കുന്ന എല്ലാ പ്രോഡക്ടുകളും പൂർണ്ണമായും ഒഴിവാക്കാൻ പാകത്തിൽ ആ ഷെഡ്യൂൾ വികസിപ്പിക്കണമെന്ന അഭിപ്രായമാണ് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതുപോലെത്തന്നെ നേരത്തെ ബീഡിയുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ സൂചിപ്പിച്ചു. ബീഡി മേഖലയ്ക്കകത്ത് സെൻട്രൽ സെയിൽസ് ടാക്സ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമുക്കായിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയില്ല. നമ്മുടെ ബീഡി മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഈ സഭയ്ക്ക് നല്ല ബോധ്യമുള്ളതാണ്. ഈ സഭയുടെ ആദ്യദിവസം തന്നെ കാളിംഗ് അറ്റൻഷനിലൂടെ ആ കാര്യം ഞാൻ തന്നെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇവിടെ കേരള ദിനേശ് ബീഡി പോലുള്ള സഹകരണസ്ഥാപനങ്ങളാണ് കേരളത്തിലെ ബീഡി വ്യവസായ രംഗത്ത് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. ചെറുകിട സ്വകാര്യസ്ഥാപനങ്ങൾ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. ആ സ്ഥാപനങ്ങളെല്ലാം പൊതുവിൽ ബീഡി മേഖല നേരിടുന്ന പ്രയാസങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതാണ്. അതുകൊണ്ട് ഇതിന്റെ ഭാഗമായിട്ട് ബീഡി ഇലയ്ക്കുള്ള നികുതി ഒഴിവാക്കുന്ന കാര്യത്തിൽ ബീഡിയിലയെ 0% നികുതിയുടെ 1-ാം ഷെഡ്യൂളിൽപ്പെടുത്തുന്നതിനുള്ള ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. അത് പതിനായിരക്കണക്കിന് ബീഡി തൊഴിലാളികളെ അനുകൂലമായി ബാധിക്കുന്ന, അവരുടെ ജീവിതത്തെ രക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തീരുമാനം ആയിരിക്കും. ഈ കാര്യത്തിൽ ബീഡി മേഖലയിൽ ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ആയിരിക്കും അതെന്ന് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിനനുകൂലമായ തീരുമാനം എടുക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ മൈക്രോലെവൽ പ്രൊഡക്ഷൻ യൂണിറ്റുകളെ സംബന്ധിച്ച് വളരെ വിശദമായി തന്നെ ബഹുമാനപ്പെട്ട തോമസ് ഐസക്ക് പറഞ്ഞിട്ടുള്ളതുകൊണ്ട്, അതിൽ എനിക്ക് ഒരു കാര്യം ഉന്നയിക്കാനുള്ളത് അവയെല്ലാം വിൽക്കുന്ന ഫസ്റ്റ് സെയിലിന് നികുതി ഒഴിവാക്കിയിട്ടുണ്ട്. ഫസ്റ്റ് സെയിൽ എന്നുപറഞ്ഞാൽ നമ്മുടെ കുടുംബശ്രീ യൂണിറ്റുകൾ ഒന്നും തന്നെ .....

മി. ചെയർമാൻ: അതെല്ലാം അദ്ദേഹം ഇവിടെ വിശദമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അദ്ദേഹം പറയാത്ത ഒരു കാര്യം, സാധാരണ കുടുംബശ്രീ യൂണിറ്റുകൾക്ക് അവർക്ക് സ്വന്തമായിട്ട് ഔട്ട്‌ലെറ്റുകൾ ഇല്ല. അവർ അവരുടെ സാധനങ്ങൾ നേരിട്ട് ഈ വ്യാപാരികൾക്ക് കൊടുക്കുകയാണ്. സെക്കന്റ് സെയിലിന് നികുതിയുണ്ട് എന്നുവന്നാൽ സ്വാഭാവികമായും വ്യാപാരികൾ ആ പൈസ കുറച്ചിട്ട് മാത്രമെ കുടുംബശ്രീ യൂണിറ്റിലെ ആൾക്കാർക്ക് കൊടുക്കാൻ പോകുന്നുള്ളൂ. അതുകൊണ്ട് കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ സെക്കന്റ് സെയിലിന് ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഒഴിവാക്കണം എന്നുള്ളതാണ് നേരത്തെ പറഞ്ഞതിനു പുറമെയായിട്ട് എനിക്കു പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറ്റൊന്ന് organic fertilizers എന്നു പറഞ്ഞിട്ടുണ്ട്.

മി. ചെയർമാൻ: അതിവിടെ പറഞ്ഞതല്ലേ? എല്ലാം വളരെ വിശദമായി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: organic manure ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തണം എന്നാണ് പറയാനുള്ളത്. മറ്റൊന്ന് ഈ എംപവേർഡ് കമ്മിറ്റിയിൽ, സബ്ജക്ട് കമ്മിറ്റിക്കകത്ത് തന്നെ പല കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ എംപവേർഡ് കമ്മിറ്റി ആ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് നടപ്പിലാക്കാൻ കഴിയില്ലായെന്നാണ് മറുപടി. യഥാർത്ഥത്തിൽ ആ കാര്യത്തിന്റെ സാധുതയെ സംബന്ധിച്ച് മന്ത്രിമാർക്കുൾപ്പെടെ ബോധ്യമുണ്ട്. നമ്മൾ ഉന്നയിക്കുന്ന ഇന്നയിന്ന കാര്യങ്ങൾ മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുൾപ്പെടെ ബോധ്യമുണ്ട്. പക്ഷേ എംപവേർഡ് കമ്മിറ്റിയിൽ ഈ കാര്യം അനുവദിക്കുന്നില്ലായെന്നാണ് പല വിഷയങ്ങൾക്കും ലഭ്യമായ മറുപടി. ഇതിന്റെ അർത്ഥം എംപവേർഡ് കമ്മിറ്റിയുടെ മുമ്പിൽ കേരളത്തിന്റെ തനതായ പ്രശ്നങ്ങൾ വച്ചുകൊണ്ട് കാര്യങ്ങൾ അവതരിപ്പിച്ച് ആ കമ്മിറ്റിയെക്കൊണ്ട് കാര്യങ്ങളിൻമേൽ തീരുമാനമെടുപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല എന്ന പ്രശ്നം കൂടിയുണ്ട്. ഗൗരവമായ നിലയ്ക്കുതന്നെ വാദിക്കാൻ കഴിയാത്ത ഒരാളാണ് ശ്രീ. വക്കം പുരുഷോത്തമനെന്ന് ഞാൻ വിചാരിക്കുന്നില്ല. പക്ഷേ അദ്ദേഹത്തിന് അത്തരം കാര്യങ്ങളിൽ വേണ്ടത്ര താൽപ്പര്യം ഉണ്ടാകുന്നില്ലായെന്നുറേണം കരുതാൻ. കേരളത്തിന്റെ പൊതുപ്രശ്നങ്ങൾ ഇവിടെ ഇപ്പോൾ വൻകിടക്കാരന്റെയും അതുപോലെ വൻകിടവ്യവസായികളുടേയും താൽപ്പര്യങ്ങൾ പരിഗണിക്കുന്നപോലെത്തന്നെ ലക്ഷക്കണക്കിന് സാധാരണക്കാരായ ആളുകളുടെ താൽപ്പര്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എംപവേർഡ് കമ്മിറ്റിയുടെ മുമ്പിൽ അവതരിപ്പിച്ച് കേരളത്തിനനുകൂലമായി തീരുമാനമെടുപ്പിക്കാനുള്ള ബാധ്യത കൂടി കേരളത്തെ പ്രതിനിധീകരിക്കുന്ന ആൾ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന് ഉണ്ട്. ആ നിലയ്ക്ക് തന്നെ കൈകാര്യം ചെയ്യാൻ കഴിയണം എന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ 6-ാം ഉപവകുപ്പിന്റെ ഈ വ്യവസ്ഥയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള special economic zone അവിടെയുള്ള നമ്മുടെ capital goods ഉൾപ്പെടെ നികുതിയിൽ നിന്ന് ഒഴിവാക്കുക എന്ന നിലപാട് യഥാർത്ഥത്തിൽ ആശാസ്യമാണോയെന്ന് പരിശോധിക്കണം. യന്ത്രങ്ങളും, പ്ലാന്റും, യന്ത്രഭാഗങ്ങളും, ഉപകരണങ്ങളും, റാ-മെറ്റീരിയൽസും ഉൾപ്പെടെ, നേരത്തെ പറഞ്ഞു ഒരു കച്ചവടം നടത്തുമ്പോൾ കുടുംബശ്രീപോലുള്ള യൂണിറ്റുകളുടെ മറ്റ് ഉൽപ്പന്നങ്ങൾ അവ തമ്മിൽ എങ്ങനെയാണ് ഒരു തുല്യതയിലായിരിക്കുന്നത് എന്നുള്ള കാര്യത്തിൽപോലും ശ്രീ. വക്കം പുരുഷോത്തമന് ഉത്ക്കണ്ഠയുണ്ട്. എന്നാൽ ഈ special economic zone വരുന്ന, വലിയ തോതിൽ നിക്ഷേപം ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ നികുതി വേണ്ടായെന്നുപറയുന്നത് വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയിട്ടാണ്. അതിനിവിടെ തീരെ സഹായം കൊടുക്കേണ്ടതില്ല എന്ന് ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ അതിനൊരു സീലിംഗും, വ്യവസ്ഥകളും ഉണ്ടാക്കണം. പൂർണ്ണമായിട്ടും ഒഴിവാക്കുമെന്നുള്ള വ്യവസ്ഥ യഥാർത്ഥത്തിൽ വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയിട്ട് ഉണ്ടായിരിക്കുന്ന ഒന്നാണ് എന്നുള്ളതുകൊണ്ട് എനിക്കു പറയാനുള്ളത് ആ കാര്യങ്ങളിൽ മാറ്റമുണ്ടാകണം. അതുപോലെത്തന്നെ ഹോട്ടലുകളെ സംബന്ധിച്ച് കോമ്പൗണ്ട് ചെയ്യുന്നു എന്നു പറഞ്ഞിരിക്കുന്ന നിർദ്ദേശം നല്ലതാണ്. കോമ്പൗണ്ട് ചെയ്യുമ്പോൾ കേവലമായിട്ട് വിൽക്കുന്ന മദ്യം മാത്രമല്ല അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പാകം ചെയ്തു കൊടുക്കുന്ന ഭക്ഷണമുൾപ്പെടെ പരിഗണിക്കാതെ കോമ്പൗണ്ട് ചെയ്ത് ടാക്സ് ഈടാക്കും എന്നു പറയുന്ന കാര്യം ശരിയാണ്. അത് തീർച്ചയായിട്ടും സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ ഈ ത്രീ സ്റ്റാർ ഹോട്ടലിനു മേലേയുള്ളതു മാത്രമേ ഇതിന് പരിഗണിക്കേണ്ടതുള്ളൂ എന്നു പറയുന്നത് സ്ഥാപനത്തിന്റെ സ്റ്റാർ വച്ചു പരിശോധിക്കുന്നത് ശരിയാണെങ്കിലും ഇവർക്കെല്ലാം ലഭ്യമാകുന്ന വരുമാനം വച്ചുകൊണ്ട് പരിശോധിക്കുമ്പോൾ ശരിയായ കാര്യമല്ല. ത്രീ സ്റ്റാർ അല്ലാത്ത അതിനുതാഴെയുള്ള സാധാരണ ഗതിയിലുള്ള റസ്റ്റോറന്റുകളും ഹോട്ടലുകളും .....

മി. ചെയർമാൻ: ഇതൊക്കെ നേരത്തെ വിശദമായി ചർച്ച ചെയ്ത കാര്യമാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ആരും ഇത് ചർച്ച ചെയ്തതല്ല.

മി. ചെയർമാൻ: കഴിവതും റിപ്പീറ്റ് ചെയ്യാതിരുന്നാൽ.... അല്ല ഒട്ടും റസ്ട്രിക്ട് ചെയ്യുന്നതല്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ വീണ്ടും റിപ്പീറ്റ് ചെയ്ത് സമയം നഷ്ടപ്പെടുത്തരുത്. നമുക്കൊക്കെ ആവശ്യമുള്ളതല്ലേ. ദയവ് ചെയ്ത് അങ്ങ് ചുരുക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അപ്പോൾ ഈ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് താഴെയുള്ള ടൂ സ്റ്റാർഹോട്ടലുകളും സാധാരണ റസ്റ്റോറന്റുകളും അതുപോലെ അല്ലാത്ത മറ്റ് സ്ഥാപനങ്ങളുമുൾപ്പെടുത്തിവേണം കോമ്പൗണ്ടിങ്ങിനാവശ്യമായ വ്യവസ്ഥ കൈകാര്യം ചെയ്യാൻ എന്നുള്ളതാണ്.

മി. ചെയർമാൻ:.... പ്ലീസ്. കൺക്ലൂഡ് ചെയ്യണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അതുപോലെത്തന്നെ ഈ വാറ്റ് നിലവിൽ വരുന്നതോടെ നേരത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കാൻ വേണ്ടി കൊടുത്ത ചില കൺസഷൻസ് ഉണ്ട്. നികുതി ഒഴിവാക്കാൻ വേണ്ടി കൊടുത്തിട്ടുള്ള ചില അപേക്ഷകളും. ആ അപേക്ഷകൾ ഉൾപ്പെടെ നേരത്തെ കൊടുത്തിരിക്കുന്ന കൺസഷൻസ് ഒന്നും തന്നെ ഇനി നിലനിൽക്കില്ല എന്നതാണ് ഇനി വരാൻ പോകുന്ന കാര്യം.

മി. ചെയർമാൻ:.. ചുരുക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഞാൻ ബില്ലിനകത്തുള്ള കാര്യം മാത്രമെ പറയുന്നുള്ളൂ. അത് ഒഴിവാക്കാനുള്ള തീരുമാനം എങ്ങനെയാണ്. പ്രതികൂലമായിട്ട് ബാധിക്കുമെന്നതിനെ സംബന്ധിച്ചിടത്തോളം മാറ്റം വരുത്താനായിട്ട് ആലോചിക്കേണ്ടതുണ്ട് എന്നുള്ളതാണ് ആ കാര്യം സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ തന്നെ വ്യാപാരികളുടെ വിറ്റുവരവ് നികുതി സംബന്ധിച്ച് വരുന്ന സമയത്ത് അതിൽ ഈ പരിധിക്കുമേലെ വരുന്ന സംഖ്യയ്ക്ക് മാത്രമെ നികുതി

LIBRARY ARCHIVES Kerala Legislative Assembly

ബാധകമാക്കു എന്നാണ് അവർ പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ അത് അങ്ങനെ വേണമോയെന്ന് നോക്കണം. പരിപൂർണ്ണമായ സംഖ്യയ്ക്ക് നികുതി ഏർപ്പെടുത്തണമെന്ന് പറയുന്നില്ല. പക്ഷേ നേരത്തെ ഉള്ള സംഖ്യകൾക്കുകൂടി ചെറിയ നികുതി ബാധകമാക്കേണ്ടതല്ലേ എന്ന കാര്യം ഗൗരവമായി ആലോചിക്കണം. അതിനാവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്താൻ കഴിയണമെന്നുള്ളതാണ് പൊതുവിൽ പറയാനുള്ളത്.

മി. ചെയർമാൻ:.. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പൊതുവിൽ വാറ്റിന്റെ ഒരു പൊതു അപ്രോച്ച് എന്ന് പറയുന്നത് നമ്മുടെ ഇവിടെയുള്ള ചെറുകിട സ്ഥാപനങ്ങളേയും അതുപോലെത്തന്നെ micro level യൂണിറ്റുകളെ തകർക്കുന്നതും വലിയ നിലയ്ക്ക് നികുതി കൊടുക്കാൻ ബാധ്യസ്ഥരായിട്ടുള്ള ആളുകളെ പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും സഹായിക്കാനും പര്യാപ്തമാകുന്ന ഒന്നാണ് എന്നുള്ളതാണ് എന്റെ ഡിസെന്റിന്റെ കാതൽ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. നികുതി ഏകീകരണത്തിനും നികുതി വെട്ടിപ്പ് തടയുന്നതിനും കൊണ്ടുവന്നിട്ടുള്ള VAT വളരെയേറെ തെറ്റിദ്ധാരണയുണ്ടാക്കിയ നിയമമായി മാറിയിട്ടുണ്ട്. ഇവിടെ സംസാരിച്ച ആളുകൾ ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവർത്തിച്ച് പറയുകയുണ്ടായി. ഒന്ന്, ഷെഡ്യൂളിൽ പേജ് 11-ൽ Serial No: 54, Products notified by the Khadi and Village Industries Commission, at the point of sale by the manufacturing units approved by the Kerala Khadi and Village Industries Board എന്നു പറഞ്ഞ് fireworks, hand made soaps തുടങ്ങി 21 എണ്ണം ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ഖാദിയെ ഉൾപ്പെടുത്തിയിട്ടില്ല എന്നു പറയുന്നത്. അതെനിക്ക് മനസ്സിലാകുന്നില്ല. ഷെഡ്യൂളിൽ exempted goods-ൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ പറഞ്ഞ മിക്കവാറും എല്ലാ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് അത് ആവർത്തിച്ച് ഒഴിവാക്കുക എന്നു പറയുന്നത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമാണ്. മറ്റൊന്ന്, കുടുംബശ്രീ യൂണിറ്റുകളുടെ കാര്യമാണ്. 55-ൽ Products of Kudumbasree units at the point of sale by such units whose annual turnover does not exceed twenty five lakhs എന്നാണ്. എനിക്ക് ആവർത്തിച്ചു പറയാനുള്ളത് കുടുംബശ്രീ യൂണിറ്റുകളെ പൂർണ്ണമായി നികുതിയിൽ നിന്ന് ഒഴിവാക്കണമെന്നാണ്. കേരളത്തിൽ സമീപ കാലത്തുണ്ടായ വിപ്ലവകരമായ ഒരു മാറ്റമാണ് കുടുംബശ്രീ യൂണിറ്റുകൾ. ഗ്രാമീണമേഖലയിൽ സ്ത്രീകളുടെ ശാക്തീകരണം അടക്കമുള്ള കാര്യങ്ങൾക്ക് അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ പരിഹരിക്കാൻ വളരെയേറെ മാറ്റമുണ്ടാക്കാൻ സാധിച്ച ഒന്നാണ് കുടുംബശ്രീ യൂണിറ്റുകൾ. അതിനെ ടാക്സ് ലിമിറ്റിൽ കൊണ്ടുവരുന്നത് ആ യൂണിറ്റുകൾക്ക് ഗുണകരമായ ഫലമുണ്ടാകുകയില്ല അതുകൊണ്ട് വ്യാഖ്യാനങ്ങൾ എന്തായിരുന്നാലുംശരി, കുടുംബശ്രീ യൂണിറ്റുകളെ പൂർണ്ണമായും VAT -ന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. മറ്റൊന്ന് ഇവിടെ പറഞ്ഞത് എം. എൽ. എ. ഫണ്ടിന്റെ കാര്യമാണ്. എം. എൽ. എ. ഫണ്ടും എം. പി ഫണ്ടും നികുതി ഘടനയിലേക്ക് കൊണ്ടുവരുന്നത് തീർച്ചയായും ഗുണകരമായ കാര്യമല്ല. അതിന് നാലുശതമാനം ടാക്സ് വച്ചതായിട്ടാണ് ഷെഡ്യൂളിൽ കാണുന്നത്.

മി. ചെയർമാൻ: എം. എൽ. എ. ഫണ്ടിൽത്തന്നെ ബെനിഫിഷ്യറി കമ്മിറ്റികൾ നടത്തുന്ന വർക്കുകൾ പലതുമുണ്ട്. അതിന് ടാക്സ് .വേണോ വേണ്ടയോ എന്നു പരിശോധിക്കണം.

ശ്രീ. കെ. സി. ജോസഫ്: മിക്കവാറും വർക്കുകൾ ചെയ്യുന്നത് കമ്മിറ്റികളാണ്.

മി. ചെയർമാൻ: അവർ കോൺട്രാക്റ്റേഴ്സ് അല്ല.

ശ്രീ. കെ. സി. ജോസഫ്: കമ്മിറ്റികൾ വർക്കു ചെയ്യുന്നത് ലാഭേച്ഛയോടു കൂടിയല്ല. കമ്മിറ്റികൾ ലാഭേച്ഛയില്ലാതെ പൂർണ്ണമായും പ്രയോജനപ്രദമായ രീതിയിലാണ് വർക്കുകൾ ഏറ്റെടുക്കുന്നത്. അങ്ങനെയുള്ള കമ്മിറ്റികൾക്ക് വീണ്ടും നാലു ശതമാനം ടാക്സ് കൊണ്ടുവരുന്നത് ഗുണകരമായ കാര്യമല്ല. അത് ഗ്രാമീണമേഖലയിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ സഹായിക്കും.

മി. ചെയർമാൻ: സർ, അതുപോലെ ഫ്ളഡ് വർക്കും വരുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഫ്ളഡ് വർക്കിന്റെ കാര്യവുമുണ്ട്. ദയവായി ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. എം. എൽ. എ. ഫണ്ട്, എം. പി. ഫണ്ട്, ഫ്ളഡ് വർക്ക് എന്നിവ ചെയ്യുന്നത്.....

മി. ചെയർമാൻ: ഫ്ളഡ് വർക്ക് രണ്ടുലക്ഷം രൂപ വരെയുള്ളത് ടെണ്ടർ ചെയ്യാൻ പാടില്ല.

ശ്രീ. കെ. സി. ജോസഫ്: എം. എൽ. എ. ഫണ്ട്, 50 ലക്ഷം രൂപ എന്നുള്ളത് 75 ലക്ഷം രൂപ വരെയാക്കി വർദ്ധിപ്പിച്ചത് അങ്ങാണ്. അങ്ങ് ഒരു കൈകൊണ്ട് കൊടുത്തിട്ട് മറ്റേ കൈകൊണ്ട് എടുക്കാൻ തയ്യാറാകരുത്. ഗ്രാമീണ മേഖലയിൽ ഓരോ എം. എൽ. എ. വർക്കും ചെയ്യുന്നത് കമ്മിറ്റികളാണ്. കമ്മിറ്റികൾ ചെയ്യുന്ന വർക്കുകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് ഗുണകരമാകു

LIBRARY ARCHIVES Kerala Legislative Assembly

കയില്ല. നിർമ്മാണ വ്യവസായങ്ങൾക്ക് VAT വരുന്നതിനു മുമ്പായി കോമ്പൗണ്ടിംഗ് പ്രകാരം 2 ശതമാനം സെയിൽ ടാക്സാണ് ഉണ്ടായിരുന്നത്. VAT മുഖേന കോമ്പൗണ്ട് ടാക്സ് രണ്ടു ശതമാനത്തിന് പകരം നാലുശതമാനമായി വർദ്ധിപ്പിച്ചു. അന്ന് ന്യായീകരണമായി പറഞ്ഞത് ഇതുമൂലം കൺസ്ട്രക്ഷൻ രംഗത്ത് വിലവർദ്ധനവ് ഉണ്ടാകുകയില്ല എന്നാണ്. പക്ഷേ ഫലത്തിൽ വിലവർദ്ധനവ് ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം തുടർന്നും രണ്ടു ശതമാനം നികുതി തുടരാനും അത് ഉപഭോക്താക്കളിൽ നിന്ന് എടുക്കാനുമുള്ള അനുവാദം നൽകാനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. കുടുംബശ്രീ യൂണിറ്റുകളേയും എം. എൽ. എ. ഫണ്ട്, എം. പി. ഫണ്ട്, പ്രളയക്കെടുതിയിൽപ്പെട്ട വർക്കുകൾ എന്നിവ ഒഴിവാക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കരകൗശല ഉൽപ്പന്നങ്ങൾ ഷെഡ്യൂൾ 5-ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നേരത്തേ അതിന് നമ്മുടെ സംസ്ഥാനത്ത് ടാക്സ് ഇല്ലായിരുന്നു. ഗ്രാമീണമേഖലയിലാണ് കരകൗശല ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. അത് ഷെഡ്യൂൾ 1-ൽപ്പെടുത്തിയാൽ മാത്രമേ എക്സംപ്ഷൻ കിട്ടുകയുള്ളൂ. ഇപ്പോൾ 12 ശതമാനം ടാക്സ് കൊടുക്കേണ്ടിവരുകയാണ്. അത് ഇപ്പോൾ ഷെഡ്യൂൾ 5-ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: 1-ാം schedule-ൽ പ്രധാനമായും hand made goods-നെ ഒഴിവാക്കണം. hand made-ന് ടാക്സ് ഈടാക്കുന്നതിന് ഒരു ന്യായീകരണവുമില്ല. പ്രത്യേകിച്ച് മാർക്കറ്റിൽ ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ട്. മൾട്ടി നാഷണൽ കമ്പനികളുമായി അവർക്ക് കോംപീറ്റ് ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ചെറുകിട യൂണിറ്റുകളുടെ, ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ hand made ഉൽപ്പന്നങ്ങളെ പൂർണ്ണമായും ഒഴിവാക്കണം.

ശ്രീ. കെ. കെ. ഷാജു. സർ, എം. എൽ. എ. ഫണ്ടിനും ഫ്ളഡ് വർക്കിനും നികുതി ചുമത്തിയത് സംബന്ധിച്ച് പറയുകയുണ്ടായി. സ്പെഷ്യൽ എസ്. ജി. ആർ. വൈ.യും, എം. എൽ. എ. ഫണ്ടുമായി ക്ലബ്ചെയ്ത് നടത്തുന്നതിനുവേണ്ടി എം. എൽ. എ. മാരുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിരുന്നു. നാട്ടിൻപുറത്ത് വ്യപകമായ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതിന് ഇപ്പോൾ 14 ശതമാനം ടാക്സാണ് ഈടാക്കുന്നതെന്ന വിവരം അങ്ങേയ്ക്കറിയാമോ? നമ്മൾ ആരംഭിച്ചിട്ടുള്ള വികസനപ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്ന പ്രത്യേക വിഹിതമാണ്. സ്പെഷ്യൽ എസ്. ജി. ആർ. വൈ.യും, എം. എൽ. എ. ഫണ്ടുമായി ക്ലബ് ചെയ്യുന്ന പദ്ധതിക്ക് കൂടുതൽ ടാക്സ് ഏർപ്പെടുത്തുന്നതുകൊണ്ട് ആ പ്രവർത്തനങ്ങൾ ഗ്രാമീണമേഖലയിൽ നടക്കുന്നത് വളരെ മന്ദഗതിയിലാണെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ഇത്തരം കാര്യങ്ങൾ ടാക്സബിൾ ലിമിറ്റിൽ കൊണ്ടുവരുന്നത് ഗുണത്തേക്കാളേറെ ദോഷമാകും. ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായം അങ്ങ് പൂർണ്ണമായും കണക്കിലെടുക്കരുത്. ഗ്രാമീണമേഖലയിൽ.....

മി. ചെയർമാൻ: ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. കോൺട്രാക്റ്റ് ചെയ്യുന്ന വർക്കുകൾക്കാണ് 12 ശതമാനം ടാക്സ് ഇപ്പോൾ വച്ചിരിക്കുന്നത്. കോൺട്രാക്ടർമാർ ടെണ്ടർ ചെയ്യുമ്പോൾ സാധാരണ ഗതിയിൽ പ്രോഫിറ്റ് പെർസെന്റേജ് കൂടി ചേർത്തിട്ടാണ് ആ വർക്കിന്റെ ടെണ്ടർ ചെയ്യുന്നത്. ബെനിഫിഷ്യറി കമ്മിറ്റികൾ ചെയ്യുമ്പോൾ ആ പ്രോഫിറ്റ് പെർസെന്റേജ് അതിനകത്ത് ചേർക്കുകയില്ല. കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് എന്നു പറയുന്ന ഒരു പോർഷൻ ആ വർക്കിന്റെ പ്രോജക്ടിനകത്ത് വരാറില്ല. അതുകൊണ്ടാണ് ബെനിഫിഷ്യറി കമ്മിറ്റികൾ പതിമൂന്നര ശതമാനം ടാക്സ് കൊടുക്കേണ്ടി വരുന്നത്. ആ പ്രശ്നം വളരെ വ്യക്തമായിട്ട് നോക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: ഇത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ധനകാര്യവകുപ്പുമന്ത്രി എം. എൽ. എ. ആണല്ലോ. ധനകാര്യവകുപ്പുമന്ത്രിയുടെ ഫണ്ടിൽ നിന്നുള്ള വർക്കുകൾക്ക് ആറ്റിങ്ങൽ കോൺസ്റ്റിറ്റുവൻസിയിൽ വർക്ക് ചെയ്യുന്ന കമ്മിറ്റികളെ ടാക്സിൽ ഉൾപ്പെടുത്തുന്നത് ഒരിക്കലും ശരിയല്ല. അത് അങ്ങേക്ക് മനസ്സിലാകുന്ന ഒരു കാര്യമാണ്. സഭയുടെ പൊതുവായ വികാരമാണിത്. ബെനിഫിഷ്യറീസ് കമ്മിറ്റിയുടെ വർക്കിന് ടാക്സ് ഈടാക്കാൻ പാടില്ല. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. VAT വന്നാൽ നേരത്തേ ഗവൺമെന്റും ധനകാര്യവകുപ്പുമന്ത്രിയും വ്യക്തമാക്കിയതുപോലെ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നവിധത്തിൽ വില കുറയേണ്ടതാണ്. പക്ഷേ വില കുറയുന്നില്ലായെന്നുള്ളതാണ് നമ്മുടെ അനുഭവം. ഏപ്രിൽ മാസത്തിനുശേഷം പരിശോധിച്ചാൽ ജനങ്ങളുടെ അനുഭവം വില കുറയുന്നില്ലായെന്നുള്ളതാണ്. ഇതു സംബന്ധിച്ച് നമ്മുടെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കേണ്ടതാണ്. VAT വന്നു ഉൽപ്പാദകരുടെ കീശ വീർത്തു- മാതൃഭൂമി, VAT നടപ്പിലായിട്ടും വില കുറയുന്നില്ല- മലയാള മനോരമ, VAT - ൽ നികുതി കുറഞ്ഞു, കടയിൽ വില കൂതിക്കുന്നു - ദേശാഭിമാനി, ഇതൊരു യാഥാർത്ഥ്യമാണ്. 13-7-2005-ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 979-ന് മറുപടിയായി

7.00 PM] ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നൽകിയത്, 2004-2005 സാമ്പത്തികവർഷം സംസ്ഥാനത്തെ വില്പനനികുതി പിരിവ് എത്രയായിരുന്നു എന്നുകൂടി വെളിപ്പെടുത്താം. 6797.44 കോടി രൂപ. 2005-2006 വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

വില്പന നികുതി ലക്ഷ്യം എത്രയാണ്? 8200.01 കോടി രൂപ. വാറ്റ് നടപ്പിലാക്കുന്ന ആദ്യവർഷത്തിൽ വില്പന നികുതിക്കുണ്ടായേക്കാവുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ? 840 കോടി രൂപ. ഈ നഷ്ടം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? പ്രസ്തുത നഷ്ടം കേന്ദ്രസർക്കാർ നികത്തുമെന്ന ധാരണയാണുള്ളത്. അതുപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കിയത് 840 കോടി രൂപയുടെ വരുമാനനഷ്ടം വാറ്റ് നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുമെന്നാണ്. അത് കേന്ദ്രം തരുമെന്നുള്ള പ്രതീക്ഷയിലാണ് നമ്മൾ. പക്ഷേ പല ഇനങ്ങൾക്കും നികുതി കുറച്ചിട്ട് എന്തേ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെടുന്ന സാധനങ്ങളുടെയെല്ലാം വില കയറുന്നത് എന്നത് അതീവഗൗരവമായി നാം പരിശോധിക്കേണ്ടതല്ലേ? ഞാൻ വളരെ വിശദമായിട്ടുള്ള കണക്കുകളും കാര്യങ്ങളും പറയുന്നില്ല. മരുന്നിന്റെ കാര്യം മാത്രം പറയുകയാണ്. ഇപ്പോൾ മരുന്ന് ഷാപ്പുകളിൽ പോയാൽ തീവിലയാണ്. 98% മരുന്നുകളുടേയും വില വാറ്റ് നടപ്പാക്കിയതിനുശേഷം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അതിനുള്ള പ്രധാനമായ കാരണം എം.ആർ.പി.-യിൽ മരുന്ന് ഉല്പാദകർ വർദ്ധിപ്പിച്ചിരിക്കുന്നതാണ്. നമുക്ക് യാതൊരു നിയന്ത്രണവുമില്ല.

മി. ചെയർമാൻ: അത് നേരത്തേ ഇവിടെ സൂചിപ്പിച്ചതാണ്.

ശ്രീ. എം. വി. ജയരാജൻ: നേരത്തേ സൂചിപ്പിച്ചതാണ്, പക്ഷേ ഇത് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ്. Repetition ഞാൻ ഒഴിവാക്കാം. നേരത്തേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ സൗജന്യമായ നിരക്കിൽ മരുന്ന് നൽകാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ് നീതി മെഡിക്കൽ സ്റ്റോറുകൾ. Consumerfed-നേയും അതുപോലെതന്നെ വിവിധ സഹകരണ സംഘങ്ങളുടേയും കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകളിൽ വിതരണം ചെയ്യുന്ന മരുന്നിനുപോലും, വിലകുറച്ച് മരുന്ന് ജനങ്ങൾക്ക് നൽകാൻവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനത്തിൽപ്പോലും ഗുരുതരമായ പ്രതിസന്ധിയാണ് ഇതുമൂലമുണ്ടായിട്ടുള്ളത്. അതുകൊണ്ട് അങ്ങ് കഴിഞ്ഞ സഭയിൽ ഈ പ്രശ്നം ഉയർന്നുവന്നപ്പോൾ ഇത് നമ്മുടെ നിയന്ത്രണത്തിലല്ലെന്ന് മറുപടി പറഞ്ഞു. പക്ഷേ Empowered Committee മുഖേന ഇടപെടാനും ആവശ്യമാണെങ്കിൽ ഒരു നിയമനിർമ്മാണം നടത്താനും നമുക്ക് സാധിക്കണം. സാധിക്കുന്നില്ലെങ്കിൽ ഇതേ നിലപാട് നമ്മുടെ നാട്ടിൽ മറ്റ് ഉല്പാദക മേഖലയിലുമുള്ളവർ സ്വീകരിക്കും. നികുതി കുറയുമെന്ന് നമ്മൾ പറയുന്നു പക്ഷേ നാട്ടിൽ ജനങ്ങൾക്ക് അതിന്റെ ഒരു ആനുകൂല്യവും കിട്ടുന്നില്ല. ഇടത്തട്ടുകാർ ഇത് തട്ടിയെടുക്കുകയാണ്. ഫലത്തിൽ ജനങ്ങൾക്ക് ജീവിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്ത വിധത്തിൽ ദുസ്സഹമായ വിലക്കയറ്റംമൂലം പ്രയാസം സഹിക്കേണ്ടി വരികയും ചെയ്യുന്നു, ഇവിടെയിപ്പോൾ പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ ചിലർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ചെയർതന്നെ സൂചിപ്പിച്ചു, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ലോക്കൽ ബോഡീസിന്റെ പദ്ധതികൾ അതുപോലെതന്നെ ഫ്ളഡ് ഇതൊക്കെ വിവിധ ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതാണ്. ആ ഗുണഭോക്തൃ കമ്മിറ്റികളെ ഇതുവരെ നാം കരാറുകാരായി കണക്കാക്കിയിരുന്നില്ല. നികുതിയിളവ് അതുകൊണ്ടുതന്നെ അവർക്ക് ലഭിക്കുന്നു. പക്ഷേ, വാറ്റ് നടപ്പാക്കിയതോടുകൂടി അവർ 12.5% നികുതി കൊടുത്താൽ പോരാ 13.5% നികുതി കൊടുക്കേണ്ട സ്ഥിതിയാണ്. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. എന്നുമാത്രമല്ല, നമ്മുടെ നാട്ടിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങളുമുണ്ട്. ഗുണഭോക്തൃ കമ്മിറ്റിയുടെ പദവികൊടുത്തുകൊണ്ടാണ് നിർമ്മിതികേന്ദ്രങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ വാറ്റ് നടപ്പാക്കിയതുമൂലം അവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. അവരും നികുതി കൊടുക്കേണ്ടതുണ്ട്. അതുമാത്രമല്ല, നിർമ്മിതികേന്ദ്രങ്ങളോട് ഇപ്പോൾ അവർ പറയുന്നത് ചെങ്കല്ല്, പൂഴി അതുപോലെ നിർമ്മാണാവശ്യങ്ങൾക്കുവേണ്ട സാധനസാമഗ്രികൾ എല്ലാം അവർ വാങ്ങുന്നു. അവർ പർച്ചേസ് ചെയ്ത സാധനത്തിന്റെ ബില്ല് ഹാജരാക്കിക്കഴിഞ്ഞാൽ നികുതി ഒഴിവാക്കും. ഈ ചെങ്കല്ലിന്റെയും പൂഴിയുടെയും കാര്യത്തിൽ എങ്ങനെയാണ് ബിൽ ഹാജരാക്കാൻ കഴിയുക? മാത്രമല്ല, ഇപ്പോൾ ചില സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ ചെയ്യുന്നത് മൊത്തം എസ്റ്റിമേറ്റിന്റെ നിശ്ചിത നിരക്ക് കണക്കാക്കിക്കൊണ്ടാണ് നികുതി ഈടാക്കുന്നത്. നിർമ്മിതികേന്ദ്രങ്ങൾ ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് contractors profit ഉൾപ്പെടുത്താൻ പാടില്ല എന്നത് നിലവിലുള്ള വ്യവസ്ഥയാണ്. Contractors profit 10%-മോ അതിൽ കൂടുതലോ വ്യക്തമായി എസ്റ്റിമേറ്റിലുൾപ്പെടുത്തിക്കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നവർക്ക് ഈ നികുതി പ്രശ്നമേയില്ല. നിങ്ങൾ ഈ നികുതി ഈടാക്കിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ തുകയുണ്ടാകുമെന്നല്ലാതെ അവർക്ക് ഒരു പ്രയാസവുമില്ല. എന്നാൽ നിർമ്മിതികേന്ദ്രത്തിൽ അത് സാധിക്കില്ല, ഗുണഭോക്തൃ കമ്മിറ്റികൾക്ക് അത് പാടില്ലെന്നാണ് ചട്ടം. അങ്ങനെവരുമ്പോൾ യഥാർത്ഥത്തിൽ കേരളത്തിലെ നിർമ്മാണമേഖലയിൽ കരാറുകാർ എടുക്കുന്ന ലാഭമൊന്നും എടുക്കാതെ സേവനമെന്ന നിലയിൽ പ്രവർത്തനം നടത്തുന്ന ഏജൻസികളുടെയും ഗുണഭോക്തൃ കമ്മിറ്റികളുടെയും പ്രവർത്തനങ്ങളാകെ ഇല്ലാതാകും. ഫലത്തിൽ നമ്മുടെ നാട്ടിൽ കരാറുകാരുടെ നേതൃത്വത്തിൽമാത്രം നിർമ്മാണപ്രവർത്തനങ്ങൾ വരും. ഇതുണ്ടാക്കുന്നതോ വലിയ തോതിലുള്ള അഴിമതിയായിരിക്കും. കരാർപ്പണിയുണ്ടാക്കുന്ന അഴിമതിയും അതിന്റെ സ്വജനപക്ഷപാതവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുണ്ടാക്കുന്ന പ്രശ്നങ്ങളുമാണ് നമ്മുടെ നാട്ടിൽ ഇതുപോലുള്ള ഗുണഭോക്തൃ കമ്മിറ്റിയുടെ സേവനവും നിർമ്മിതികേന്ദ്രത്തിലെ പ്രവർത്തനങ്ങളും വരാൻതന്നെ കാരണം. നിർമ്മിതികേന്ദ്രത്തിന്റെ ലക്ഷ്യത്തിൽ പറയുന്നതുതന്നെ No profit no loss എന്നാണ്. അപ്പോൾ അങ്ങനെയുള്ള സ്ഥാപനങ്ങളെയും ഗുണഭോക്തൃ കമ്മിറ്റികളെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിലാണ് ഇപ്പോൾ വാറ്റിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ. അതുകൊണ്ട് ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ പൂർണ്ണമായും വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണം. ഈ വ്യവസായത്തിന് നമ്മുടെ സംസ്ഥാനം വലിയതോതിൽ കേഴുകയാണ്. നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരിൽത്തന്നെ രണ്ടോ മൂന്നോ ആളുകളൊഴിച്ച് ബാക്കിയെല്ലാവരും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷം വിദേശത്തു പോയവരാണ്. സംസ്ഥാന കൃാബിനറ്റിലെ ഒരംഗം വിദേശത്തു പോകണമെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ അനുമതി വേണമെന്നാണ് ചട്ടം. അതു പാലിക്കാതെപോലും പോയിട്ടുണ്ട്. വ്യവസായം ഇങ്ങോട്ടു കൊണ്ടുവരാൻ പോയവരാണ്. വ്യവസായം കൊണ്ടുവരാൻ പോയവർ ഈ സംസ്ഥാനത്തെ വ്യാവസായികമേഖലയിൽ നിക്ഷേപിക്കുന്നവർക്ക് സഹായകരമാകുന്ന ഒരു നിലപാട് വാറ്റിൽ സ്വീകരിക്കണ്ടേ? ഇവർ പോയിട്ടൊന്നും കിട്ടിയില്ലെന്നുള്ളത് മറ്റൊരു കാര്യം, അതിന് സഹായകരമാകുന്ന ഒരു നിലപാട് സ്വീകരിക്കണ്ടേ? ഈ മേഖലയിലെ സ്ഥിതി ഇപ്പോൾ എന്താണ്? Import ചെയ്യുന്ന യന്ത്രങ്ങൾക്ക് entry tax ആണ്. അത് 36 മാസം കഴിഞ്ഞ് തിരിച്ചുകൊടുക്കുമെന്ന് പറയുന്നുണ്ട്. മുതൽമുടക്ക് കൂട്ടുന്ന ഇത്തരം നിർദ്ദേശം വന്നാൽ ആരാണ് ഇവിടെ നിക്ഷേപിക്കാൻ പോകുന്നത്? എങ്ങനെയാണ് വ്യവസായം വരാൻ പോകുന്നത്? അതുകൊണ്ട് വ്യവസായനിക്ഷേപം വർദ്ധിപ്പിക്കാൻ സഹായകരമാകുന്ന നിർദ്ദേശങ്ങളല്ല വാറ്റിലുള്ളത്. മരം എൻട്രി ടാക്സിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഒരു കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടു യോജിക്കുകയാണ്. ലൈസൻസും രജിസ്ട്രേഷനുമില്ലാതെ, മരം വ്യവസായികൾ മരം കൊണ്ടുവരുന്നതിനു നിയമങ്ങൾ വേണം. അല്ലെങ്കിൽ മരം വ്യാപകമായ രീതിയിൽ ഇങ്ങോട്ടു ഡമ്പു ചെയ്യപ്പെടും. മരത്തിന്റെ കള്ളക്കടത്തു കേന്ദ്രമായിട്ട് നമ്മുടെ രാജ്യം മാറും. അതിനോടു യോജിക്കുന്നില്ല. ഞാൻ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ, കണ്ണൂരിൽ ഉണ്ടാകുന്ന പ്രത്യാഘാതം, ഇതും മരം വ്യവസായത്തെ ഗുരുതരമായി ബാധിക്കുന്നതാണ്. കണ്ണൂരിൽ പ്ലൈവുഡ് വ്യവസായം പൊതുവിൽ തകർച്ചയിലാണ്. ആ തകർച്ചയ്ക്ക് ആക്കംകൂട്ടാൻ സഹായിക്കുന്നതാണിത്. അതുകൊണ്ട് രജിസ്ട്രേഷൻ, ലൈസൻസ് ഇതെല്ലാം എടുത്തുകളഞ്ഞുകൊണ്ട് മരം വ്യവസായം നടത്തുന്നവരെ ഇതിൽനിന്നും ഒഴിവാക്കണം. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, നികുതി വർദ്ധിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. . കഴിഞ്ഞ 10 വർഷമായി 520 കോടി രൂപയുടെ വർദ്ധനവ് നമുക്കു കാണാൻ കഴിയും. പത്തു

വർഷം മുമ്പ് 940 കോടി രൂപയാണ് നികുതിവരുമാനമായി കണക്കാക്കിയതെങ്കിൽ, അങ്ങയുടെ മറുപടി, പോയ വർഷം ഏതാണ്ട് 6700 കോടി രൂപയുടെ വരുമാനം ഉണ്ടായി എന്നാണ്. പക്ഷേ, ഈ തോതിൽ കണക്കുകൂട്ടിയാൽ വാറ്റ് നടപ്പാക്കുന്ന ഈ വർഷം, 1350 കോടി രൂപയുടെ വരുമാനനഷ്ടം നമ്മുടെ സംസ്ഥാനത്തിനുണ്ടാകും. അതീവ ഗുരുതരമായ ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുന്ന സമയത്താണ്, ഇത്തരമൊരു പരിഷ്കാരം നമ്മൾ കൊണ്ടു വരുന്നത്. തത്ത്വത്തിൽ ഇത്തരമൊരു പരിഷ്കാരം പൊതുവിൽ അംഗീകരിക്കുമ്പോൾത്തന്നെ ഇതുമൂലം പ്രായോഗികമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, വളരെ ദീർഘമായ പ്രസംഗങ്ങൾ ഇവിടെ പലരും നടത്തി. വാറ്റിനെക്കുറിച്ചു നമ്മൾ നേരത്തെ പല പ്രാവശ്യം ഡിസ്കസ് ചെയ്തതാണ്. ഇതു സംബന്ധിച്ച ആക്ട് 2003-ൽ പാസ്സാക്കി. അതും നമ്മൾ ദീർഘമായി ഡിസ്കസ് ചെയ്തു. അതിനുശേഷം പല പ്രാവശ്യം നാം ചർച്ച ചെയ്തു. അതെല്ലാം തന്നെയാണ് ഇന്നും ഈ ഹൗസിൽ ചർച്ച ചെയ്യുന്നത്. ഇവിടെ പുതിയതായി ഒന്നും ഞാൻ കേട്ടില്ല. അന്നു പറഞ്ഞ കാര്യങ്ങൾതന്നെയാണ് ഇന്നും പറയുന്നത്. എല്ലാവർക്കും ടാക്സ് കുറയ്ക്കണം. ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം, സെയിൽസ് ടാക്സ് കൊണ്ടു മാത്രമാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. സർക്കാരിന്റെ ആകെ .വരുമാനത്തിന്റെ 71 ശതമാനമെന്നു പറയുന്നത് ഈ സെയിൽസ് ടാക്സാണ്. അവരവർക്ക് താൽപ്പര്യമുള്ളതിൽനിന്നെല്ലാം സെയിൽസ് ടാക്സ് കുറയ്ക്കണമെന്നാണ് ഇവിടെ പറയുന്നത്. അങ്ങനെയാണെങ്കിൽ ഇവിടെ ഒരു ഗവൺമെന്റും പ്രവർത്തിക്കില്ല. ടാക്സുണ്ടായിരുന്നപ്പോൾ വഴക്കുണ്ടായിരുന്നില്ല. ടാക്സ് കുറച്ചപ്പോഴാണ് അതെടുത്തുകളയണമെന്ന് പറയുന്നത്. അതാണ് ഇവിടെ കേട്ടതു മുഴുവൻ. അതുപോലെ ഏതെങ്കിലും ഒന്ന് കമ്മ്യൂട്ടു ചെയ്യുകയോ ഏതെങ്കിലും രീതിയിലുള്ള കോംപ്ലിക്കേഷൻസ് മാറ്റാൻ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ ഉടൻ അതിൽ പിടിച്ചുകയറും. അതേസമയത്ത് അത് അല്ലാത്തതെല്ലാം കുറയ്ക്കണം എന്നു പറയും. വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. ഈ വാറ്റ് വന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതാണ്. ശ്രീ. ജ്യോതിബാസു, ഇ.കെ. നായനാർ അടക്കമുള്ള മുഖ്യമന്ത്രിമാരെല്ലാംകൂടി തീരുമാനിച്ച കാര്യമാണ്. അതിനുശേഷം സംസ്ഥാന ധനകാര്യമന്ത്രിമാർ നിരന്തരമായി കഴിഞ്ഞ നാലഞ്ചുവർഷമായി അതിനുവേണ്ടി പരിശ്രമിച്ചു. ഡോ. അസീംദാസ് ഗുപ്തയെ ഞാൻ അഭിനന്ദിക്കുകയാണ്. The amount of pain he has taken. അദ്ദേഹം അത്ര പെയ്നെടുത്തു. He is a scholar. അതും ഞാൻ സമ്മതിക്കുന്നു. അന്തിമമായി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരുടെയും അനുവാദത്തോടുകൂടി ഒരു കൺസെൻസസ് ഉണ്ടാക്കിയതാണ് ഈ വാറ്റ്. അപ്പോൾത്തന്നെ ഇവിടെ മൽസരം വന്നു. അവരവരുടെ സംസ്ഥാനത്തിന്റെ വരുമാനമനുസരിച്ച് ചെയ്യേണ്ടതല്ലേ, ഇതെല്ലാം ഒന്നിച്ചാകാമെന്ന്. ഡോ. തോമസ് ഐസക്തന്നെ പറഞ്ഞു, അതെല്ലാം ഒന്നായിരിക്കണമെന്നു പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ എന്ന്. അതെല്ലാം നമ്മൾ ഡിസ്കസ് ചെയ്തതാണ്. ഡിസ്കസ് ചെയ്തതിന്റെ ഫലമായിട്ടാണ് അതാതു സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യമനുസരിച്ച് പരിഗണിക്കേണ്ട പത്ത് ഐറ്റം ഇതിൽ കൊടുത്തിരിക്കുന്നത്. 10 ഐറ്റം നിങ്ങൾ തീരുമാനിച്ചുകൊള്ളൂ. ബാക്കിയെല്ലാം കോമൺ ആയിരിക്കണം. ഇവിടെ പറഞ്ഞതു ശരിയാണ്. ചില സംസ്ഥാനങ്ങൾ ആ തീരുമാനത്തിനു വിപരീതമായി ചെയ്തു. ചെയ്ത ആളുകളോടെല്ലാം പറഞ്ഞു, നിങ്ങൾ യൂണിഫോം ആയിരിക്കണമെന്ന്. അപ്പോൾ ചെയ്തതെന്താണ്? കൂട്ടുകയല്ല ചിലർ കുറയ്ക്കുകയാണ് ചെയ്തത്. എല്ലാവരുടെയും ലോക്കൽ പ്രഷർകൊണ്ട് അവരോട് പറഞ്ഞത്, അവർ യൂണിഫോം റേറ്റിൽ നിന്നില്ലെങ്കിൽ അവർക്ക് കോമ്പൻസേഷൻ കൊടുക്കില്ല. Unanimous decision of the Empowered Committee, ഏതെങ്കിലും ഒരു സംസ്ഥാനം കുറച്ചാൽ അവർക്ക് കോമ്പൻസേഷൻ കൊടുക്കില്ല. അതുപോലെതന്നെ അവർ തിരിച്ചും ഈ യൂണിഫോം റേറ്റിലേക്കു വരണം. അതും എംപവേർഡ് കമ്മിറ്റി തീരുമാനിച്ചതാണ്. അതുതന്നെയാണ് കേന്ദ്ര ഗവൺമെന്റും എടുത്തിരിക്കുന്ന തീരുമാനം. ഞങ്ങളുടെ മീറ്റിംഗിൽ വന്ന മിനിസ്റ്റർമാരൊക്കെ പറഞ്ഞതാണ് എംപവേർഡ് കമ്മിറ്റിയുടെ യുനാനിമസ്സായിട്ടുള്ള തീരുമാനമനുസരിച്ചുള്ള ഒരു റേറ്റല്ലാതെ, സംസ്ഥാന തലത്തിൽ അതിൽ വേരിയേഷൻ വരുത്തിയാൽ, അതിനു കോമ്പൻസേഷൻ കൊടുക്കില്ല എന്നാണ് കേന്ദ്ര ഗവൺമെന്റും എടുത്തിരിക്കുന്ന തീരുമാനം. നമുക്കു ചില പരിമിതികളുണ്ട്. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണ് ഇതു ചെയ്തത്. കേരള ഗവൺമെന്റ് ഇനിഷ്യേറ്റീവെടുത്ത് കേന്ദ്രത്തിനോട് ആവശ്യപ്പെട്ട പലതും അംഗീകരിച്ചു കിട്ടിയിട്ടുണ്ട്. അതിൽ എനിക്കു സന്തോഷമുണ്ട്. എല്ലാം കേന്ദ്രത്തിൽ ഡിസ്കസ് ചെയ്തതിന്റെ ഫലമായിട്ട് എടുത്തിട്ടുള്ള തീരുമാനമാണ് നമ്മൾ എടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അതിനു വിപരീതമായി ചെയ്യാൻ കുറച്ചു ബുദ്ധിമുട്ടുണ്ട്. ഡോ. തോമസ് ഐസക്കിനും ശ്രീ. ആര്യാടൻ മുഹമ്മദ് ചോദിച്ച ചോദ്യത്തിനും മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ഉന്നയിച്ച ചില പ്രധാന കാര്യങ്ങൾ ഞാൻ പറയാം. വാറ്റ് നിയമത്തിൽ വരുത്തിയിട്ടുള്ള മിക്ക മാറ്റങ്ങളും ദേശീയ തലത്തിലുള്ള തീരുമാനങ്ങളാണ്.

ഡോ. തോമസ് ഐസക്: ഞാൻ ആമുഖമായി പറഞ്ഞ കാര്യങ്ങൾ അങ്ങനെ വിമർശിക്കാനോ സർക്കാരിനെ വിമർശിക്കാനോ അല്ല. ഈ വാറ്റ് സംബന്ധിച്ച് ഒരു പുതിയ നികുതിനയം വന്നു. അതു സംബന്ധിച്ച് വിദഗ്ദ്ധർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ടെക്നിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി ഗോവിന്ദറാവു ചെയർമാനായിട്ടുള്ളതാണ്. പക്ഷേ, യൂണിഫോം റേറ്റു വേണ്ട, ഫ്ളോർ റേറ്റു മതി എന്നുള്ള തീരുമാനത്തിലാണ് എത്തിച്ചേർന്നത്. അപ്പോൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ പുനഃപരിശോധിക്കേണ്ടി വരുമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. വേറെ ഒന്നുമില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിൽ കുറഞ്ഞത് ഇത്രയായിരിക്കണമെന്നുണ്ട്. അല്പസ്വല്പം കൂടുന്നതിൽ ഇപ്പോഴും ബുദ്ധിമുട്ടില്ല. കുറഞ്ഞത് ഇത്രയായിരിക്കണമെന്നുള്ളതാണ് ഒരു തീരുമാനം.

ശ്രീ. എ. കെ. ബാലൻ: സ്ലാബ് സിസ്റ്റമുണ്ടായിരുന്നില്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: ഒരുപാട് സ്ലാബ് സിസ്റ്റം ഉണ്ടായിരുന്നു. പലതിനും പലതായിരുന്നു. പക്ഷേ, നമ്മൾ വാറ്റിൽ ചെയ്തത് അതു കുറച്ചു. 0%, 1% for rice and gold alone, 4% and 12% ഇതായി പരിമിതപ്പെടുത്തി. അതു പരിമിതപ്പെടുത്തിയതുകൊണ്ടാണ് പലതിന്റെയും റേറ്റു കുറഞ്ഞത്. അപ്പോൾ റേറ്റ് കുറച്ചിട്ടുണ്ടെങ്കിൽത്തന്നെയും ഭീമമായ നഷ്ടം വരില്ല, because of the transparents. അതു ഞാൻ നേരത്തെ പറഞ്ഞതാണ്. അതൊന്നും റിപ്പീറ്റു ചെയ്യാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഇത് ഒരുപാട് അമെന്റ്മെന്റ് വന്നതിനു പുറത്താണ്. ഒരു പുതിയ കാര്യം തുടങ്ങുകയല്ലേ. ഒരു പുതിയ കാര്യം തുടങ്ങുമ്പോൾ, അത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകും. അങ്ങനെയുള്ള ബുദ്ധിമുട്ട് വരുമ്പോൾ ഞങ്ങൾ അത് എംപവേർഡ് കമ്മിറ്റിയിൽ വയ്ക്കും. അപ്പോൾ അവർ ഒരു ഡയറക്ഷൻ തരും. തീരുമാനങ്ങളെടുക്കും. അതുകൊണ്ട് ധാരാളം അമെന്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഞങ്ങളുടെ പരിധിയിൽ വരുന്ന, നമുക്ക് ചെയ്യാവുന്ന ചില കാര്യങ്ങളിൽ നടപടിയെടുക്കും. നിങ്ങളുടെ അഭിപ്രായമനുസരിച്ച്, നിങ്ങൾ ചില പ്രശ്നങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ അതിനുവേണ്ട നടപടികളെടുക്കും. ഇവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ധാരാളം അമെന്റ്മെന്റുകൾ വന്നിട്ടുണ്ടെന്ന് ഡോ. തോമസ് ഐസക് പറഞ്ഞത് ശരിയാണ്. ഞാൻ സമ്മതിക്കുന്നുണ്ട്. രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളുടെ ചർച്ചയിലും അസോസിയേഷനുകളുടെ ചർച്ചയിലും എം.എൽ.എ.-മാരുമായുള്ള ചർച്ചയിലുമെല്ലാം വരുന്ന ന്യായമായ അവകാശങ്ങൾ അനുവദിച്ചുകൊണ്ടുള്ള അമെന്റ്മെന്റ് ഇതെല്ലാം എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റ പരിധിയിൽ നിന്നുകൊണ്ട് അതിന്റെ വയലേഷനാകാതെ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തിട്ടുണ്ട്. ഇവിടെ അമെന്റ്മെന്റ് അവതരിപ്പിച്ചതിനുശേഷം ഞങ്ങൾക്കുതന്നെ ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവരേണ്ടിവന്നു. അതെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നു. സബ്ജക്ട് കമ്മിറ്റിയിൽ അന്ന് ചുരുക്കം ദിവസങ്ങളേയുള്ളുവെങ്കിലും അമെന്റ്മെന്റുകൾ കൊണ്ടുവന്നു. അതിന്റെ ഓരോന്നിന്റെയും പ്രായോഗികവൈഷമ്യങ്ങൾ പ്രാരംഭദിശയിൽ നമ്മൾ ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടിവരും. പക്ഷേ, ഒടുവിൽ പെർഫെക്ട് നിയമമായി മാറുമ്പോൾ നമ്മുടെ പല ബുദ്ധിമുട്ടുകളും ഒഴിവാകും. ഞാൻ കൂടുതൽ സമയം എടുക്കണമെന്ന് ആഗ്രഹിക്കുന്നില്ല. വാറ്റ് നടപ്പിലാക്കിയിട്ടുള്ള മിക്ക രാജ്യങ്ങളിലും ഫിക്സഡ് റേറ്റാണ്. അല്ലാതെ flow rate അല്ല. ഒരു പ്രധാന കാര്യം ഇവിടെ പറഞ്ഞത് കുടുംബശ്രീയുടെ കാര്യമാണ്. കുടുംബശ്രീ പടുത്തുയർത്തിയതിൽ ഈ ഗവൺമെന്റിന് നല്ലൊരു പങ്കുണ്ട്. അതിൽ അഭിമാനം കൊള്ളുന്നവരാണ് ഞങ്ങൾ. അതുകൊണ്ടുതന്നെയാണ് കുടുംബശ്രീക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ അനേകകോടി രൂപ വകകൊള്ളിച്ചത്. ഡോ. തോമസ് ഐസക്കിന് അറിയാമല്ലോ. കുടുംബശ്രീക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : ഖാദി ഉൽപ്പന്നങ്ങൾക്ക്.....

ശ്രീ. വക്കം പുരുഷോത്തമൻ: കുടുബശ്രീയുടെ കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ ഖാദിയുടെ കാര്യമോ. ശ്രീ. വി. ചെന്താമരാക്ഷൻ ഖാദി ഇടുന്നില്ലല്ലോ, ഞാനാണ് ഖാദി ഇടുന്നത്. അതുകൊണ്ട് കുടുംബശ്രീക്ക് പരമാവധി സഹായം ചെയ്യണമെന്നുതന്നെയായിരുന്നു ഉദ്ദേശം. അതിന് പല ചർച്ചകളും നടത്തി അവരെ ഒരു രീതിയിലും ബുദ്ധിമുട്ടിക്കരുതെന്ന് എനിക്ക് വളരെ നിർബന്ധമുണ്ടായിരുന്നു. ഇപ്പോൾ ചില ഉൽപ്പന്നങ്ങൾ വിൽക്കണമെന്നുണ്ടെങ്കിൽ അത് വാങ്ങുന്നവർക്ക് സെറ്റ്ഓഫ് കിട്ടണമെങ്കിൽ നികുതി വേണം. അതല്ലെങ്കിൽ വാങ്ങുന്നവർക്ക് സെറ്റ്ഓഫ് കിട്ടുകയില്ല. അതുകൊണ്ട് പലരും ഇത് ഇൻസിസ്റ്റ് ചെയ്യാറുണ്ട്. ഇപ്പോൾ ഉദാഹരണത്തിന് ഇവിടെ കൈകൊണ്ട് ഉണ്ടാക്കുന്ന സോപ്പുണ്ട്. അതിലെ വലിയ ഷോപ്പുകാർ അവരെ ടാക്സിൽനിന്നും ഒഴിവാക്കണമെന്ന് പറഞ്ഞു. നമ്മൾ കൈകൊണ്ട് ഉണ്ടാക്കുന്ന സോപ്പാണ്. നമുക്ക് ടാറ്റാ കമ്പനിപോലുള്ളവരോട് മൽസരിക്കാൻ കഴിയില്ല, അതുകൊണ്ട് കൈകൊണ്ട് ഉണ്ടാക്കുന്ന സോപ്പിന്റെ കാര്യം കഷ്ടമാണെന്നു പറഞ്ഞപ്പോൾ ഞാൻ അത് പരിശോധിച്ചു. അതുപോലെ കേരളത്തിൽത്തന്നെ ഉണ്ടാക്കുന്ന ചില സോപ്പുനിർമ്മാതാക്കൾ വലിയ കമ്പനിക്കാർ വന്നു പറഞ്ഞു, നമുക്ക് മിനിമം ടാക്സ് തരണം എങ്കിൽമാത്രമേ നമുക്ക് സെറ്റ്ഓഫും മറ്റും കിട്ടുകയുള്ളു, അല്ലെങ്കിൽ നമുക്ക് സെറ്റ്ഓഫിന് അവകാശമില്ലാതെവരും. അതുകൊണ്ട് ടാക്സ് വേണമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ എന്നെ ആദ്യം വന്നുകണ്ട സോപ്പിന്റെ ഉടമയെ വിളിച്ചു പറഞ്ഞു. അവർ ഇതാണ് പറയുന്നത്, നിങ്ങൾക്ക് എന്താണ് വേണ്ടതെന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, നാല് ശതമാനം ടാക്സ് വേണമെന്ന്. അപ്പോൾ ചിലർക്ക് ടാക്സ് വേണം. അതുപോലെതന്നെ കുടുംബശ്രീയുടെ കാര്യവും 25 ശതമാനത്തിന് സ്വൽപ്പം ടാക്സ് ഉള്ളതാണ് നല്ലതെന്ന ഒരു അഭിപ്രായം വന്നു. അതുകൊണ്ടാണ് ഒരു ശതമാനം ടാക്സ് വച്ചത്. എനിക്ക് ഒരു ശതമാനം വയ്ക്കുന്നതും ഇഷ്ടമില്ല. ഈ ഹൗസിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും അഭിപ്രായങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾക്ക് ഒരു ടാക്സും ഉണ്ടായിരിക്കുന്നതല്ല. ഇനി ടാക്സ് വയ്ക്കണമെന്നുണ്ടെങ്കിൽ ഡോക്ടർ തോമസ് ഐസക്കിനെപ്പോലുള്ളവർ എന്റടുത്ത് വന്നു പറയണം. ഞാൻ ഓപ്പണായിട്ട് സംസാരിക്കുന്ന ഒരാളാണെന്ന് നിങ്ങൾക്കെല്ലാം അറിയാമല്ലോ. അവർക്ക് ഒരു പരിധി കഴിഞ്ഞാൽ മാർക്കറ്റിൽ പിടിച്ചുനിൽക്കണമെന്നുണ്ടെങ്കിൽ, വലിയ കമ്പനിക്കാർ വാങ്ങണമെന്നുണ്ടെങ്കിൽ അവർക്ക് സ്വൽപ്പം ടാക്സ് ഉണ്ടെങ്കിലേ പറ്റുകയുള്ളു. ടാക്സ് ഇല്ലാതെ വരുന്ന സാധനങ്ങൾക്ക് അവർക്ക് യാതൊരു രീതിയിലുള്ള സെറ്റ് ഓഫിനും അർഹത കാണുകയില്ല. അതുകൊണ്ട് ടാക്സ് വേണമെന്ന് കുടുംബശ്രീയെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ആളുകൾ എന്റടുത്ത് വന്നു പറഞ്ഞിട്ടാണ് ഞാൻ അത് ചെയ്തത്. ആ ആളിന്റെ പേര് ഞാൻ പറയുന്നില്ല. പക്ഷേ, ഈ ഹൗസിന്റെ കൺസെൻസസ്, ടാക്സ് പാടില്ലായെന്നുള്ളത് എനിക്ക് അനുകൂലമാണ്. അതുകൊണ്ട് കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾക്ക് ടാക്സ് ഉണ്ടായിരിക്കുന്നതല്ല. ഇവിടെ ബയോ ഫെർട്ടിലൈസേഴ്സിന്റെ കാര്യം പറഞ്ഞു.

ശ്രീ. വി. ചെന്താമരാക്ഷൻ : കുടുംബശ്രീയുടെ ഉൽപ്പന്നങ്ങളെ ടാക്സിൽ നിന്നും ഒഴിവാക്കിയല്ലോ. അതിനു സമാനമായ ഒരു മേഖലയാണ് ഖാദിയും. എസ്.സി./എസ്.ടി. വിഭാഗക്കാർ കൈകാര്യം ചെയ്യുന്ന സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കുടുംബശ്രീ മിഷനിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് സമാനമായിട്ടുള്ളതുതന്നെയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ : അവർക്ക് ടാക്സ് ഇല്ല. എസ്.സി./ എസ്.ടി. ക്കാരുടെ സൊസൈറ്റിയുടെ കാര്യമാണ് പറയുന്നതെങ്കിൽ അവർക്ക് ടാക്സ് ഇല്ല. അത് എവിടെയെങ്കിലുമുണ്ടെങ്കിൽ എനിക്ക് നോട്ടീസ് തരൂ. അങ്ങനെയൊരു ഇന്റൻഷൻ ഗവൺമെന്റിന് ഇല്ല. You bring to my notice. It is not my intention. അത് ഞാൻ ശരിയാക്കാം.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : അങ്ങ് ഇങ്ങനെ ഓരോന്ന് ഓരോന്ന് ടാക്സിൽനിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുന്ന trend-ൽ ഇതുംകൂടി ആയിക്കോട്ടെയെന്ന് വിചാരിച്ചാണ് ഞാൻ പറയുന്നത്. കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് ഇതുവരെ ടാക്സ് ഉണ്ടായിരുന്നില്ല. ഇത് ശ്രീ. തോമസ് ഉണ്ണിയാടനും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അതുകൊണ്ട് ദയവായി അതിന്റെ ടാക്സ് ഒഴിവാക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ അതിന് മറുപടി പറയാം. Bio-fertilizers, ഇത് നാല് ശതമാനം നികുതിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമാണ്. അതേയവസരത്തിൽ Organic manure-ന് ടാക്സ് ഇല്ല. പിണ്ണാക്ക്, മീൻവളം, കംപോസ്റ്റ്, കോഴി ഇതെല്ലാം അതിൽ വരും. അതിന് യാതൊരുവിധ ടാക്സും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : വാറ്റ് വരുന്നതിനുമുൻപ് കേരളത്തിൽ രണ്ട് ശതമാനം വിൽപ്പന നികുതി കെട്ടിടനിർമ്മാതാക്കൾ ഉപഭോക്താക്കളിൽനിന്ന് നേരിട്ട് കളക്ട് ചെയ്ത് അടച്ചുകൊണ്ടിരുന്നു. എന്നാൽ ഈ കെട്ടിട നിർമ്മാതാക്കൾക്ക് "സി" ഫോമിൽക്കൂടി നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള അധികാരവും നൽകിയിരുന്നു. എന്നാൽ വാറ്റ് വന്നതിനുശേഷം ഈ നികുതി നിയമത്തിൻമേൽ വിലവർദ്ധനവ് ഉണ്ടാകില്ല എന്നാണ് ഗവൺമെന്റ് നേരത്തെ പറഞ്ഞത്. എന്നാൽ ഇപ്പോൾ അതൊരു പ്രശ്നമായി വന്നിരിക്കുകയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ : അതിനിപ്പോൾ പ്രശ്നമൊന്നുമില്ല. ഇപ്പോഴും കേരളത്തിൽനിന്നും വാങ്ങിക്കുന്ന വസ്തുക്കൾക്ക് രണ്ട് ശതമാനം കോമ്പൗണ്ടിംഗും കേരളത്തിന് പുറത്തുനിന്ന് വാങ്ങിക്കുന്നതിനാണെങ്കിൽ നാല് ശതമാനവുമാണ്. ഖാദിയുടെ കാര്യമെടുത്താൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് നിയമത്തിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളെയാണ് നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. അതേയവസരത്തിൽ കൈത്തൊഴിലായ കുടിൽ വ്യവസായങ്ങൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്ത് യന്ത്രങ്ങളും മറ്റും ഉപയോഗിച്ച് വലിയ തോതിൽ നടത്തുന്ന വ്യവസായങ്ങളെ ഒഴിവാക്കിയിട്ടില്ല. ഇവിടെ സ്പെഷ്യൽ ഇക്കണോമിക് സോണിനെക്കുറിച്ച് പറഞ്ഞു. ഈ സ്പെഷ്യൽ ഇക്കണോമിക് സോണിൽ ഉണ്ടാക്കുന്നത് മുഴുവൻ കയറ്റുമതി ചെയ്യുന്ന സാധനങ്ങളാണ്. അതുകൊണ്ട് പണ്ടേ tax exempted ആണ്. ഇത് 1984 മുതൽ സെയിൽസ് ടാക്സ് നിയമമനുസരിച്ച് നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. അതുപോലെ കരകൗശലവസ്തുക്കളെക്കുറിച്ച് പറഞ്ഞു. കരകൗശല വസ്തുക്കൾക്ക് ഇന്നുവരെ 12.5 ശതമാനം ടാക്സ് ഉണ്ടായിരുന്നു. ഇതിപ്പോൾ നാല് ശതമാനമായി കുറച്ചു. അത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമാണ്. റോസ്ഗാർ യോജന, എം.എൽ.എ. ഫണ്ട് ഇതിനെല്ലാം ഇപ്പോൾ ആദ്യമായിട്ട് ടാക്സ് വച്ചതല്ല. ബഹുമാനപ്പെട്ട മമ്മത്കോയ തന്നെയാണ് ഇവിടെ ഒരു സബ്മിഷൻ കൊണ്ടുവന്നത്. റോസ്ഗാർ യോജനയ്ക്ക് പന്ത്രണ്ടര ശതമാനത്തിൽനിന്നും 6.4 ശതമാനം ആക്കണമെന്ന് അദ്ദേഹംതന്നെയാണ് പറഞ്ഞത്. അതിപ്പോൾ 4 ശതമാനമാക്കി പ്രഖ്യാപിച്ചു. ഇപ്പോൾ കുറയ്ക്കുകയാണ് ചെയ്തത്. കൂട്ടിയിട്ടില്ല.

മി. ചെയർമാൻ *(ശ്രീ. തോമസ് ചാഴികാടൻ)* : എം.എൽ.എ. ഫണ്ടും ഫ്ളഡ്ഡിലെ വർക്കുകളും ബെനിഫിഷ്യറി കമ്മിറ്റികൾ നടത്തുമ്പോൾ അത് ടെന്റർ ചെയ്യുന്നില്ല എന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ടെന്റർ ചെയ്യുന്ന വർക്കുകളാണെങ്കിൽ കോൺട്രാക്ടേഴ്സ് 10 ശതമാനവും 12 ശതമാനവും ഒക്കെ പ്രോഫിറ്റ് ചേർക്കാറുണ്ട്. അങ്ങനെയുള്ള കേസുകളിൽ ഇത് ഒഴിവാക്കണമെന്നാണ് നേരത്തെ സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ആകെ വരുമാനത്തിന്റെ എഴുപത്തിയൊന്ന് ശതമാനം സെയിൽസ് ടാക്സ് ആണ്. അത് ഓരോന്നായി ഒഴിവാക്കിപ്പോയാൽ പറ്റില്ല. അതേസമയത്ത് പാവപ്പെട്ട ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. എവിടെയെല്ലാം സൗജന്യം കാണിക്കാമോ അവിടെയെല്ലാം സൗജന്യം കാണിച്ചിട്ടുണ്ട്. ബീഡിയുടെ കാര്യം ഇവിടെ പറഞ്ഞതാണ്. ബീഡിക്ക് നികുതി ഇല്ല. ബീഡി ഇലയ്ക്ക് 8 ശതമാനം ഉണ്ടായിരുന്നു. അതിപ്പോൾ നാല് ശതമാനമാക്കി കുറച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബീഡി ഇലയുടെ കാര്യം അങ്ങ് കഴിഞ്ഞ തവണ ചർച്ച ചെയ്ത സമയത്ത് പറഞ്ഞതാണ്, നാല് ശതമാനം തന്നെ ഒഴിവാക്കുന്ന കാര്യം നമുക്ക് പിന്നീട് ആലോചിക്കാമെന്ന്. ബീഡി വ്യവസായത്തിന്റെ സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് അങ്ങ് തൊഴിലാളികളെ സഹായിക്കുന്ന ഒരാൾ ആയതുകൊണ്ട് അതൊന്ന് ഒഴിവാക്കിയാൽ ബീഡി തൊഴിലാളികൾ എങ്കിലും അങ്ങയെ ഓർക്കുമല്ലോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബീഡി തൊഴിലാളികളോടുള്ള ഗവൺമെന്റിന്റെ സമീപനംകൊണ്ടാണ് അത് പരിശോധിക്കാമെന്ന് പറഞ്ഞത്. നാല് ശതമാനം കുറയ്ക്കുന്ന കാര്യം ബീഡി ഇലയ്ക്കാണ് പറഞ്ഞത്.

ഡോ. തോമസ് ഐസക്: ഖാദി ഉൽപ്പന്നങ്ങളെല്ലാം എക്സംപ്റ്റഡ് ആണെന്ന് അങ്ങ് പറഞ്ഞു. ആ ഷെഡ്യൂൾ നോക്കിയാൽ മാനുഫാക്ചറിംഗ് യൂണിറ്റുകൾ വിൽക്കുന്ന ഉൽപ്പന്നം എന്ന് ഉണ്ട്. എന്നാൽ ഖാദി ഗ്രാമോദ്യോഗ് ഭവനിൽ പല മാനുഫാക്ചറിംഗ് യൂണിറ്റുകളിലെ ഉൽപ്പന്നങ്ങളും കൊണ്ടുവച്ച് വിൽക്കുകയാണ്. അവയ്ക്ക് ഈ എക്സംപ്ഷൻ കിട്ടുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : അതാണ് ഞാൻ പറഞ്ഞത്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് നിയമത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളെയാണ് ഈ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. നേരെമറിച്ച്, ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രങ്ങളും മറ്റും ഉപയോഗിച്ച് വലിയ തോതിൽ ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് എക്സംപ്ഷനില്ല. ഞാൻ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിൽ അത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ അത് ശരിയല്ല എന്ന് ബഹുമാനപ്പെട്ട മെമ്പർമാർക്ക് തോന്നുകയാണെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ 24 മണിക്കൂറിനകം അതിനുള്ള പരിഹാരം കാണുന്നതാണ്.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള വാല്യു ആഡഡ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Sri Thampanoor Ravi: Sir, I move the following amendments:

(83) In Section 2 of the principal Act proposed to be amended by clause 2 (1) in clause (vii) for the words 'any person who' shall be substituted by the words 'any person or firm who'.

(92) In Section 2 of the principal Act, proposed to be amended by clause 2 (3), in clause (xiv) after the words "any persons" insert the words "or firm".

(94) In Section 2 of the principal Act, proposed to be amended by clause 2 (3) in clause (xiv) the words "a sub-contractor" may be replaced by the word "one or more sub-contractors".

(98) In Section 2 of the principal Act, proposed to be amended by clause 2 (3), in clause (xxxvi A) the words "other similar agency" shall be replaced by the words "similar government of Quasi Government agency".

(101) In Section 2 of the principal Act, proposed to be amended by clause 2 (7) (b) in clause (ii) of Explanation III after the word "any" insert the word "authorised".

Sri A. K. Balan: Sir, I move the following amendments:

(86) In Section 2 of the principal Act proposed to be amended by clause 2 (1) the clause (vii) shall be recast as follows:

"(vii) "awarder" means any person, firm or company or association or group of individuals or trust or authority or Co-operative Bank or Co-operative Society who awards any works contract to a contractor for execution".

GPM. 2/587/2012.—51

LIBRARY ARCHIVES Kerala Legislative Assembly

(88) In Section 2 of the principal Act proposed to be amended by clause 2, sub clause (3) shall be deleted.

(99) In Section 2 of the principal Act, proposed to be amended by clause 2 (3), in clause (xxxvi A) the following words shall be added at the end "and if no such sales is available the sale price of the sale of goods fixed by the assessing authority".

"awardcr"-ന്റെ നിർവ്വചനത്തിൽ "person" എന്നാണ് പറയുന്നത്. കമ്പനികളെയും അതുപോലെ മറ്റു സ്ഥാപനങ്ങളെയും ഉൾപ്പെടുത്തേണ്ടതാണ്. മൂലനിയമത്തിൽ അങ്ങനെ ഉണ്ടായിരുന്നു. മറ്റൊന്ന് prevailing market price -ന്റെ ഡെഫനിഷനിൽ ആത് നിലവിലുള്ള കമ്പോളവില എന്ന ഒരു പുതിയ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ് ഈ ഭേദഗതികൊണ്ട് നിർദ്ദേശിക്കുന്നത്. അതിന് Economics and Statistics Department, Kerala Civil Supplies Corporation, മറ്റ് ഏജൻസികളോ പ്രസിദ്ധീകരിക്കുന്ന വിലയാണ് നിലവിലുള്ള കമ്പോള വിലയുടെ നിർവ്വചനത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത്തരം സ്ഥിതിവിവര കണക്കുകൾ ലഭ്യമാകാത്ത ചില സ്ഥാപനങ്ങളുണ്ട്. അതിന്റെ കാര്യത്തിൽ കമ്പോളവില നിർണ്ണയിക്കുന്നതിന് വിൽപ്പന നികുതി assessing authority-ക്ക് അധികാരം കൊടുക്കുന്നതായിരിക്കും നല്ലത്.

Sri M. V. Jayarajan: Sir, I move the following amendment:

(93) In Section 2 of the principal Act, proposed to be amended by clause 2 (3), in clause (xiv) for the word "person" the words "individual or body of individual in any firm" shall be substituted.

Sri K. P. Rajendran: Sir, I move the following amendment:

(95) In Section 2 of the principal Act, proposed to be amended by clause 2 (5), in clause (xxiii) for the word "any" substitute the word "taxable".

Sri P. J. Joy: Sir, I move the following amendment:

(96) In Section 2 of the principal Act, proposed to be amended by clause 2 (6) in clause (xxxvi A) for the words "for authorised agency" substitute "agency authorised by the governmcnt in this behalf" and add at the end "as may be inserted".

Sri P. T. Thomas: Sir, I move the following amendment:

(102) In Section 2 of the principal Act, proposed to be amended by clause 2 (7), in clause in the Explanation VII after the words "any amount" insert the

LIBRARY ARCHIVES Kerala Legislative Assembly

words "or goods" and for "the amount so received" substitute the words "the amount or the value of goods so received".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഭേദഗതികൾ സ്വീകാര്യമല്ല.

മി. ചെയർമാൻ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 83, 92, 94, 98, 101 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 86, 88, 99 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച. 95-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Sri A. K. Balan: Sir, I move the following amendments:

(103) In Section 6 (1) of the principal Act proposed to be amended by clause 3 (1) (a) insert the words "or precious metals such as diamond" in between the words "silver articles" and "or contractor".

(114) In the third proviso newly inserted in sub-section (1) of Section 6 of the principal Act proposed to be substituted by clause 3 (1) (g) delete the following words "but he shall be liable to pay tax irrespective of the total turnover in any subsequent year."

(118) In the 4th proviso to sub-section (1) of Section (6) of the principal Act proposed to be inserted by clause 3 (1) (g) substitute the words "four percentage" by the words "2% of the amount which exceeds 5 lakhs rupees".

LIBRARY ARCHIVES Kerala Legislative Assembly

Sri V. K. C. Mammed Koya: Sir, I move the following amendments:

(105) Sub-section (1) (d) of Section 6 of the principal Act proposed to be amended by clause 3 (1) shall be amended as follows:—

"(d) for clause (d) the following clause shall be substituted, namely:—

"(d) in the case of goods not falling under clauses (a) or (c) at the rate at 6% at all points of sale at such goods within the state government may notify a list of goods taxable at the rate of 6%".

(112) The first proviso to sub-section (1) of Section 6 of the principal Act proposed to be inserted by clause 3 (1) (g) shall be recast as follows:—

"provided that where the sale is to the Administrator, Union Territory of Lakshadweep, Laccadive Co-operative Marketing Federation, Kozhikode or the Lakshadweep Harbour Works and registered dealers certified by the Administrator, Union Territory of Lakshadweep, the tax payable under clause (d) shall be at the rate of two per cent subject to such conditions as may be prescribed".

(121) In the fourth proviso to sub-section (1) of Section 6 of the principal Act proposed to be inserted by clause 3 (1) (g) shall be recast as follows:—

"provided also that in respect of works contracts executed under the Sampurna Gramin Rosgar Yojana or Beneficiary Committees using the Member of Parliament/Member of Legislative Assembly Funds or Natural Calamity Relief Funds or Sarva Siksha Abhiyan Funds where the total amount in respect of individual contract does not exceed five lakh rupees tax payable under clause (f) above shall be two per cent".

Sri K. P. Rajendran: Sir, I move the following amendments:

(106) In Section 6(1) of the principal Act proposed to be amended by clause 3 (1) (a), after the word "silver" and before the words "and platinum" the words "pearls, gems" shall be added.

(124) In Section 6 (1) of the principal Act, proposed to be inserted by clause 3 (1) (g) after the last proviso the following proviso shall be added "provided further that no tax shall be leviable on products made or manufactured processed or value added by the Kudumbashree unit or products notified by the Khadi and Village Industries Commission".

(130) In section 6 (7) (b) of the principal Act proposed to be inserted by clause 3(6) after the words "any Industrial units situated in any special Economic

LIBRARY ARCHIVES Kerala Legislative Assembly

zone in the State" and before the word "for use in the manufacture" the following words shall be added:

"Investment of which is not over and above 3 crores of Rupees."

ബഹുമാനപ്പെട്ട മന്ത്രി ഖാദിയുടെ കാര്യം പറഞ്ഞത് ഞാൻ അത് കഴിഞ്ഞ ദിവസവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി, കൈകൊണ്ട് ഉണ്ടാക്കുന്നതു മാത്രം പറയുമ്പോൾ ഇതിൽ നമ്മൾ ഉദ്ദേശിക്കുന്ന എല്ലാവർക്കും കിട്ടില്ല, എന്റെ നിയോജകമണ്ഡലത്തിൽ കുറേയധികം യൂണിറ്റുകൾ ഉണ്ട്, അവിടെ ഈ പറയുന്ന കൈകൊണ്ട് മാത്രമല്ല, യന്ത്രങ്ങൾ ഉപയോഗിച്ചും ഇപ്പോൾ നിങ്ങളുടെ കെ.പി.സി.സി. ട്രഷറർ ആയിട്ടുള്ള ശ്രീ. സി. എൻ. ബാലകൃഷ്ണൻ പ്രസിഡന്റായിട്ടുള്ള സൊസൈറ്റി എന്റെ നിയോജകമണ്ഡലത്തിൽ ഉള്ളതാണ്. അവർ കേരളത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു സംഘമാണ്. അങ്ങ് നേരത്തെ പറഞ്ഞതനുസരിച്ചാണെങ്കിൽ അവിടെ 600-ഓളം തൊഴിലാളികൾ നേരിട്ടു പണിയെടുക്കുന്ന ഒരു യൂണിറ്റാണ്. അവർക്ക് ഈ ആനുകൂല്യം കിട്ടില്ല എന്ന് ഞാൻ സംശയിക്കുകയാണ്. ഇതിൽ യന്ത്രങ്ങൾ ഉപയോഗിച്ച് ഖാദിയിൽ ഉണ്ടാക്കുന്ന ദേശീയപതാക ധാരാളമായിട്ട് വിറ്റഴിക്കുന്നതാണ്. ഖാദികൊണ്ട് ഉണ്ടാക്കുന്ന തൊപ്പി ഗാന്ധിയൻ തൊപ്പി ഉൾപ്പെടെ. കൈകൊണ്ട് ഉണ്ടാക്കുന്നതു മാത്രമേ കിട്ടുള്ളൂ എന്നുവന്നാൽ, പ്രത്യേകിച്ച് സ്ത്രീകളാണ് ആ മേഖലയിൽ ധാരാളമായിട്ട് ജോലിചെയ്യുന്നത്. ഞങ്ങളുടെ യൂണിറ്റുകളിൽനിന്നുള്ള ഖാദി തൊഴിലാളികൾക്ക് ഖാദി യൂണിറ്റുകൾക്ക് ഈ ആനുകൂല്യം കിട്ടില്ല. അതുകൊണ്ട് അത് ഇത്ര എമൗണ്ട് എന്ന് പൂർണ്ണമായിട്ടും അവരുടെ ഒരു സ്റ്റാബ്ലോ അല്ലെങ്കിൽ കൈകൊണ്ടുള്ള എന്നൊന്നും വയ്ക്കാതെ ഖാദിയുമായി ബന്ധപ്പെട്ട അതിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ കീഴിൽ ആയാലും ഖാദി അസോസിയേഷന്റെ കീഴിൽ ഉള്ളതായാലും ഖാദിയുടെ വ്യവസായ യൂണിറ്റിൽ ആയാലും എല്ലാ യൂണിറ്റുകളെയും ഒഴിവാക്കണമെന്നുള്ളതാണ് ഞാൻ 124-ാം നമ്പർ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്. ഇത് നേരത്തേ ഞാൻ പറഞ്ഞതിനെക്കാൾ കുറച്ചുകൂടി വിശദീകരണം ആവശ്യമുള്ള ഒരു പോയിന്റാണ്.

Sri M. V. Jayarajan: Sir, I move the following amendments:

(107) In Section 6 (1) (d) of the principal Act proposed to be substituted by clause 3 (1) (d) substitute the figure "12.5%" by the figure "10%" wherever it appears.

(111) In Section 6 (1) (f) of the principal Act proposed to be substituted by clause 3 (1) (f) (ii) substitute the figure "12.5%" by the figure "8%".

LIBRARY ARCHIVES Kerala Legislative Assembly

(113) In the third proviso newly inserted in sub-section (1) of the Section 6 by clause 3 (1) (g) insert the following words "or precious stones such as diamond" in between the words "silver articles" and "or contractor".

(119) In the fourth proviso to Section 6 (1) of the principal Act proposed to be inserted by clause 3 (1) (g) for the words "four" the words "two" shall be substituted.

Sri M. M. Hassan: Sir, I move the following amendment:

(110) In Section 6 (1) (f) of the principal Act proposed to be substituted by clause 3 (1) (f) after sub-clause (ii) add the following as sub clause (iii) namely:—

"(iii) where the goods incorporated in the work are partly ascertainable and partly not ascertainable, at the rates applicable to the goods ascertainable and at the rate of 12.5% at all points of sale for the goods which are not ascertainable".

Sri M. Prakashan Master: Sir, I move the following amendment:

(120) In the fourth proviso to sub-section (1) of Section 6 of the principal Act, inserted to be amended by clause 3 (1) (g) add the following words at the end "of the amount which exceeds 10 lakhs rupees".

Smt. P. K. Sreemathi Teacher: Sir, I move the following amendments:

(122) In sub-section (1) (g) of Section 6 of the principal Act proposed to be inserted by clause 3 (1) after the fourth proviso a new proviso shall be inserted namely "provided also that in respect of works contracts executed under any development fund by the Beneficiary Committees, where the total amount in respect of individual contract does not exceed two lakhs rupees shall be totally exempted".

(123) In Section 6 (1) (g) of the principal Act proposed to be inserted by clause 3 (1) a new proviso shall be inserted, namely:—

"Provided also that any product of registered Kudumbashree unit or a Khadi and Village Industries group shall be totally exempted, if the annual turnover of the unit does not exceed twenty five lakhs rupees".

Sri P. J. Joy: Sir, I move the following amendments:

(125) In Section 6 (1A) (a) of the principal Act proposed to be inserted by clause 3 (2).

LIBRARY ARCHIVES Kerala Legislative Assembly

(1) for the words "pay tax" substitute the words "collect tax".

(2) for "taxable turnover" substitute the words "actual turnover".

(127) In the proviso to Section 6 (2) (b) of the principal Act proposed to be substituted by clause 3 (3) for the words "if his total turnover" substitute the words "if his or its total turnover".

Prof. Savithri Lakshmanan: Sir, I move the following amendments.

(126) In Section 6 (1A) (a) of the principal Act proposed to be inserted by clause 3 (2) for the words "on the taxable turnover" substitute the words "on the actual turnover".

(132) In Section 6 (7) (b) of the principal Act proposed to be amended by clause 3 (6) add the following at the end 'under this Act'.

132-ാം നമ്പർ ഭേദഗതിയെപ്പറ്റി ഒരു വാചകം, അതായത് 132 ഏത് ടാക്സാണെന്ന് വ്യക്തമല്ല, ഭൂനികുതിയാണോ, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സാണോ? അതുകൊണ്ട് 'under this Act' എന്നുകൂടി ചേർത്ത് വ്യക്തമാക്കണമെന്നുള്ളതാണ്.

Sri K. Babu: Sir, I move the following amendment:

(128) In Section 6 (7) (a) of the principal Act proposed to be inserted by clause 3 (6) delete the words "namely rice, wheat and kerosene".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഭേദഗതികൾ എല്ലാം ഞാൻ പരിശോധിച്ചു, ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ കാര്യം ഞാൻ പരിശോധിക്കാം. പക്ഷേ, ഞാൻ നേരത്തെ പറഞ്ഞതാണ് ഗവൺമെന്റിന്റെ പോളിസി, അപ്പോൾ individual കേസ് ഉണ്ടെങ്കിൽ അത് വേറെ പരിശോധിക്കാം. ഗവൺമെന്റിന്റെ പോളിസി ഇതാണ്. ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ–21

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, ജോണി നെല്ലൂർ
12. ,, പി. ജയരാജൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, വി. കെ. സി. മമ്മത് കോയ
15. ,, കെ. പി. മോഹനൻ
16. ,, എം. പ്രകാശൻ മാസ്റ്റർ
17. ,, കെ. രാധാകൃഷ്ണൻ
18. ,, എൻ. രാജൻ
19. ,, കെ. പി. രാജേന്ദ്രൻ
20. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
21. ശ്രീ. പി. എസ്. സുപാൽ

പ്രതികൂലിക്കുന്നവർ–34

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, ബാബു ദിവാകരൻ
7. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. കെ. എ. ചന്ദ്രൻ
9. ,, ഡൊമിനിക് പ്രസന്റേഷൻ
10. ,, ജോർജ് ജെ. മാത്യു
11. ,, എം. എം. ഹസ്സൻ
12. ,, കെ. സി. ജോസഫ്
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, പി. ജെ. ജോയി
15. ,, ഉമ്മൻ ചാണ്ടി
16. ,, എം. കെ. പോൾസൺ മാസ്റ്റർ
17. ,, അടൂർ പ്രകാശ്
18. ,, വക്കം പുരുഷോത്തമൻ
19. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ,, ടി. യു. രാധാകൃഷ്ണൻ
21. ,, കെ. കെ. നായർ
22. ,, ലൂഡി ലൂയിസ്
23. ,, എ. കെ. മണി
24. ,, ആര്യാടൻ മുഹമ്മദ്
25. ,, കെ. കെ. ഷാജു
26. ,, സി. എഫ്. തോമസ്
27. ,, തമ്പാനൂർ രവി
28. ,, റോഷി അഗസ്റ്റിൻ
29. ,, ടി. പി. എം. സാഹിർ
30. ,, വി. ഡി. സതീശൻ
31. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
32. ശ്രീ. പി. ടി. തോമസ്
33. ,, തോമസ് ഉണ്ണിയാടൻ
34. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ—— ആരുമില്ല

GPM. 2/587/2012.—52

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ — 21

പ്രതികൂലിക്കുന്നവർ — 34

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി 21-നെതിരെ 34 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 103, 114, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 105, 112, 121 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 106, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 107, 111, 113, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 122, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 125, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 126, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

Sri M. V. Jayarajan: Sir, I move the following amendments:

(133.) In item (1) of Section 8 (a) of the principal Act proposed to be amended by 4 (1) the word 'two' shall be substituted by the word `one'

(138.) In Section 8 (c) of the principal Act proposed to be amended by clause 4 (2) (a) the word "half" may be substituted by the word "one".

Sri Thampanoor Ravi: Sir, I move the following amendment:

(139.) In the Explanation to Section 8(e) of the principal Act proposed to be inserted by clause 4 (4) the words 'package of any goods at which,' shall be substituted by the words 'package of any goods or reduced price as fixed by the seller at which'.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 133, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

5-ാം വകുപ്പ്

Sri K. P. Rajendran: Sir, I move the following amendments:

(141.) In Section 10 (1) of the principal Act, proposed to be amended by clause 5 (a) the words "on or before the fifth day of the month succeeding the month in which such deduction is made" shall be deleted and the following words shall be added.

"within 10 days or end of the month in which the deduction is made, whichever is later"

(147.) In the proviso to Sub-section (1) of Section 10 of the principal Act, the words "four per cent" shall be substituted by the words "one per cent".

LIBRARY ARCHIVES Kerala Legislative Assembly

Sri Thampanoor Ravi: Sir, I move the following amendment:

(142.) In Section 10 (1) of the principal Act, proposed to be amended by clause 5 (a) the word "fifth day of the month" may be substituted by the words "third day of the month".

Sri Joseph M. Puthussery: Sir, I move the following amendment:

(144.) In the proviso to Section 10 (1) of the principal Act, proposed to be inserted by clause 5 (b) for the words "provisided that" the words "provided that" shall be substituted.

Sri M. V. Jayarajan: Sir, I move the following amendment:

(148.) In the proviso to Section 10 (1) of the principal Act, proposed to be inserted by clause 5 (b) the words "four per cent" shall be substituted by the words "two percent".

Sri V. K. C. Mammed Koya: Sir, I move the following amendment:

(149.) Recast the proviso to Section 10 (1) of the principal Act, proposed to be inserted by clause 5 (b) as follows:—

"provided that in respect of works contract executed under Sampurna Gramin Razgar Yojana or the Beneficiary Committees using the Member of Parliament/ Member of Legislative Assembly Funds or Natural Calamities Relief Funds or Sarva Siksba Abhiyan Funds where the total amount in respect of individual contract does not exceed five lakh rupees are exempted from levying of Tax and Ten lakb rupees the maximum amount deductable under this section shall not exceed two per cent of the whole contract Amount."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 141, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

Sri K. Babu: Sir, I move the following amendment:

(150.) The Explanation to Section 11 (5) (h) of the principal Act inserted by Clause 6(1) (b) shall be substituted as follows:—

"(b) the following proviso and Explanation shall be inserted at the end, namely:—

Provided that a contractor liable to tax under clause (b) of sub-section (1) of Section (6) shall be allowed input tax credit in respect of granite metal purchased from a dealer paying tax under clause (b) of Section 8 in such manner as may be prescribed.

Explanation: For the purpose of clause (g), stores shall not include spare parts or tools in relation to any goods to which provisions of this section applies".

Sri Thampanoor Ravi: Sir, I move the following amendments:

(151.) In Section 11 (13) (i) of the principal Act proposed to be substituted by clause 6 (4) (a) the words "taxable goods" shall be substituted by the words 'taxable or non-taxable goods'.

(152.) In Section 11 (13) (ii) of the principal Act proposed to be substituted by clause 6 (4) (a) the words 'taxable goods' shall be substituted by the words 'taxable or non-taxable goods'.

(153.) In Section 11(13) (iii) of the principal Act proposed to be substituted by clause 6 (4) (a) the words 'taxable goods' shall be substituted by the words 'taxable or non-taxable goods'.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 151, 152, 153 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഞാൻ 220-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(220.) (i) In sub Section (1) of Section 12 of the principal Act proposed to be substituted by clause 7 (a) of the Bill, the second proviso shall be omitted.

(ii) In sub Section (3) of Section 12 of the principal Act proposed to be inserted by clause 7 (b) of the Bill "carried forward to the next return period and treated" shall be omitted.

സെക്കന്റ് പ്രൊവിസോ ഒമിറ്റ് ചെയ്തിട്ട് തേർഡ് പ്രൊവിസോ ഉൾപ്പെടുത്തിയതാണ്. പക്ഷെ പ്രിന്റ് ചെയ്തു വന്നപ്പോൾ രണ്ടും വന്നുപോയി. അതാണ്. (ii) In sub section (3) of Section 12 of the principal Act proposed to be inserted by clausc 7 (b) of the Bill "carried forward to the next return period and treated" shall be omitted. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 220-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

8-ാം വകുപ്പ് ഭേദഗതി ഇല്ല

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

Sri Thampanoor Ravi: Sir, I move the following amendment:

(158.) In Section 15 (1) of the principal Act proposed to be inserted by Clause 9, the words 'five lakhs' shall be substituted by the words 'three lakhs'.

Sri P. Jayarajan: Sir, I move the following amendment:

(159.) In Section 15 (1) of the principal Act proposed to be amended by Clause 9, for the word 'five' the word 'seven' shall be substituted.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

Sri Thampanoor Ravi: Sir, I move the following amendment:

(160.) In Section 16 (9) of the principal Act proposed to be amended by Clause 10, the words 'five lakhs' shall be substituted by the words 'three lakhs'.

Sri P. Jayarajan: Sir, I move the following amendment:

(161.) In Section 16(9) of the principal Act proposed to be amended by Clause 10, for the word 'Five' the word 'Seven' shall be substituted.

Sri M. V. Jayarajan: Sir, I move the following amendment:

(162.) Table in Section 16 of the principal Act proposed to be amended by clause 10 shall be recast as follows:

LIBRARY ARCHIVES Kerala Legislative Assembly

TABLE

(a) Where the total turnover is less than five lakh rupees	Five hundred rupees
(b) Where the total turnover is five lakh rupees and above but is less than ten lakh rupees	Seven hundred and fifty rupees
(c) Where the total turnover is ten lakh rupees and above but is less than fifty lakh rupees	Two thousand rupees plus fifty rupees for each lakh or part there of above ten lakh
(d) Where the total turnover is fifty lakh rupees and above	Four thousand rupees plus hundred rupees for each lakh or part there of above fifty lakh, so however the total registration fee shall not exceed twenty-five thousand rupees".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

11-ഉം 12-ഉം വകുപ്പുകൾ

11-ഉം 12-ഉം വകുപ്പുകൾക്ക് ഭേദഗതി ഇല്ല.

11-ഉം 12-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ഉം 12-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

Sri P. J. Joy: Sir, I move the following amendment:

(164.) In section 23(6)(b) of the principal Act proposed to be amended by Clause 13

(1) delete the words "in relation to"

(2) after 'judgement' add 'of the audit officer'

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13(എ) വകുപ്പ്

Sri K. P. Rajendran: Sir, I move the following amendments:

(165.) In the second proviso to the section 24(2) of the principal Act proposed to be amended by clause 13A substitute the words "refund made by him was on the basis of any bogus or forged documents or where the claim was otherwise fraudulent" by the words "refund made by him was fraudulent on the basis of bogus or forged document or otherwise".

(167) In proviso to section 24 (1) of the principal Act proposed to be amended by clause 13A. (1) delete the words "last date of the year" and substitute by the words "within two years from the end of the assessment year". (2) The word "thrice" shall be substituted by the word "twice".

GPM. 2/587/2012.—53

LIBRARY ARCHIVES Kerala Legislative Assembly

Sri Thampanoor Ravi: Sir, I move the following amendment:

(166.) In section 24 (1) of the principal Act proposed to be inserted by Clause 13A the words "two year" shall be substituted by the words 'one year'.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 165, 167, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13 (എ) വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13 (എ) വകുപ്പ് ബില്ലിന്റെ ഭാഗമായി

14-ാം വകുപ്പ്

മി. ചെയർമാൻ: ഭേദഗതിയില്ല.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

Sri K. Babu: Sir, I move the following amendment:

(168.) Section 30 (1) of the principal Act proposed to be amended by clause 15 for the words, figures, letters and brackets "under clause (a) to (d) of Section 18" the following shall be substituted, namely "under clause (b) to clause (d) of Section 8".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

16-ാം വകുപ്പ്

Sri Joseph M. Puthussery: Sir, I move the following amendment:

(169.) Section 32 (1) of the principal Act proposed to be amended by clause 16 (a) for the words, "or where the Government had granted any exemption", the words, "where under the industrial policy of the State the Government had granted any exemption" shall be substituted.

(b) for the words "under the industrial policy of the State or where any application or other proceedings" the words "where any application for exemptions or other proceeding thereof" shall be substituted.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16 (എ) വകുപ്പ്

Sri Joseph M. Puthussery: Sir, I move the following amendment:

(170) In Section 48 of the principal Act proposed to be amended by clause 16A, for the words "person in charge of the vehicle" the words "the persons in charge of the vehicle" shall be substituted.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16 (എ) വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16 (എ) വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

17-ാം വകുപ്പ്

Sri Thampanoor Ravi: Sir, I move the following amendment:

(171) In Section 49A of the principal Act proposed to be amended by clause 17, the words 'if he feels' shall be substituted by the words 'if he or she feels'.

Sri Joseph M. Puthussery: Sir, I move the following amendment:

(172) In Section 49A of the principal Act proposed to be amended by clause 17 for the words 'if he feels' the words 'if feels' shall be substituted.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17 (എ) വകുപ്പ്

Sri Thampanoor Ravi: Sir, I move the following amendment:

(173) In Section 53 of the principal Act proposed to be amended by clause 17A, the words 'shall submit' shall be substituted by the words 'shall without fail submit'.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

17(എ) വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17(എ) വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

Sri Joseph M. Puthussery: Sir, I move the following amendment:

(175) In Section 55 of the principal Act proposed to be amended by clause 18, for the words and figure "in Section 55" the words, figures and brackets "in sub-section (1) of Section 55" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Sri Thampanoor Ravi: Sir, I move the following amendment:

(176) In section 55 (b) of the principal Act proposed to be inserted by clause 18, the words "tax or other" shall be substituted hy the words "tax of arrears of tax or other".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ഉം 20-ഉം വകുപ്പുകൾ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ഭേദഗതിയില്ല

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

Sri Joseph M. Puthussery: Sir, I move the following amendments:

(177) In section 74 of the principal Act proposed to be amended by clause 21, for the words, letters and brackets "or clause (b), (c) or (d)" the words, letters and brackets "or clauses (b), (c) or (d)" shall be substituted.

(178) In section 74 of the principal Act proposed to be amended by clause 21 for the words, letters and brackets "specified in clause (a) to (c)" the words, letters and brackets "specified in clauses (a) to (c)" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 177, 178 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 177, 178 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

Sri Joseph M. Puthussery: Sir, I move the following amendments:

(179) In item (i) of section 98(4) of the principal Act proposed to be amended by clause 22, for the words "provisions relating to appeal, revision or review under this Act shall apply" the words "provisions relating to appeal, revision or review under this act shall mutatis mutandis apply" shall be substituted.

(180) In item (iii) of section 98(4) of the principal Act proposed to be amended by clause 22, for the words, "proceedings under this Act if it had been in force" the words "proceedings under this Act as if it had been in force" shall be substituted.

Sri K. Babu: Sir, I move the following amendment:

(181) After section 98(4) of the principal Act proposed to be amended by clause 22, add the following, namely:—

"(5) Notwithstanding anything contained in sub-section (1) nothing shall affect the power of the Government to issue a notification under section 10 of the Kerala General Sales Tax Act, 1963 for a period prior to the commencement of the Kerala Value Added Tax Act, 2003".

സർ, KGST ആക്ട് പ്രകാരം എന്തെങ്കിലും കൺസെഷൻ കൊടുക്കാൻ നേരത്തെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. ഇപ്പോൾ KGST ഇല്ലാതെ ആ അധികാരം ഇല്ലാതിരിക്കുകയാണ്. ഗവൺമെന്റ് പരിഹാരം ചെയ്തുകൊണ്ടിരിക്കുന്ന ചില വിഷയങ്ങൾ പരിഹരിക്കണമെങ്കിൽ ഈ ഭേദഗതി ആവശ്യമാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ 180-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഞാൻ എന്റെ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(221) The existing clause "23. Validation" shall be renumbered as Clause "24. Validation" and the existing clause "24. Amendment of the Schedules" shall be renumbered as "23. Amendment of the Schedules" and rearranged accordingly.

Sri Joseph M. Puthussery: Sir, I move the following amendment:

(182) In clause 23 for the words "notwithstanding anything contained" the words "notwithstanding anything contrary contained" shall be substituted.

Sri V. D. Satheesan: Sir, I move the following amendment:

(183) In clause 23 after the words "rate has been reduced" add the words "by this" Act.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ഞാൻ എന്റെ 222-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

222. SCHEDULE

In the Schedules to the Act proposed to be substituted,—

1. In the First Schedule, in serial number 12, under the heading "Description of Goods" for the words "Paddy" the words "Paddy and paddy chaff" shall be substituted;

2. In the Third Schedule,—

(a) In serial Number 47, under the heading "Description of Goods", the entry "4 Paddy Chaff" shall be omitted.

(b) In Serial Number 143, under the heading "Description of Goods" against the entry (16)(b) for the words "Instrument box" the words "Instrument box and instruments sold as part of instrument box" shall be substituted;

(c) In the Annexure 1,—

(i) the following sub headings shall be omitted, namely:—

"Ply wood category

Matchwood category

Bobbinwood category

Pencilwood category

Packingcase wood"

(ii) after Serial Number 29 and the entries against it, the following serial numbers and entries shall respectively be substituted, namely:—

LIBRARY ARCHIVES Kerala Legislative Assembly

30. Aspin/Kanala/Naaashakam	Evodia roxburghiana
31. Elavu/Poola	Bombox malabaricum
32. Matti/Perumaram	Ailanthus malabarica
33. Paala/Mukkambaala	Alstonia scholaris
34. Murikku	Erythrina stricta
35. Vaaka (kunnivaaka)	Albizia odoratissinia
36. Vellagil	Dysoxylum malabaricum
37. Manjakkadavu	Adina corditolia
38. Vengotta	Lophopetalum wightianum
39. Peramtholi/Poochakkadanva	Hymenodictyon excelsum
40. Aattu/thekku/Kadambu	Anthocephalus cadamba
41. Kaara/Bhadraksham	Elaeocarpus serratus
42. Ambazham	Spondias Pinnata
43. Aaval	Holoptelia integrifolia
44. Udhi	Lannea grandis
45. Arayanjali	Antiaris toxicaria
46. Malavepu	Melia dubia
47. Vatta/Uppathi	Macranga peltata
48. Rubber	Havca branziliensis"

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Sri Kalathil Abdulla: Sir, I move the following amendment:

(187) After Sl. No. 11(3) of the First Schedule to the principal Act proposed to be substituted by clause 24 insert item (4) as follows:

"(4) products produced by Kudumbasree or Vanitha Organisations."

Sri M. V. Jayarajan: Sir, I move the following amendments:

LIBRARY ARCHIVES Kerala Legislative Assembly

(191) The entry against Sl.No.54 appearing in the First Schedule to the principal Act proposed to be substituted by clause 24 shall be recast as follows:

"All products manufactured by the Khadi and Village Industries".

(195) Sl. No. "6" "Rice including broken rice, puffed rice, parched rice and beaten rice" appearing in the Second Schedule of the principal Act proposed to be substituted by clause 24 shall be included in the First Schedule as Sl. No. 58.

(196) Sl. No. "7" "Wheat including broken wheat", in the Second Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule as Sl. No. 58.

(198) No. "1" Agricultural implements shown in Third schedule of the principal Act proposed to be substituted by clause 24 shall be included in the First Schedule.

(200) Sl. No. "11" "Beedi leaves" appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule as Sl. No. 58.

(202) Sl. No. "42 Exercise book, graph book and note book/laboratory note book" appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule as Sl. No. 58.

(217) Serial No. "128 Tapioca products including tapioca flour" in Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule.

സർ, അമെന്റ്മെന്റിനെക്കുറിച്ച് കാര്യമായി പറയാനുണ്ട്. 191, ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ശ്രദ്ധിക്കുമെന്നാണ് തോന്നുന്നത്. ഇപ്പോൾ ഖാദി ഐറ്റം അത് സീരിയൽ നമ്പർ 54 ആയി ഫസ്റ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് 24 ആയി. അതിൽ പറയുന്നത് Products notified by the Khadi and Village Industries Commission, at the point of sale by the manufacturing units approved by the Kerala Khadi and Village industries Board എന്നാണ്. ഞാൻ പ്രൊപ്പോസ് ചെയ്യുന്നത്, all products manufactured by the Khadi and Village Industries. അപ്പോൾ ഖാദി ഗ്രാമ വ്യവസായ ഉൽപ്പനങ്ങളെല്ലാം തന്നെ ഇതിൽ ഉൾപ്പെടുത്തത്തക്കനിലയിൽ ഭേദഗതി വരുന്നില്ലായെങ്കിൽ യഥാർത്ഥത്തിൽ ഈ 21 ഇനങ്ങൾ ആയി പരിമിതപ്പെടുകയും ആ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന മറ്റു ഉൽപ്പന്നങ്ങൾക്ക് ടാക്സ് ഈടാക്കുകയും ചെയ്യുന്ന ഒരു നിലവരും. അവിടെ പ്രവർത്തിക്കുന്ന ഒരുപാട് ചെറുകിട സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുന്ന പ്രശ്നമായിട്ട് കോ-ഓപ്പറേറ്റീവ് സെക്ടറിൽ പ്രവർത്തിക്കുന്ന ലെതർ സൊസൈറ്റികൾ ഖാദി ബോർഡിന്റെ കീഴിലുണ്ട്. എനിക്ക് നേരിട്ട് അറിയാവുന്ന ചില സൊസൈറ്റികൾ ഇപ്പോൾ ഗുരുതരമായിട്ടുള്ള പ്രതിസന്ധിയെ നേരിടുകയാണ്. അങ്ങയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയും ചെയ്യുന്നതാണ്. അതുകൊണ്ട് all products manufactured by the Khadi and Village Industries — അപ്പോൾ ഖാദിയെ പ്രോൽസാഹിപ്പിക്കുന്ന അങ്ങ് ഖാദി മാത്രം ധരിച്ചുകൊണ്ടിരിക്കുന്ന അങ്ങ് ഇതിൽ മുന്തിയ പരിഗണന കൊടുക്കുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. മറ്റുള്ള ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു. 200-നെക്കുറിച്ച് സംസാരിക്കേണ്ടതുണ്ട്. ഇപ്പോൾ സീരിയൽ നമ്പർ 11 ആയി മൂന്നാമത്തെ ഷെഡ്യൂളിൽപ്പെടുത്തിയതാണ്. ബീഡിയിലകൾ, മൂന്നാമത്തെ ഷെഡ്യൂളിൽപ്പെടുത്തിയാൽ 4 ശതമാനം നികുതിയാണ്. ബീഡി മേഖലയിലെ പ്രതിസന്ധി നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ് യഥാർത്ഥത്തിൽ നികുതി കൂടിവന്നാൽ ദിനേശ് ബീഡിയെ ഗുരുതരമായ തകർച്ചയിൽ എത്തിക്കും. ബീഡി മേഖലയിൽ കൃത്യമായി നികുതി അടയ്ക്കുന്ന സ്ഥാപനമാണ് ദിനേശ് ബീഡി. അതുകൊണ്ടാണ് ഞങ്ങൾ അതു പറയാൻ കാരണം. സെൻട്രൽ എക്സൈസ് ഡ്യൂട്ടി അത് കൃത്യമായി അടയ്ക്കുന്നതിന്റെ ഫലമായി ദിനേശ് ബീഡി പ്രതിസന്ധിയിലാണ്. അത് കേന്ദ്ര ഗവൺമെന്റ് നോക്കേണ്ടതാണ്. വിൽപ്പന നികുതിയിനത്തിൽ അധിക നികുതി അടച്ച ഒരു സ്ഥാപനമാണ് ദിനേശ് ബീഡി. 17 കോടി രൂപ വിൽപ്പന നികുതിയിലധികം ഈ സർക്കാരിന് കൊടുത്തിട്ടുണ്ട്. ബീഡിയില വാങ്ങുമ്പോൾ സഹകാര്യ മേഖലയിലുള്ള ബീഡി ഉൽപ്പാദകർക്ക് നികുതി വെട്ടിപ്പ് നടത്താം. ദിനേശ് ബീഡിക്ക് അത് സാധിക്കില്ല. അതുകൊണ്ട് ദിനേശ് ബീഡി വ്യവസായത്തെ പരിരക്ഷിക്കാൻ സാധിക്കത്തക്ക നിലയിൽ ഇത് സീറോ പോയിന്റ് ആക്കണം, ഫസ്റ്റ് ഷെഡ്യൂളിൽപ്പെടുത്തണമെന്നുള്ളതാണ് എനിക്ക് 200-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത്. മറ്റുള്ള ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

Sri A. K. Balan: Sir, I move the following amendment:

(194) In the First Schedule to Kerala Value Added Tax Act after entry of "39" "Raw Tapioca" insert the following item as "39A" "Dried Tapioca".

സർ, കപ്പ കൊണ്ട് ഉണ്ടാക്കുന്ന മുഴുവൻ ഉൽപ്പന്നങ്ങളും നികുതി വിധേയമല്ലാത്ത ഫസ്റ്റ് ഷെഡ്യൂളിൽപ്പെടുത്തണമെന്നുള്ളതാണ്. Tapioca, dried, fresh or chilled അത് അതിൽപ്പെടുത്തിയിട്ടുണ്ട്. മരച്ചീനിയും മരച്ചീനിപ്പൊടിയും ഇതിൽ വരില്ല അതുകൊണ്ട് കപ്പിയോക്ക പ്രോഡക്ട്സ് കംപ്ലീറ്റായിട്ട് ഇതിൽപ്പെടുത്തണം.

Sri Thampanoor Ravi: Sir, I move the following amendments:

(197) Sl.No. 1 in the Third Schedule to the principal Act proposed to be substituted by clause 24 shall be added as Sl. No. 8 in the Second Schedule.

LIBRARY ARCHIVES Kerala Legislative Assembly

(199) Sl.No. 10(4) appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be added as Sl.No. 12 in the Second Schedule.

(201) Sl. No. "23" in the Third Schedule to the principal Act proposed to be substituted by clause 24 shall be added as Sl. No. 13 in the Second Schedule.

(204) Sl. No. 48 appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be added as Sl.No. 9 in the Second Schedule.

(209) Serial No. 79 in the Third Schedule to the principal Act proposed to be substituted by clause 24 shall be added as Serial No. 14 in the Second Schedule.

(214) Serial No. 95 appearing in Third Schedule to the principal Act proposed to be substituted by clause 24 shall be added as Serial No. 10 in the Second Schedule.

(216) Serial No. 113 in Third Schedule to the principal Act proposed to be substituted by clause 24 shall be added as Serial No. 11 in the Second Schedule.

സർ, ഇതിനകത്ത് രണ്ടു കാര്യമുണ്ട്, agricultural implements, mosquito nets, coconut products, മൈദ, സൂജി, life saving devices like pace makers, optical goods, spectacles, school bags ഇത് എല്ലാ ഐറ്റവും കിടക്കുന്നത് മൂന്നാമത്തെ ഷെഡ്യൂളിലാണ്. 4 ശതമാനമെന്നുള്ളതുമാറ്റി ഒരു ശതമാനമാക്കാൻ പറ്റും. അതാണ് എന്റെ ഭേദഗതി, അത് ഞാൻ അവതരിപ്പിക്കുകയാണ്.

Shri Kodiyeri Balakrishnan: Sir, I move the following amendments:

(205) Sl. No. 55 Handmade soaps other than those mentioned in the First Schedule appearing in the Third Schedule to the principal

8.00 PM] Act proposed to be substituted by clause 24 shall be included in the First Schedule.

(208) Serial No. "79 Life Saving devices" appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule.

LIBRARY ARCHIVES Kerala Legislative Assembly

(215) Serial No. "97 pappad" appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule.

Handmade soaps, Kerosene oil sold through PDS, Life Saving devices, ഇതൊക്കെ ഈ ഷെഡ്യൂളിൽനിന്നും മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri V.K.C. Mammed Koya: Sir, I move the following amendments:

(211) In Serial No. 83 of the Third Schedule to the principal Act proposed to be substituted by clause 24, after the words "Machinery of all kinds" insert the words "imported from foreign countries for the purpose of Industries".

(212) After item (5) of Serial No. 87 in the Third Schedule to the principal Act proposed to be substituted by clause 24, following shall be included as item (6), namely:—"(6) Any raw materials used in the manufacture of plastic footwear".

(213) In Serial No. 87(1) in Third Schedule to the principal Act proposed to be substituted by clause 24 delete the word "neither" in the first line and insert the word "or" for the word "not".

(218) Serial No. 143 appearing in the Third Schedule to the principal Act proposed to be substituted by clause 24 shall be included in the First Schedule as Serial No. 58.

(219) Serial No.1 under "Matchwood category" in Annexure I in the Third Schedule shall be included in the First Schedule.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ശ്രീ. എം. വി. ജയരാജൻ പറഞ്ഞ ബീഡി ഇലയുടെ കാര്യവും ഖാദിയുടെ കാര്യവും ഞാൻ ഹൗസിൽ പറഞ്ഞതാണ്. ബീഡി ഇലയുടെ കാര്യം പരിശോധിക്കാമെന്ന് പറഞ്ഞു. മരച്ചീനിപ്പൊടി പ്രോഡക്ട്സാണ്. പ്രോഡക്ട സെല്ലാം റോ-മെറ്റീരിയൽസാണ്. അതിന് 4 ശതമാനമാണ് നികുതി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി ഞാൻ accept ചെയ്യുകയാണ്. പപ്പട്, accept ചെയ്യുന്നു. മരിച്ചീനി, ഉണക്ക മരിച്ചീനി, it is poor man's food. That is exempted. മരിച്ചീനിപ്പൊടി is an industrial

LIBRARY ARCHIVES Kerala Legislative Assembly

raw-material. All industrial raw materials are included in the 4% category. ഏതെങ്കിലും പാവപ്പെട്ടവൻ മരിച്ചീനിപ്പൊടി കലക്കി കുടിക്കുന്നുണ്ടോ?

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 191, 200 എന്നീ നമ്പർ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-19

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ,, കെ. വി. കുഞ്ഞിരാമൻ
13. ,, വി. കെ. സി. മമ്മത്കോയ
14. ,, കെ. പി. മോഹനൻ
15. ,, എം. പ്രകാശൻ മാസ്റ്റർ
16. ,, കെ. രാധാകൃഷ്ണൻ
17. ,, കെ. പി. രാജേന്ദ്രൻ
18. ,, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
19. ,, ശ്രീ. പി. എസ്. സുപാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ–37

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, ഇ. എം. അഗസ്തി
6. ,, കെ. ബാബു
7. ,, ബാബു ദിവാകരൻ
8. ,, പി. കെ. കെ. ബാവ
9. ,, കെ. എ. ചന്ദ്രൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, ജോർജ് ജെ. മാത്യു
12. ,, പ്രയാർ ഗോപാലകൃഷ്ണൻ
13. ,, എം. എം. ഹസ്സൻ
14. ,, കെ. സി. ജോസഫ്
15. ,, ജോസഫ് എം. പുതുശ്ശേരി
16. ,, പി. ജെ. ജോയി
17. ,, ഉമ്മൻ ചാണ്ടി
18. ,, എം. കെ. പോൾസൺ മാസ്റ്റർ
19. ,, അടൂർ പ്രകാശ്
20. ,, വക്കം പുരുഷോത്തമൻ
21. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ,, ടി. യു. രാധാകൃഷ്ണൻ
23. ,, കെ. കെ. നായർ
24. ,, ലൂഡി ലൂയിസ്
25. ,, എ. കെ. മണി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, കെ. കെ. ഷാജു
28. ,, സി. എഫ്. തോമസ്
29. ,, തമ്പാനൂർ രവി
30. ,, റോഷി അഗസ്റ്റിൻ
31. ,, ടി. പി. എം. സാഹിർ

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. വി. ഡി. സതീശൻ

33. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

34. ശ്രീ. പി. ടി. തോമസ്

35. ,, തോമസ് ചാഴികാടൻ

36. ,, തോമസ് ഉണ്ണിയാടൻ

37. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ —19

പ്രതികൂലിക്കുന്നവർ —37

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കളത്തിൽ അബ്ദുള്ള അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 195, 196, 198, 202, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 197,199, 201, 204, 209, 214, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 205, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 211, 212, 213, 218, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

Shri Joseph M. Puthussery: Sir, I move the following amendment:

(80) In clause 1 (2) in the word 'act' the small letter `a' shall be changed to capital `A'.

Smt. P.K. Sreemathi Teacher: Sir, I move the following amendment:

(82) Clause 1(2) shall be recast as follows:

"It shall come into force at once".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 80-ാം നമ്പർ ഭേദഗതി accept ചെയ്യുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 80-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മൂല്യവർദ്ധിത നികുതിയുടെ ഭേദഗതി ബിൽ ഇവിടെ രാവിലെ മുതൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 8.00 മണി കഴിഞ്ഞു. 12 മണിക്കൂർ തുടർച്ചയായിട്ട് ഞങ്ങൾ ഇവിടെ ഇരിക്കുന്നു. അവസാനം ഇപ്പോൾ വാറ്റ് കൂടിച്ചതുപോലെയാണ്. ആ സമയത്താണ് വാറ്റ് ബില്ലുമായി ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഓരോന്നിനെക്കുറിച്ചും ഞാൻ ആലോചിക്കുകയാണ്. ഏത് സാധനത്തിനാണ് ഇപ്പോൾ നികുതി ഇല്ലാത്തത്. നാം ശ്വസിക്കുന്ന വായു ഒഴിച്ച് ബാക്കി എല്ലാറ്റിനും നികുതിയായി. ആ വായുവിന് നികുതി കെട്ടാത്തത്, ഓരോരുത്തരും ശ്വസിക്കുന്ന വായു എത്രയാണെന്ന് കണ്ടുപിടിക്കുന്ന ഉപകരണം ഇതുവരെ ആരും കണ്ടുപിടിച്ചിട്ടില്ല. അതു കണ്ടുപിടിച്ചു കഴിഞ്ഞാൽ ശ്രീ. വക്കം പുരുഷോത്തമൻ അതിനും നികുതി

LIBRARY ARCHIVES Kerala Legislative Assembly

ഈടാക്കും. അവസാനം ഞാൻ പറഞ്ഞ പപ്പട് മാത്രമാണ് ഒഴിവാക്കിക്കിട്ടിയത്. പിണ്ണാക്ക്, മണ്ണെണ്ണ, നട്ട്, ബോൾട്ട്, സ്ക്രൂ എല്ലാറ്റിനും നികുതിയുണ്ട്. നികുതി ഇല്ലാത്ത എന്തെങ്കിലുമുണ്ടോ? ജാമിന് നികുതി. മഷിക്കു നികുതി. കിടക്ക വിരിക്ക് നികുതി, കണ്ണടയ്ക്ക് നികുതി, സ്കൂൾ ബാഗിന് നികുതി, വിറകിന് നികുതി, സർവ്വതിനും നികുതി കെട്ടിയ ഒരു സ്ഥിതി. ഈ നികുതി നിർദ്ദേശങ്ങൾ സാധാരണക്കാർക്ക് എതിരാണ്. ലക്ഷ്വറി ഐറ്റത്തിന് നികുതി കുറച്ചു കൊടുത്തു. സാധാരണക്കാർ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് നികുതി കൂട്ടുകയും ചെയ്തിരിക്കുന്ന സ്ഥിതിയാണ് ഇന്നത്തെ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. വാറ്റ് എന്ന് പറയുന്നത് ഒരു പുതിയ പരീക്ഷണമാണ്. വാറ്റ് വന്നതോടുകൂടി പല സംസ്ഥാനങ്ങളിലും പല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. സാധാരണക്കാരൻ ധരിച്ചത് വാറ്റ് വന്നാൽ സാധനങ്ങൾക്ക് വില കുറയുമെന്നാണ്. മാർക്കറ്റിൽ പോയി നോക്കിയാൽ സാധനങ്ങൾക്ക് വില കുറയുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി 8 ശതമാനം 4 ശതമാനമാക്കി, 4 ശതമാനം 1 ശതമാനമാക്കി എന്നൊക്കെ പ്രഖ്യാപിക്കുന്നുണ്ട്. മാർക്കറ്റിൽ സാധനങ്ങൾ വാങ്ങാൻ പോകുന്ന ആളുകൾക്ക് സാധനങ്ങളുടെ വില കുറഞ്ഞതായി അനുഭവപ്പെടുന്നില്ല. എന്തോ ഒരു പ്രശ്നം ഇത് നടപ്പിലാക്കിയതിന്റെ ഭാഗമായിട്ടുണ്ട്. മാർക്കറ്റിൽ ഇടപെടുന്നതിന് നമ്മുടെ ഗവണ്മെന്റിന് സാധിക്കുന്നില്ല. മിക്ക സംസ്ഥാനങ്ങളിലും ഇതിന്റെ ഫലമായി കുഴപ്പങ്ങളുണ്ട്. ബി.ജെ.പി. അധികാരത്തിലിരുന്ന കാലഘട്ടത്തിലാണ് വാറ്റ് കൊണ്ടു വരാൻ തീരുമാനിച്ചത്. അവർക്ക് അധികാരം നഷ്ടപ്പെട്ടപ്പോൾ ബി.ജെ.പി. തീരുമാനിച്ചത് അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടപ്പിലാക്കേണ്ട എന്നാണ്. ഞങ്ങൾക്കുള്ളത് അത്തരത്തിലുള്ള ഒരു സമീപനമല്ല. ഇവിടെ ഞങ്ങൾ പ്രതിപക്ഷമാണെങ്കിലും വാറ്റിനെതിരായ ഒരു നിലപാട് ഞങ്ങൾ സ്വീകരിക്കില്ല. ഇതൊരു പരീക്ഷണമാണെന്നാണ് ഞങ്ങൾ കണ്ടത്. വെസ്റ്റ് ബാംഗാളിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അവിടെ നിങ്ങൾ സമരം ചെയ്യുകയാണ്. നിങ്ങൾ ഇരട്ട സമീപനമാണ് സ്വീകരിക്കുന്നത്. ബംഗാളിൽ ഇടതുപക്ഷമുന്നണി ഗവണ്മെന്റ് നടപ്പിലാക്കുന്നതിനെതിരായി സമരം ചെയ്യുന്ന നിങ്ങൾ ഇവിടെ നടപ്പിലാക്കാൻ വേണ്ടി നിൽക്കുന്നു. മാത്രമല്ല, ഞങ്ങൾ പ്രായോഗികമായ സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. വാറ്റിനെക്കുറിച്ച് ഞങ്ങളുടെ പാർട്ടി ചർച്ച ചെയ്തപ്പോൾ ഒരു തീരുമാനം എടുത്തു. ഇതൊരു പരീക്ഷണമാണ്. ദേശീയ തലത്തിൽ വാറ്റ് ഒരു വർഷം നടപ്പിലാക്കിയതിനുശേഷം പുനഃപരിശോധിക്കും. അതുകൊണ്ട് ഇപ്പോൾ ഈ വാറ്റ് സമ്പ്രദായത്തെ ഞങ്ങൾ എതിർക്കുന്നില്ല. ഒരു വർഷത്തെ പ്രായോഗിക അനുഭവം വച്ചുകൊണ്ട് അടുത്ത വർഷം റിവ്യൂ ചെയ്യണം. ആ സമയത്ത് ഇതുസംബന്ധിച്ച് ആലോചിക്കാമെന്നാണ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി എടുത്ത തീരുമാനം. ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു കേന്ദ്രനയം ഉണ്ട്. വാറ്റ് ഇന്നത്തെ നിലയിൽ പ്രായോഗികമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുമ്പോൾ ഉള്ള പ്രയാസങ്ങൾക്കുകൂടി ഭേദഗതികൾ വേണ്ടിവരും. അതനുസരിച്ച് എംപവേഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറേ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇനിയും മാറ്റങ്ങൾ വേണം. സാധാരണക്കാരന് അനുകൂലമായ വിധത്തിൽ വേണം ഈ നിയമം കൊണ്ടുവരേണ്ടത്. അതേസമയത്ത് സംസ്ഥാന ഗവണ്മെന്റിന് വരുമാനം ഉണ്ടാകുകയും ചെയ്യണം. സംസ്ഥാന ഗവണ്മെന്റിന്റെ പ്രധാന വരുമാന മാർഗ്ഗം ജനറൽ സെയിൽസ് ടാക്സാണ്. അത് 74 ശതമാനമാണെന്ന് തോന്നുന്നു. ജനറൽ സെയിൽസ് ടാക്സ് പ്രധാന വരുമാനമാർഗ്ഗമാണെന്ന് വരുമ്പോൾ നികുതി കൊടുക്കേണ്ടുന്ന മേഖലകൾ സാധാരണക്കാരന് കഴിയാവുന്നത്ര പ്രയാസങ്ങൾ ഇല്ലാത്ത വിധത്തിലായിരിക്കണം ഈ നികുതി കെട്ടേണ്ടതെന്നാണ് നാം സ്വീകരിക്കേണ്ട സമീപനം. ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനം ഏറ്റവും വലിയ സാമ്പത്തിക കടക്കെണിയിൽപ്പെട്ടു എന്നാണ് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട്. അതൊരു ഭയാനകമായ സ്ഥിതിവിശേഷത്തിലേക്കാണ് വെളിച്ചം വീശിയിരിക്കുന്നത്. കടം 23,000 കോടി രൂപയായിരുന്നത് 50,000 കോടി രൂപയായി വർദ്ധിച്ചു. കടം വർദ്ധിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ സമ്മതിച്ചു. ഇവിടെ കൊടുക്കേണ്ടുന്ന ബാദ്ധ്യത 39,000 കോടി രൂപയെന്ന് പറഞ്ഞ സി.ആന്റ് എ.ജി. മറ്റു ബാദ്ധ്യതകളെല്ലാം അതിൽ പറഞ്ഞിട്ടുണ്ട്. 50,000 കോടിയിൽ അധികമാണ് സംസ്ഥാനത്തിന്റെ ഇന്നത്തെ കട ബാദ്ധ്യത. മുൻ വർഷത്തെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. 11.1 ശതമാനം മാത്രമാണ് റവന്യൂ വരുമാനമെന്ന് പറഞ്ഞു. മുൻ വർഷം 17.4 ശതമാനമായിരുന്നു. അത് കുറഞ്ഞു. റവന്യൂ ചെലവ് വർദ്ധിച്ചിരിക്കുന്നു. ധനക്കമ്മി കൂടി വരുന്നു. 5,539 കോടി രൂപയായി ധനക്കമ്മി കൂടി. 4,990 കോടി രൂപയിൽനിന്നും 5,539 കോടി രൂപയായി ഇവിടെ ധനക്കമ്മി വർദ്ധിച്ചിരിക്കുന്നു. ഇതെല്ലാമായിട്ടും സാമ്പത്തിക സ്ഥിതിയിൽ മാറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കുന്നില്ല. ജനങ്ങൾക്കാണെങ്കിൽ വാറ്റ് വന്നിട്ട് ഇതിന്റെ പ്രയോജനം കിട്ടിയിട്ടുമില്ല. ഒരു ഗുണം മാത്രമുണ്ടായി. വ്യാപാരി വ്യവസായി ഏകോപന സമിതിക്കാർ ആരെങ്കിലും ഹർത്താൽ നടത്തിയാൽ ഉണ്ണാവ്രതം ഇരിക്കുന്നവരാണ്. വാറ്റിന്റെ ഫലമായി അവർ മൂന്നു ദിവസം ഹർത്താൽ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എതിരായിട്ട് കരിങ്കൊടി കാണിച്ചു. സെക്രട്ടേറിയറ്റിന് മുമ്പിൽ അവർ സമരം നടത്തി. വാറ്റ് നടപ്പിലാക്കിയപ്പോൾ വ്യാപാരി വ്യവസായി സമിതിക്കാർ 3 ദിവസം തുടർച്ചയായി ഈ സംസ്ഥാനത്ത് ഹർത്താൽ നടത്തി. സെക്രട്ടേറിയറ്റിന് മുമ്പിൽ ഒരു വലിയ സമരം നടത്തി. അവസാനം ഹർത്താലിനെതിരായി നിരാഹാരം കിടന്ന ശ്രീ. എം. എം. ഹസ്സൻ അവർ മൂന്നു ദിവസത്തെ ഹർത്താൽ നടത്തിയപ്പോൾ മൗനം പാലിച്ചു. ബഹുമാനപ്പെട്ട ഹസ്സനാണ് നാരങ്ങാനീരുകൊടുത്ത് ആ സമരം നിർത്തിച്ചത്. വ്യാപാരി വ്യവസായി ഏകോപന സമിതിക്കാർപ്പോലും വാറ്റിനെതിരായി രംഗത്തുവരുന്ന സ്ഥിതിവിശേഷമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ശ്രീ. എം.എം. ഹസ്സന്റെ സ്റ്റാൻഡ് ഒന്നും മാറിയിട്ടില്ല. ശ്രീ. എം. എം. ഹസ്സൻ നാരങ്ങാനീര് കൊടുത്തത് സമരം നിർത്താനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മൂന്നു ദിവസത്തെ ഹർത്താലിനു ശേഷമാണ് പോയി നാരങ്ങാനീര് കൊടുത്തത്.

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. എം. എം. ഹസ്സൻ സമരപ്പന്തലിൽ വച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എനിക്ക് ചില ഉറപ്പുകൾ തന്നു എന്നു പറഞ്ഞ് അവരോട് വിശദീകരിച്ചു. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പിൻവലിക്കുന്നു എന്ന് പാവപ്പെട്ട സമിതിക്കാർ തീരുമാനിച്ചപ്പോൾ, അടുത്ത നിമിഷംതന്നെ ഞാൻ ഒരു ഉറപ്പും കൊടുത്തിട്ടില്ലെന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വന്നത് അങ്ങേയ്ക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങനെ കിട്ടുന്ന ഒരാളല്ല. അദ്ദേഹം ഉശിരുള്ള ഒരാൺകുട്ടിയല്ലേ? ശ്രീ. എം.എം. ഹസ്സൻ പോപ്പുലാരിറ്റിക്കുവേണ്ടി ഒരു വാഗ്ദാനം നൽകിയതാണ്.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പേരു തന്നെ പുരുഷോത്തമൻ എന്നാണ്. താങ്കൾ ആൺകുട്ടിയാണെന്ന് സമ്മതിച്ചില്ലെങ്കിലും അദ്ദേഹം പുരുഷന്മാരിൽ ഉത്തമനായിട്ടുള്ള ആളാണ്. ഞാൻ അദ്ദേഹവുമായിട്ട് സംസാരിച്ചു. അവരുടെ സമരത്തെ ആധാരമാക്കി ചില കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായിട്ട് സംസാരിച്ചു. ഒരു എം.എൽ.എ. എന്ന നിലയ്ക്ക് എനിക്ക് അവരുടെ സമരത്തിൽ ഇടപെട്ടുകൂടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അവസാനം കുഴഞ്ഞു കിടക്കുമ്പോൾ ആരെങ്കിലും സഹായിക്കാൻ പോകേണ്ടേ എന്നു വിചാരിച്ചു ശ്രീ. എം. എം. ഹസ്സൻ പോയി ഉറപ്പു കൊടുത്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഞാൻ അങ്ങനെ ആർക്കും ഒരു ഉറപ്പുകൊടുത്തിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ അവർ സമരം തൽക്കാലം നിർത്തി. ഇപ്പോഴെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയണം, അവർക്ക് കൊടുത്ത ഉറപ്പെന്താണെന്ന്. നിയമസഭയിൽ മൂല്യവർദ്ധിത നികുതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ഘട്ടത്തിൽ അവർക്ക് കൊടുത്ത ഉറപ്പ് എന്താണ്? അതിന്റെ അടിസ്ഥാനത്തിലാണോ ഈ ഭേദഗതി വരുത്തുന്നതെന്ന് പറയണം.

ശ്രീ. ബിനോയ് വിശ്വം: സർ, ആ ഉറപ്പ് പാലിക്കപ്പെടുമോ? പാലിക്കാത്ത പക്ഷം അവർ വീണ്ടും സമരം ചെയ്യുമോ? അത് തീർക്കാൻ ശ്രീ. എം. എം. ഹസ്സൻ വീണ്ടും പോകുമോ എന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പത്രസമ്മേളനത്തിൽ പറഞ്ഞു, ഞാൻ ഹസ്സനുമായി സംസാരിച്ചു, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. അവർക്ക് ചില ഉറപ്പുകൾ നൽകിയത് ഉറപ്പു തന്നെയാണെന്ന് പറഞ്ഞിട്ടുണ്ട്. അത് അങ്ങേക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, യു.ഡി.എഫ്.-നകത്ത് മുഖ്യമന്ത്രിക്ക് ഒരു നയം, ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു നയം, ഹസ്സന് വേറൊരു നയം. ഓരോരുത്തർക്കും ഓരോ നയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഞാൻ ഉറപ്പു കൊടുത്തിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞു, ചില ഉറപ്പുകൾ കൊടുത്തിട്ടുണ്ട്. അതറിയാതെ ധനകാര്യ വകുപ്പുമന്ത്രിയെ ഇരുട്ടിൽ നിർത്തി ഇവിടെ വേറെ ആരോ ഭരിക്കുകയാണ്. ശ്രീ. എം. എം. ഹസ്സനും മുഖ്യമന്ത്രിയും കൂടിയാണെന്നാണ് പറയുന്നത്. ഇപ്പോൾ ഒരു ചെറിയ കിച്ചൺ ക്യാബിനറ്റ് നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അടുക്കള ഭരണം. അതിനകത്ത് ധനകാര്യ മന്ത്രി ഇല്ലേ? നമ്മുടെ മുഖ്യമന്ത്രിയുടെ വീട് ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുണ്ടെങ്കിലും ഇതിനകത്ത് മുഖ്യമന്ത്രിക്ക് പങ്കാളിത്തം ഇല്ലേയെന്ന് സംശയം തോന്നുന്ന വിധത്തിലുള്ള മറുപടിയാണ് ഇപ്പോൾ ശ്രീ. എം. എം. ഹസ്സൻ പറയുന്നത്. ആരാണ് ഉറപ്പുകൊടുത്തത്? ഈ വ്യാപാരി വ്യവസായി ഏകോപന സമിതി സമരം തീർക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി എന്ത് ഉറപ്പാണ് കൊടുത്തത്? ശ്രീ. എം. എം. ഹസ്സൻ എന്ത് ഉറപ്പാണ് കൊടുത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? ഇതൊക്കെ സഭയ്ക്ക് അറിയണം. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലൊരു ഭേദഗതിയുമായി ഈ സഭയെ സമീപിക്കുന്ന ഘട്ടത്തിൽ ഈ സഭയിൽ വ്യക്തമാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവരണം. ഇത്തരത്തിലുള്ള പുതിയ നികുതി അടിച്ചേൽപ്പിക്കുന്ന നിർദ്ദേശത്തോട് ഞങ്ങൾക്ക് ശക്തിയായിട്ട് വിയോജിക്കേണ്ടതായിട്ടുണ്ട്. ഞങ്ങൾ ഇവിടെ പറയുന്ന കാര്യങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ഒരു പരിധിവരെ ചില ആശ്വാസങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറായി. ബാക്കിയുള്ള മേഖലകളിൽ ഞങ്ങളുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തയ്യാറായില്ല. ഇത് സാധാരണക്കാരന് എതിരായ നിയമനിർമ്മാണമായതിനാൽ ഞങ്ങൾ ശക്തമായ എതിർപ്പു പ്രകടിപ്പിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ചത് ഞാൻ കുറേ പുതിയ നികുതികൾ ഇവിടെ കൊണ്ടു വന്നു എന്ന നിലയ്ക്കാണ്. ഞാൻ പുതിയതായി ഒന്നും കൊണ്ടുവന്നിട്ടില്ല. പണ്ടുണ്ടായിരുന്നതെല്ലാം ഒന്നുകിൽ എടുത്തുകളഞ്ഞു. അല്ലെങ്കിൽ കുറവുചെയ്തു. വളരെ കൂടുതൽ ഉണ്ടായിരുന്ന ടാക്സെല്ലാം കുറച്ചു. 20 ശതമാനം ഉണ്ടായിരുന്നത് പന്ത്രണ്ടര

LIBRARY ARCHIVES Kerala Legislative Assembly

ശതമാനമാക്കി. എട്ടു ശതമാനം 4 ശതമാനമാക്കി. പലതിനും ഞാൻ ടാക്സ് എടുത്തു കളഞ്ഞു. അതല്ലാതെ ഒന്നും കൂട്ടിയിട്ടില്ല. ഞാൻ എല്ലാറ്റിനും ടാക്സ് ചെയ്തു എന്നു പറയുന്നത് ശരിയല്ല. ബി.ജെ.പി. കൊണ്ടുവന്നു. നടപ്പിലാക്കിയില്ല എന്നു പറയുന്നതിൽ കാര്യമില്ല. ബി.ജെ.പി. സംസ്ഥാനങ്ങൾ ഇപ്പോൾ ഇതിലേക്ക് വരാൻ പോകുന്നു. മറ്റു സംസ്ഥാനങ്ങളിൽ ഇതൊരു വലിയ വിജയമാണെന്ന് കണ്ടപ്പോൾ, കഴിഞ്ഞ മാസം നടന്ന എംപവേഡ് കമ്മിറ്റിയിൽ രാജസ്ഥാനിലും ഗുജറാത്തിലുമുള്ള ഉദ്യോഗസ്ഥൻമാർ വന്നിരുന്നു. തമിഴ്നാട്ടിൽനിന്നും ഉദ്യോഗസ്ഥൻമാർ വന്നിരുന്നു. അവരെല്ലാമായിട്ട് ചർച്ച ചെയ്യുകയാണ്. ഇന്ത്യയിൽ മുഴുവനും തന്നെ ഇത് നടപ്പിലാക്കും. മാർക്സിസ്റ്റ് പാർട്ടിക്കുള്ളതുപോലെതന്നെ കോൺഗ്രസിനും ഒരു നയമുണ്ട്. കോൺഗ്രസിന്റെ നയം വാറ്റിൽ ചേരുക എന്നുള്ളതുതന്നെയാണ്. അതുകൊണ്ട് കേന്ദ്ര ഗവണ്മെന്റിന്റെ നയം അതുതന്നെയാണ്. പാർട്ടിയുടെ നയവും അതു തന്നെയാണ്. മിക്കവാറും എല്ലാ കോൺഗ്രസ് സ്റ്റേറ്റ്സും ഇതിൽ ചേർന്നിട്ടുണ്ട്. വെസ്റ്റ് ബംഗാളിൽ കോൺഗ്രസ് എതിർക്കുന്നു എന്നു പറഞ്ഞത് ശരിയല്ല. കോൺഗ്രസിന് ഒരു നയമുണ്ട്. പിന്നെ എങ്ങനെ വെസ്റ്റ് ബംഗാളിൽ എതിർക്കും? അവിടെ എതിർക്കില്ല. കാരണം പാർട്ടിക്ക് ഒരു നയമുണ്ട്. റവന്യൂ വരുമാനം കുറഞ്ഞു എന്നു പറഞ്ഞു. റവന്യൂ വരുമാനം കുറഞ്ഞിട്ടില്ല. കൂടുതലാണ്. ഈ വർഷവും കൂടുതലാണ്. അത് ഞാൻ നാളെ പറയും. നാളെ അങ്ങ് ഉന്നയിച്ചാൽ മതി. നാളെ സപ്ലിമെന്ററി ഡിമാന്റ് സാണല്ലോ? അപ്പോൾ ധനസ്ഥിതിയെക്കുറിച്ചും കടത്തെക്കുറിച്ചും പറയാം. ഇത് പാസ്സാക്കി തരണം. ....(ബഹളം).....എനിക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണനെ നല്ലതുപോലെ അറിയാം. അദ്ദേഹം ഒരു shrewd പൊളിറ്റീഷ്യനാണ്. എന്നെ പ്രകോപിപ്പിച്ചാൽ ഞാൻ വീഴില്ല. അതിനെക്കുറിച്ച് എനിക്ക് ഒന്നും പറയാനില്ല.

മി. സ്പീക്കർ :സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—33

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. „ പി. കെ. അബ്ദുറബ്ബ്
3. „ സി. ടി. അഹമ്മദ് അലി
4. „ എ. പി. അനിൽകുമാർ
5. „ ഇ. എം. അഗസ്തി
6. „ കെ. ബാബു
7. „ ബാബു ദിവാകരൻ
8. „ പി. കെ. കെ. ബാവ
9. „ കെ. എ. ചന്ദ്രൻ
10. „ ഡൊമിനിക് പ്രസന്റേഷൻ
11. „ ജോർജ് ജെ. മാത്യു
12. „ പ്രയാർ ഗോപാലകൃഷ്ണൻ
13. „ എം. എം. ഹസ്സൻ
14. „ കെ. സി. ജോസഫ്
15. „ പി. ജെ. ജോയി
16. „ എം. കെ. പോൾസൺ മാസ്റ്റർ
17. „ അടൂർ പ്രകാശ്
18. „ വക്കം പുരുഷോത്തമൻ
19. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. „ ടി. യു. രാധാകൃഷ്ണൻ
21. „ കെ. കെ. നായർ
22. „ ലൂഡി ലൂയിസ്
23. „ എ. കെ. മണി
24. „ ആര്യാടൻ മുഹമ്മദ്
25. „ സി. എഫ്. തോമസ്
26. „ തമ്പാനൂർ രവി
27. „ ടി. പി. എം. സാഹിർ
28. „ വി. ഡി. സതീശൻ
29. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
30. ശ്രീ. പി. ടി. തോമസ്
31. „ തോമസ് ചാഴികാടൻ
32. „ തോമസ് ഉണ്ണിയാടൻ
33. „ കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—20

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, ജോണി നെല്ലൂർ
12. ,, പി. ജയരാജൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, വി. കെ. സി. മമ്മത്കോയ
15. ,, കെ. പി. മോഹനൻ
16. ,, എം. പ്രകാശൻ മാസ്റ്റർ
17. ,, കെ. രാധാകൃഷ്ണൻ
18. ,, കെ. പി. രാജേന്ദ്രൻ
19. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
20. ശ്രീ. പി. എസ്. സുപാൽ

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 33

പ്രതികൂലിക്കുന്നവർ — 20

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

ബിൽ പാസ്സാക്കണമെന്ന് പ്രമേയം 20-നെതിരെ 33 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, അടുത്ത ബില്ലിന് ഒരു വേർഡ് മാത്രമേയുള്ളൂ. ദയവ് ചെയ്തു സഹകരിക്കണം. നിങ്ങൾ നല്ലതുപോലെ കോ-ഓപ്പറേറ്റ് ചെയ്തു. I am very thankful to you. നിങ്ങളുടെ ഇത്രയും സഹകരണം കൊണ്ടാണ് പാസ്സാക്കാനൊത്തത്. പക്ഷേ നിങ്ങൾ അടുത്ത ബില്ലിനുകൂടി സഹകരിക്കണം, അടുത്ത ബില്ലിന് ഒരു വാചകം മാത്രമേയുള്ളൂ. അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ എന്നുള്ളതിനുപകരം ഡെപ്യൂട്ടി കമ്മീഷണറുടെ ആഫീസ് എന്നു പേര് മാറ്റണമെന്നുള്ള ഒരു സെന്റൻസേയുള്ളൂ.

(6) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

ശ്രീ. വക്കം പുരുഷോത്തമൻ: ഇത് അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ പോസ്റ്റ് അബോളിഷ് ചെയ്തുകൊണ്ട് ഡെപ്യൂട്ടി കമ്മീഷണർ ആഫീസ് എന്നു ചേർക്കുന്ന പേര് വ്യത്യാസം മാത്രമേയുള്ളൂ. വേറെ യാതൊന്നും ഇല്ല.

മി. സ്പീക്കർ : ഇതിൽ ശ്രീ. പ്രകാശൻമാസ്റ്റർക്കും ശ്രീ. എ.കെ. ബാലനുമൊക്കെ ധാരാളം സംസാരിക്കാമെന്നറിയാം. നമ്മൾ സംസാരിച്ചു സംസാരിച്ച് തന്നെയാണ് ഇത്ര വൈകിച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു തട്ടുകടയിൽ ദോശ ചുടുന്നതിനു 4 മിനിറ്റെങ്കിലും വേണം. അത് ഒന്നുകോരി ഒഴിച്ച് ഒന്നു തിരിച്ചു മറിച്ച് ഇടുന്നതിനുള്ള സമയം വേണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ ഗ്യാസ് മിഠായി തിന്നുന്നതുപോലെ സാധനം ഇങ്ങോട്ട് കൊണ്ടുവന്നു ഇറക്കി തരുകയാണ്. ഇപ്പോൾ തന്നെ ഏറ്റവും അവസാനമായി പറഞ്ഞത് ഒരു വാക്ക് എന്നാണ്. ഒരു വാക്ക് മാറ്റിയാൽ മതി എന്നാണ്. സർ, എനിക്ക് ഇൻകം ടാക്സിനെക്കുറിച്ചൊന്നും അറിയാൻ പാടില്ലാത്ത ആളാണ്. ഇൻകംടാക്സിന്റെ റിട്ടേൺസ് കാണിച്ച് എന്നെ പലരും ഈ സഭയിൽ തന്നെ പേടിപ്പിക്കുന്നുമുണ്ട്. ഇൻകംടാക്സ് എന്താണെന്നോ

LIBRARY ARCHIVES Kerala Legislative Assembly